ആത്മാവിന്റെ ദർപ്പണം

എം കൃഷ്ണൻ നായർ



ആത്മാവിന്റെ ദർപ്പണം

എം കൃഷ്ണൻ നായർ
(മലയാളം: നിരൂപണം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Bush Landscape with Waterfall and an Aborigine Stalking Native Animals, New South Wales, a painting by John Skinner Prout (1805–1876). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

ആത്മാവിന്റെ ദർപ്പണം 4

സൗന്ദര്യത്തിന്റെ ചക്രവാളം ... 5

മാന്ത്രികശക്തിയാർന്ന നോവൽ 6

ഫ്ലക്കോയുടെ പെൻഡുലം 7

കറുത്ത മഴ..... 8

വാക്കുകൾ കേവലസത്യത്തിലേക്ക്..... 9

ഈ കലാകാരനെ മനസ്സിലാക്കുക 10

ധൈഷണിക ഭാവന ജയിക്കുന്നു 11

ഉന്നതശൃംഗങ്ങൾക്കൊപ്പം ഈ മനുഷ്യസ്നേഹി..... 12


പോയ്പോയത് വസന്തകാലം... 13

വമനേച്ഛയുടെ സംശോധിതരൂപം 14

അഗ്നി സദൃശങ്ങളായ കലാസൃഷ്ടികൾ..... 15


ആത്മാവിന്റെ ദർപ്പണം

സൗന്ദര്യത്തിന്റെ ചക്രവാളം




ബൊഹമിൽ ഹ്രാബാൽ

നാത്സികളുടെ ആക്രമണം ലോകരാഷ്ട്രങ്ങളെ ബാധിച്ച രോഗമായിരുന്നു. ആ മഹാരോഗം കണ്ടു ലോലഹൃദയമുള്ള കലാകാരന്മാർ പ്രതികരിച്ചു. ആ പ്രതികരണത്തിന്റെ ഫലമെന്നമട്ടിൽ നോവലുകളും കാവ്യങ്ങളും ചിത്രങ്ങളും ഉണ്ടായി. പലതും ഇന്നു വിസ്മരിക്കപ്പെട്ടിരിക്കുന്നു. കാരണം നാത്സിസം അന്തർദ്ധാനം ചെയ്തപ്പോൾ അതു പ്രതിഫലിപ്പിച്ച കലാസൃഷ്ടികളും അന്തർദ്ധാനം ചെയ്തു എന്നതാണ്. നാത്സിസം അതിന്റെ കാലയളവിൽ യാഥാതഥ്യമായിരുന്നു. ആ യാതാതഥ്യമില്ലാതെ ആയപ്പോൾ അതാവിഷ്കരിച്ച സൃഷ്ടികളും ഇല്ലാതെയായി. എങ്കിലും ചില ചിത്രങ്ങളും കാവ്യങ്ങളും നോവലുകളും ഇന്നും സഹൃദയരെ രസിപ്പിച്ചുകൊണ്ട് നിലനില്ക്കുന്നുണ്ട്. കലാസൃഷ്ടിയിൽ രണ്ടംശങ്ങളുണ്ട്. കാലികമായ അംശവും കലയുടെ അംശവും. രണ്ടാമത്തേത്, ആദ്യത്തേതിനെ സജീവമായി ജയിച്ചടക്കിയാൽ ആ സൃഷ്ടിക്കു മരണമില്ല. അങ്ങനെ സജീവമായി വർത്തിക്കുന്ന ഉത്കൃഷ്ടമായ നോവലാണ് ചെക്ക് സാഹിത്യകാരനായ ബൊഹമിൽ ഹ്രാബാലിന്റെ (Hrabal) Closely Watched Trains എന്നത് മറ്റൊരു മഹാനായ ചെക്ക് സാഹിത്യകാരൻ Joseph skvorecky എഴുതിയ അവതാരികയോടുകൂടി Edith prageter ഇംഗ്ലീഷിലേക്കു തർജ്ജമചെയ്തു പ്രസിദ്ധീകരിച്ച ഈ നോവൽ ഞാൻ കൗതുകത്തോടെ വായിച്ചു. അതിന്റെ മനോഹാരിതകണ്ട് രണ്ടു പരിവൃത്തികൂടി വായിച്ചു. രാഷ്ട്രാന്തരീയ പ്രശസ്തിയാർജ്ജിച്ച ചെക്ക് സാഹിത്യകാരൻ മീലാൻകുന്ദേര ഹ്രാബാലിനെക്കുറിച്ച് Our very best writer today എന്നു പറഞ്ഞത് ശരിയാണെന്നു തോന്നുകയും ചെയ്തു. വ്യക്തിനിഷ്ഠങ്ങളായ ഇഷ്ടാനിഷ്ടങ്ങൾ ആർക്കും കാണുമല്ലോ. നോബൽ സമ്മാനം ലഭിക്കാൻ യോഗ്യനെന്നു കരുതപ്പെടുന്ന കുന്ദേരയെക്കാൾ മഹാനായ നോവലിസ്റ്റാണ് ഹ്രാബാലെന്ന് ഞാൻ കരുതുന്നു.



Joseph skvorecky

കഥ പറയുന്ന ഹ്രമ ജർമ്മൻ സർക്കാരിന്റെ ആധിപത്യത്തിൽ അമർന്ന ചെക്കോസ്ലോവാക്യയിലെ ഒരു റെയ്ൽ റോഡ് സ്റ്റേഷനിലെ ജോലിക്കാരനാണ്. നോവലിന്റെ അവസാനത്തോട് അടുപ്പിച്ചു ധീരകൃത്യമനുഷ്ഠിച്ച അയാൾക്കു ധീരതയെ സംബന്ധിച്ച പാരമ്പര്യം തന്നെയുണ്ട്. ഹ്രമയുടെ പ്രപിതാമഹൻ 1830-ലാണ് ജനിച്ചത്. 1848-ൽ അയാൾ പട്ടാളത്തിലെ ഉദ്യോഗസ്ഥനായി. ജർമ്മൻ സൈന്യം അയാളുടെ നാട്ടിന്റെ അതിർത്തികടന്ന് പ്രാഗിലേയ്ക്കു നീങ്ങിയപ്പോൾ അവരെ നേരിടാൻ അയാൾ മാത്രമേ ഉണ്ടായിരുന്നുള്ളു. മാന്ത്രിക വിദ്യ അനുഷ്ഠിച്ചിരുന്ന അയാൾ മുന്നോട്ടു വന്ന ടാങ്കുകളുടെ നേർക്കുചെന്നു. കൈകൾ വിടർത്തി “തിരിയൂ. തിരിച്ചു പോകൂ” എന്ന ചിന്ത ജർമ്മൻ സൈന്യത്തിലേക്കു പ്രസരിപ്പിച്ചു കൊണ്ടാണ് അയാൾ ടാങ്കുകളുടെ നേരെ ചെന്നത്. അയാളെക്കണ്ട് ആദ്യത്തെ ടാങ്ക് നില്ക്കുകയും ചെയ്തു. സൈന്യമാകെ നിന്നു. ഹ്രമയുടെ പ്രപിതാമഹൻ മുന്നിലെ ടാങ്കിൽ തൊട്ടിട്ട് “തിരിയൂ, തിരിച്ചുപോകൂ” എന്ന അതേ വാക്കുകൾ ആവർത്തിച്ചു. ജർമ്മൻ സൈനികോദ്യോഗസ്ഥൻ ആജ്ഞ നൽകി. ടാങ്കുകൾ മുന്നോട്ടുവന്നു. അയാൾ പിന്തിരിഞ്ഞില്ല. ടാങ്കു കയറി അയാളുടെ തല ചതഞ്ഞരഞ്ഞു.



മീലാൻകുന്ദേര

അങ്ങനെ ചിലരുടെ ദൃഷ്ടിയിൽ മണ്ടനോ മറ്റു ചിലരുടെ ദൃഷ്ടിയിൽ ധീരനോ ആയിത്തീർന്നു ആ പ്രപിതാമഹൻ. അയാളുടെ പേരക്കുട്ടിയായ ഹ്രമ കണങ്കൈയിലെ ഞരമ്പുകൾ മുറിച്ചു രക്തമൊഴുക്കി ആതമഹത്യക്കു ശ്രമിച്ചു. രണ്ടു കത്തികളാണ് അയാൾ എടുത്തത്. ഒരു കത്തി സ്റ്റൂളിന്റെ വിടവിൽ വായ്ത്തല മുകളിലാക്കി തിരുകിവച്ചു എന്നിട്ട് വലതു കൈ കൊണ്ട് ഇടതു കണങ്കൈയിലെ ഞരമ്പുകൾ മുറിച്ചു. പിന്നീട് എല്ലാശക്തികളോടും കൂടി വലതു കൈ സ്റ്റൂളിൽ വച്ച കത്തിയിലേക്ക് താഴ്ത്തി. ചൂടുവെള്ളം വരുന്ന ടാപ്പിനു താഴെ രണ്ടു കണങ്കൈയും കാണിച്ചു. ആദ്യം വെള്ളത്തിന് റോസ് നിറം. അതിനുശേഷം അത് ചുവന്ന പെയിന്റ് പോലെയായി. അടുത്തെവിടെയോ ജോലി ചെയ്തിരുന്ന ഒരു കല്പണിക്കാരൻ തന്നെ ഉയർത്തിയെടുത്തതായി മാത്രം ഹ്രമയ്ക്കു ഓർമ്മയുണ്ട്. ചോരയുടെ ഈ ചെമന്ന നിറം കാണാൻ അയാൾക്കെന്തേ കൗതുകം. റെയിൽവേ ജോലിക്കാരനായ ഹ്രമയ്ക്കു മാഷ എന്ന പെൺകുട്ടിയോടൊരുമിച്ച് കമ്പിവേലി കെട്ടേണ്ടതായി വന്നു. അഞ്ചു മാസക്കാലം അവർ മുഖത്തോടുമുഖം നോക്കി നിന്നു വേലി കെട്ടി. അവർ അന്യോന്യം പറയാത്ത ഒരു കാര്യവുമില്ല. പക്ഷേ, അവരുടെ ഇടയ്ക്കു ആ വേലി എപ്പോഴുമുണ്ട്. ഒരു ദിവസം ചെമന്ന ചായമടിച്ച വേലിയുടെ ഇടയിലൂടെ അവർ ചുംബിച്ചു. അതു കഴിഞ്ഞപ്പോൾ മാഷയുടെ വായിൽ വേലിയിലെ ചായം. രണ്ടുപേരും ചിരിച്ചു. രണ്ടുപേരെയും അകറ്റി നിറുത്തുന്ന വേലി പോലെ ഒരു ശാരീരിക ദൗർബല്യം ഹ്രമയെ പ്രേമഭാജനത്തിൽ നിന്ന് അകറ്റി നിറുത്തി. വേഴ്ചയ്ക്കു കഴിയുകയില്ല ഹ്രമയ്ക്കു. ഞരമ്പുമുറിച്ച് വെള്ളം ചെമന്ന പെയിന്റ് പോലെയാക്കിയതിന്റെ മനഃശാസ്ത്രതത്ത്വം ഇപ്പോൾ വ്യക്തമായില്ലേ?

ഹ്രമ സ്റ്റേഷൻ മാസ്റ്ററുടെ ഭാര്യയുടെ അടുക്കലെത്തി പറഞ്ഞു: “I’ve come to ask you for your advice… The thing is, I’am a man, all right, but when I’ ve got to show that I’am, then again, all atonce I’ am not a man… According to the books I’ve got ejaculatio praecox, you know” താൻ പുരുഷനാണോ എന്ന് അവൾ പരിശോധിക്കണം എന്നാണ് ഹ്രമയുടെ അപേക്ഷ. ‘I, am abrady in the change’, എന്നു അവളുടെ മറുപടി.

ഹ്രമ പിന്നീട് ചെന്നത് വിക്ടോറിയ എന്ന യുവതിയുടെ അടുത്താണ്. അവളോട് അയാൾ പറഞ്ഞു: My name is Milos Hrama. You know, I slashed my veins because I’am supposed to be suffering from ejaculatio praecox, But it isn’t true. Oh, it’s true that I wilted like a lily with my girl, but between you and me I really am a man.”

ഹ്രമ പുരുഷൻ തന്നെയാണെന്നു വിക്ടോറിയ തെളിയിച്ചു. അങ്ങനെ ആത്മധീരനായി അയാൾ നടന്നു. തന്റെ പട്ടണത്തിലേക്കു വരുന്ന ജർമ്മൻ തീവണ്ടി—യുദ്ധോപകരണങ്ങൾ നിറച്ച തീവണ്ടി—അയാൾ ബോംബിട്ടു നശിപ്പിച്ചു, അതിനിടയിൽ അയാൾക്കു ഒരു ജർമ്മൻ ഭടനിൽ നിന്നു വെടിയേറ്റു. ഭടനെ അയാളും വെടിവച്ചു. ഹ്രമ അയാളെ കൈകൊണ്ടു പിടിച്ചു. നശിച്ച ജർമ്മൻ സൈന്യത്തെ തന്റെ നാട്ടിലേക്കു നയിച്ച ‘ചീഫി’ന്റെ വാക്കുകൾ ആ മൃതദേഹത്തിന്റെ കേൾക്കാൻ വയ്യാത്ത കാതുകളിൽ ഹ്രമ പറഞ്ഞു: “നീ ചന്തിയുറപ്പിച്ച വീട്ടിൽ ത്തന്നെ ഇരിക്കേണ്ടതായിരുന്നു”

ധ്വജഭംഗം ശാരീരികമായ ആഘാതത്തിന്റെ ഫലമാണെങ്കിലും പലപ്പോഴും മാനസികാഘാതത്തിന്റെ ഫലവുമാണ്. മാനസികമായി ഉത്തേജനം അനുഭവപ്പെട്ടുമെങ്കിലും ശരീരം അതനുസരിച്ച് പ്രവർത്തിക്കാതെയാവും. അതിനു കാരണം ‘ട്രോമ’ (trauma—വൈകാരികാഘാതം) തന്നെ. തന്റെ നാട്ടിനെ ജർമ്മൻ സർക്കാർ ആക്രമിച്ചു വശപ്പെടുത്തിയതിന്റെ ഫലമാവാം ഹ്രമയുടെ ധ്വജഭംഗം. സുപ്രധാനമായ മുഹൂർത്തത്തിൽ അയാൾ ലില്ലി പോലെ വാടുന്നു. തനിക്ക് യുദ്ധോപകരണങ്ങൾ നിറച്ച തീവണ്ടിയുടെ നടുവിലത്തെ ബോഗി ബോംബിട്ട് തകർക്കാനാവുമെന്ന് ഉറപ്പായപ്പോൾ അയാൾക്കു വിക്ടോറിയയുമായി വേഴ്ചയ്ക്കു കഴിയുന്നു. റിഫ്ളെക്സിനെ തടസപ്പെടുത്തിയിരുന്ന മാനസിക ഘടകങ്ങൾ മാറി എന്നർത്ഥം.

ഈ ദൗർബല്യം ഹ്രമയുടെ ദൗർബല്യം മാത്രമല്ല. അതു ചെക്കോസ്ളൊവാക്യയുടെ ആകെയുള്ള ധ്വജഭംഗമത്രേ. തന്റെ പുരുഷത്വത്തെ അതിനു മുൻപുണ്ടായിരുന്ന പാരതന്ത്ര്യത്തിൽ നിന്ന് ഇച്ഛാശക്തി കൊണ്ടു മോചിപ്പിച്ചതു പോലെ ചെക്കോസ്ലോവാക്യയും ദൗർബല്യത്തെ നിർമ്മാർജ്ജനം ചെയ്യണമെന്നാണ് ഹ്രാബാലിന്റെ അഭിപ്രായം. പിന്നെ ഓരോരുത്തരും സ്വന്തം നാട്ടിൽ തന്നെ‘ ചന്തിയുറപ്പിച്ച്’ ഇരുന്നാൽ യുദ്ധത്തിനിട വരില്ലെന്ന സമാധാന സന്ദേശം കൂടി അദ്ദേഹത്തിന് നല്കാനുണ്ട്.

സൗന്ദര്യാതിശയം കൊണ്ട് കണ്ണഞ്ചിപ്പിക്കുന്ന ആഖ്യാനമാണ് ഈ നോവലിനുള്ളതെന്ന് അവതാരികയിൽ പറഞ്ഞിട്ടുണ്ട്. അതു ശരിയാണു താനും. ചിലവീടുകൾ വെളിയിൽ നിന്നു നോക്കിയാൽ സുന്ദരങ്ങളായിരിക്കും. പക്ഷേ, അകത്തു കയറിയാൽ വൈരൂപ്യം. ബാഹ്യദർശത്തിനു വിരൂപങ്ങളായി തോന്നുന്ന ഭവനങ്ങൾ താമസിക്കാൻ സുഖപ്രദങ്ങളായിരിക്കും. ബാഹ്യദർശനത്തിനും ആന്തര സൗകര്യത്തിനും ഒരുപോലെ പ്രധാന്യമുള്ള വീടുകളുമുണ്ട്. അമ്മട്ടിൽ ഒരു ഭവനമാണ് ഹ്രാബാലിന്റെ ഈ നോവൽ. രമണീയങ്ങളായ വർണ്ണനകൾ സൂക്ഷ്മസൂക്ഷ്മങ്ങളായ മനഃശാസ്ത്രതത്ത്വങ്ങൾ ഉൾക്കൊള്ളുന്നു. അവ നമ്മളെ ആഹ്ലാദിപ്പിക്കും. വിസ്മയിപ്പിക്കും. ജർമ്മൻ ആക്രമണം ഒരു കാലത്തെ യാഥാർത്ഥ്യം. അത് ഇന്ന് സ്മരണ മാത്രം. ഹ്രാബാലിന്റെ നോവൽ ആ സ്മരണയെ പുനരുല്പാദിപ്പിച്ച് ഹിറ്റ്ലറുടെ നൃശംസതയുടെ തീക്ഷ്ണതയെ ആവിഷ്കരിക്കുന്നു. അങ്ങനെ കാലികമായ അംശവും സൗന്ദര്യപരമായ അംശവും സമതുലിതാവസ്ഥയിൽ ഇതിൽ പ്രശോഭിക്കുന്നു. ചെക്കോസ്ലൊവാക്യയിലെ മഹാനായ നോവലിസ്റ്റ് മാത്രമല്ല ഹ്രാബാൽ. അദ്ദേഹം വിശ്വസാഹിത്യത്തിലെ ഒരുജ്ജ്വല നക്ഷത്രമാണ്.

മാന്ത്രികശക്തിയാർന്ന നോവൽ

“മാന്ത്രികത്വമാർന്ന പ്രാഗിന്റെ ഏറ്റവും സത്യസന്ധമായ അവതാരങ്ങളിലൊന്ന്. അലങ്കാര വൈചിത്ര്യമാർന്ന ഭാവനയുടെയും ഭൗമമായ നർമ്മത്തിന്റെയും അവിശ്വസനീയമായ സങ്കലനം” ബൊഹുമിൽ ഹ്രാബാലിന്റെ I served the king of England എന്ന നോവലിനെക്കുറിച്ച് മീലാൻ കുന്ദേര പറഞ്ഞതാണിത്. ഈ വാക്കുകൾ നോവലിന്റെ കവർ പെയ്ജിൽ അച്ചടിച്ചിട്ടുണ്ട്. പുസ്തകം ചെലവാക്കാനുള്ള പ്രശംസോക്തിയായോ പ്രചാരണോപാധിയായോ ഈ പ്രസ്താവത്തെ കരുതേണ്ടതില്ല. നോവൽ വായിക്കൂ. കുന്ദേര സത്യമേ പറഞ്ഞിട്ടുള്ളൂ എന്നു സ്പഷ്ടമാകും. ഹ്രാബാലിന്റെ വിശ്വവിഖ്യാതമായ Closely Watched Trains എന്ന നോവലിനെ കലാസൗന്ദര്യം കൊണ്ടും ആർദ്രീകരണശക്തി കൊണ്ടും ഈ നോവൽ ബഹുദൂരം അതിശയിച്ചിരിക്കുന്നു.

ഹോട്ടൽ വെയിറ്ററായി ജീവിതമാരംഭിക്കുന്ന കഥാനായകൻ നോവലിന്റെ അവസാനത്തോട് അടുപ്പിച്ച് പറയുന്നു: “ബസ് വന്നപ്പോൾ അതിൽ കയറാനായി ഞാനതിന്റെ ആദ്യത്തെ പടിയിൽ കാലു വച്ചതേയുള്ളൂ. അപ്പോഴേക്കും റോഡിൽ നിന്നു കുതിര ഓടി എന്റെ അടുത്തേക്കു വന്നു. അതിന്റെ പിറകേ പട്ടിയുണ്ട്. പിന്നീട് കാലു് വലിച്ചിഴച്ചു നടന്നു കൊണ്ട് ആടും. ആ മൃഗങ്ങൾ എന്റെ നേർക്കു തന്നെ വന്ന് എന്നെ തുറിച്ചു നോക്കി. തങ്ങളെ വിട്ടു പോകരുതേ എന്ന് അവർ നിശബ്ദരായി അപേക്ഷിക്കുകയായിരുന്നു” സകല മാനുഷിക ബന്ധങ്ങളും നഷ്ടപ്പെട്ട അയാൾക്കു മൃഗങ്ങളുടെ സാമീപ്യവും വേണ്ട. പക്ഷേ, അവ അയാളെ ഉപേക്ഷിക്കാൻ കൂട്ടാക്കുന്നില്ല. എന്തുകൊണ്ട് ആ മനുഷ്യന് ഈ ദുർഗതി വന്നു? എന്തുകൊണ്ട് അയാൾ ഒറ്റപ്പെടലിന് വിധേയനായി? അതിനുള്ള കലാപരമായ ഉത്തരമാണ് ഈ നോവൽ. മനുഷ്യന്റെ ഏകാന്തതയേയും ഒറ്റപ്പെടലിനേയും പലതരത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട് തത്ത്വചിന്തകർ. അസ്തിത്ത്വവാദികളുടെ വ്യാഖ്യാനം പ്രസിദ്ധമാണ്. ഓരോ മനുഷ്യനും സന്ത്രാസത്തിന് (dread) വിധേയനാണെന്നു അവർ കരുതുന്നു. വസ്തുവിനേയോ വ്യക്തിയേയോ ആശ്രയിച്ചല്ല ഇതിന്റെ ഉദ്ഭവം. മദം പൊട്ടിയ ആന നമ്മുടെ നേർക്ക് ഓടി വന്നാൽ നമ്മൾ ഭയപ്പെടും. ആ പേടി ആനയെ അവലംബിച്ചിട്ടുള്ളതാണ്. പക്ഷേ, അസ്തിത്വവാദികളുടെ സന്ത്രാസം ജീവിതത്തിന്റെ ശൂന്യത കണ്ടിട്ട് ഉണ്ടാകുന്നതാണ്. വ്യക്തി സർവാധിപതിയായിരിക്കാം. രാജാവായിരിക്കാം, ഡോക്ടറായിരിക്കാം, യാചകനായിരിക്കാം. ആരായാലും സന്ത്രാസത്തിനു വിധേയനായത്രേ. ജീവിതത്തിന്റെ ശൂന്യതയും മരണത്തിന്റെ അനിവാര്യതയും കണ്ടുണ്ടാകുന്ന ഈ വികാരമാണ് അവന് ഒറ്റപ്പെടലിന്റെ ബോധം ഉളവാക്കുക.

ഈ നോവലിലെ നായകൻ (അയാളെ ആന്റി ഹീറോ എന്നു വിളിക്കുന്നതാണ് ശരി) അസ്തിത്വവാദിയല്ല. ആ തത്ത്വചിന്ത പ്രഖ്യാപിക്കുന്ന അന്യനല്ല (outsider) എങ്കിലും അയാൾ സകല മനുഷ്യബന്ധങ്ങളും വിച്ഛേദിച്ച് അന്യനായി കഴിയുന്നവനാണ്. അയാളുടെ ഈ ഒറ്റപ്പെടലിന്റെ തോന്നൽ സ്വന്തം നാടായ ചെക്കോസ്ലോവാക്യയെ നാത്സികൾ ആക്രമിച്ചു കീഴടക്കിയതിൽ നിന്ന് ഉണ്ടായതാണ്. ജർമ്മൻ ഭാഷ സംസാരിക്കുന്ന ജനത ഏറെയുള്ള സൂഡറ്റൻലാൻഡ് ചെക്കോസ്ലോവാക്യയുടെ ഭാഗമായിരുന്നെങ്കിലും ഹിറ്റ്ലർ അതാക്രമിച്ചു കൈവശപ്പെടുത്തി. അതിനു ശേഷം അയാൾ ചെക്കോസ്ലൊവാക്യയുടെ മറ്റു ഭാഗങ്ങളും ആക്രമിച്ച് കീഴടക്കി. സൂഡറ്റൻ ലാൻഡിന്റെ ആക്രമണം 1938-ലായിരുന്നു. ഈ വർഷത്തിന് തൊട്ടു മുൻപാണ് നോവലിലെ കഥ തുടങ്ങുന്നത്. ചെക്കോസ്ലൊവാക്യ അനുഭവിച്ച യാതനകളെ ഹ്രാബാൽ തന്റെ ആന്റി ഹീറോയിലൂടെ ആവിഷ്കരിക്കുന്നു. അയാൾ പല ഹോട്ടലുകളിലും വെയ്റ്ററായും ഹെഡ് വെയ്റ്ററായും സേവനമനുഷ്ഠിച്ചു. എത്യോപ്യൻ ചക്രവർത്തി ഹൈലി സെലസി സന്ദർസനം നടത്തിയപ്പോൾ സേവനത്തിന്റെ വൈശിഷ്ട്യം കൊണ്ട് അദ്ദേഹത്തിന്റെ ആദരാഭിനന്ദനങ്ങൾക്ക് അയാൾ പാത്രമായി. ഹെഡ് വെയ്റ്റർക്ക് കിട്ടേണ്ട മെഡൽ എത്യോപ്യൻ ചാൻസലർ നമ്മുടെ ആന്റി ഹീറോക്കാണ് നല്കിയത്.

അങ്ങനെ കഴിഞ്ഞു വരുമ്പോൾ അയാൾ ലീസേ എന്ന ജർമ്മൻ തരുണിയിൽ അനുരക്തനായി. അവർക്കു ദമ്പതികളാകണം. പക്ഷേ, ഒരു ചെക്കോസ്ലൊവാക്യൻ പൗരൻ ജർമ്മൻകാരിയെ വിവാഹം കഴിക്കാൻ അത്ര എളുപ്പത്തിൽ ജർമ്മൻ സർക്കാർ അനുവദിക്കില്ല. അയാളുടെ ചെക്കൊസ്ലൊവാക്യൻ ബീജം അവളുടെ ജർമ്മൻ ഗർഭാശയത്തിൽ പ്രവേശിക്കാൻ യോഗ്യമാണോ എന്ന് പരിശോധിക്കണം. പരിശോധനയ്ക്കു ശേഷം ‘ഡിഫെൻസ് ഓഫ് ജർമ്മൻ ഓണർ ആൻഡ് ബ്ലഡ്’ അയാൾക്കു വിവാഹ ലൈസൻസ് നല്കി. എത്ര റബർ സ്റ്റാമ്പുകളുടെ ശക്തിയാർന്ന അഭിമർദ്ദത്തിനു ശേഷമാണ് ആ ലൈസൻസ് അയാൾക്കു കിട്ടിയത്! അതേ റബർസ്റ്റാമ്പ് അഭിമർദ്ദങ്ങൾ കൊണ്ട് അനേകം ചെക്കോസ്ലൊവാക്യൻ ദേശസ്നേഹികൾ വധിക്കപ്പെടുകയും ചെയ്തു. ഹോട്ടൽ വെയ്റ്റർ ഒരു നൂതന ശിശുവിനെ (New child) ജനിപ്പിച്ചു. ആ ശിശുവാകട്ടെ മാനസിക ശക്തി ക്ഷയിച്ചവൻ, അവന്റെ ജോലി, കാണുന്നിടത്തൊക്കെ ആണിയടിച്ചു കയറ്റുക എന്നതുമാത്രം. അച്ഛൻ അവനു മൂന്നു കിലോ ഇരുമ്പാണി വാങ്ങിക്കൊടുത്തു. അടുക്കളയിലെ തറയിലും മുകളിലത്തെ നിലയിലെ മുറികളിലും അവൻ ആണിയടിച്ചു കയറ്റി.

ജർമ്മൻ സൈനികോദ്യോഗസ്ഥൻ ഭൂമിയിലേക്കു ബോംബുകൾ നിക്ഷേപിച്ചതു പോലെ ശിശു ആണികൾ തറച്ചു കയറ്റി. വെയ്റ്റർക്ക് അഭിമാനം. സംസാരിക്കാൻ പോലും പഠിച്ചിട്ടില്ലാത്ത ആ ശിശുവിന്റെ വലതു കൈ ശക്തിയാർന്നതാണല്ലോ. അതിൽ ചുറ്റികയുണ്ടല്ലോ.

വെയ്റ്റർ ഒരു തെറ്റിദ്ധാരണയുടെ പേരിൽ ശത്രുക്കളാൽ അറസ്റ്റു ചെയ്യപ്പെട്ടു. കാരാഗൃഹത്തിൽ നിന്നു മോചനം നേടിയെങ്കിലും അയാൾക്കു ജോലി നഷ്ടപ്പെട്ടു. വെറും സംശയം മതി; ജോലി പോകും. പക്ഷേ, ഒരു കണക്കിൽ അയാൾ സമ്പന്നനാണ്. ലിസേ അയാൾക്കു ചില പോസ്റ്റേജ്സ്റ്റാമ്പുകൾ കൊടുത്തിട്ടുണ്ട്. റദ്ദ് ചെയ്ത് ആ പഴയ സ്റ്റാമ്പുകൾ വിറ്റാൽ അയാൾക്കു കോടീശ്വരനായി മാറാം. അവളുടെ ഹോട്ടൽ ശത്രുക്കൾ ബോംബിട്ടു തകർത്തു. ലിസേയെ കാണാനില്ല. കൊച്ചുമകന് അഞ്ചു കിലോ ഇരുമ്പാണി നല്കിയിട്ട് അയാൾ ഭാര്യയെ അന്വേഷിച്ചു തുടങ്ങി. അവൻ ആണികൾ ശബ്ദത്തോടെ തറയിൽ അടിച്ചു കയറ്റുമ്പോൾ അയാൾ ഭാര്യയെ അന്വേഷിക്കുകയാണ്. അന്വേഷണം ആരംഭിച്ചതിന്റെ മൂന്നാമത്തെ ദിവസം അയാൾ അവളുടെ ഷൂസ് കണ്ടു. തകർന്ന കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ മൃതദേഹം കിടക്കുന്നുണ്ട്. സ്റ്റാമ്പുകൾ വച്ച കൊച്ചു പെട്ടി നഷ്ടപ്പെടാതിരിക്കാൻ വേണ്ടി അവൾ പന്തു പോലെ ചുരുണ്ടു കിടക്കുകയായിരുന്നു. പെട്ടി ഒളിച്ചു വച്ചിട്ട് അയാൾ മൃതദേഹത്തിൽ നിന്ന് അവശിഷ്ടങ്ങൾ മാറ്റി. അതിനു തലയില്ല. ബോംബ് പൊട്ടിയപ്പോൾ അതു ദൂരെയെവിടെയോ തെറിച്ചു പോയതാവാം. മുറ്റം മുഴുവൻ അയാൾ കുഴിച്ചു നോക്കിയിട്ടും തല കിട്ടിയില്ല. കഴുത്തിന്റെ ഭാഗത്ത് ഒരു തുണി കെട്ടി മറച്ചു ശവം കുഴിച്ചിട്ടു. ചെറിയ പെട്ടി കൈയിലെടുത്തു കൊണ്ട് അയാൾ ആരോടും യാത്ര പറയാതെ നടന്നു. അന്നു വൈകുന്നേരം മാനസിക ശക്തി കുറഞ്ഞ കുട്ടികളെ സംരക്ഷിക്കുന്ന സംഘടന അയാളുടെ മകനു വേണ്ടി വന്നെത്തും. നടക്കുന്ന അയാൾക്കു പിറകിൽ ചുറ്റിക അടിക്കുന്നതിന്റെ ശബ്ദം കുറഞ്ഞു കുറഞ്ഞു വന്നു. ജീവിതത്തിന്റെ ശേഷം ഭാഗം മുഴുവനും അയാൾ ആ ശബ്ദം കേൾക്കും.

സ്റ്റാമ്പുകൾ വിറ്റ് അയാൾ നാല്പതു മുറികളുള്ള ഒരു ഹോട്ടൽ വാങ്ങി അതിന്റെ ഉടമസ്ഥനായി വിരാജിച്ചു. പക്ഷേ, ശത്രുക്കൾ കോടീശ്വരന്മാരെ വേട്ടയാടുന്ന കാലം വന്നു. അയാൾ കാരാഗൃഹത്തിൽ കുറേക്കാലം കിടന്നു. മോചനത്തിനു ശേഷം നാട്ടിലേക്കു വന്നപ്പോൾ കദന കഥകളേയുള്ളൂ എങ്ങും വിശപ്പു മാറ്റാൻ ആടിനേയും പട്ടിയേയും പൂച്ചയേയും തിന്നവരാണ് ചെക്കോസ്ലൊവാക്യൻ ജനത.

അയാൾക്ക് ഇനി എന്തു ചെയ്യാൻ കഴിയും? കുതിരയോടും പട്ടിയോടും പൂച്ചയോടും ആടിനോടും സംസാരിക്കാം. ജീവിതത്തിൽ അടിസ്ഥാനപരമായി എന്തുണ്ട്? മരണം വരുമ്പോൾ നമ്മൾ എങ്ങനെ പെരുമാറും? മരണത്തോടു എന്തു ചോദിക്കും? അപരിമേയത്വവും ശാശ്വതികത്വവും തമ്മിലുള്ള സംഭാഷണമാണ് മരണം. എവിടെ സംസ്കരിക്കപ്പെടാനാണ് ആഗ്രഹമെന്ന് അയാൾ ഓരോ വ്യക്തിയോടും ചോദിച്ചു പരിഹാസപാത്രമായി. തന്നെ ആ കൊച്ചു കുന്നിന്റെ മുകളിൽ സംസ്കരിക്കണമെന്നാണ് അയാളുടെ ആഗ്രഹം. അപ്പോൾ മൃതദേഹം ചീഞ്ഞളിയുമ്പോൾ പകുതി ഭാഗം പ്രവാഹങ്ങളിലൂടെ ബൊഹിമിയയിലേക്കു ചെല്ലും. പകുതി മറ്റു പ്രവാഹങ്ങളിലൂടെ ഡന്യൂബ് നദിയിൽ ഒഴുകിച്ചേരും. മരണത്തിനു ശേഷമെങ്കിലും തനിക്കു വിശ്വപൗരനായി മാറണമെന്നാണ് അയാളുടെ അഭിലാഷം.

അയാൾ പോകാൻ ഭാവിച്ചപ്പോഴാണ് ആദ്യം പറഞ്ഞ പോലെ മൃഗങ്ങളുടെ ആഗമനം. എത്യോപ്യൻ ചക്രവർത്തിയുടെ കൈയിൽ നിന്നു കീർത്തി മുദ്ര വാങ്ങിയ ആളാണ് അയാൾ. ആ കീർത്തി മുദ്രയുടെ ശക്തി കൊണ്ടാണ് അവിശ്വാസ്യമായ കഥ സത്യാത്മകമായി പരിണമിച്ചതിനെ അയാൾക്ക് ആഖ്യാനം ചെയ്യാൻ കഴിഞ്ഞത്.

ഒരു വലിയ സമൂഹത്തെ മൃഗങ്ങൾക്കോ വസ്തുക്കൾക്കോ സദൃശ്യമായി കൊന്നൊടുക്കുന്ന ക്രൂരതയാണല്ലോ ഹിറ്റ്ലറും അയാളുടെ അനുചരന്മാരും പ്രദർശിപ്പിച്ചത്. നിഗ്രഹിക്കാത്തവരെ മൃഗങ്ങളായും വസ്തുക്കളായും കരുതി. അങ്ങനെ അവരുടെ മനുഷ്യത്വത്തെ നശിപ്പിക്കുമ്പോൾ അവർക്ക് ഒറ്റപ്പെടലിന്റെ തോന്നലുണ്ടാകുന്നു. ഹിറ്റ്ലർ അന്ധമായ വെറുപ്പു കൊണ്ടും സാമ്രാജ്യ വികസനാഭിലാഷം കൊണ്ടുമാണ് ചെക്കോസ്ലൊവാക്യയെ കീഴടക്കിയത്. ജൂതന്മാരെ നശിപ്പിച്ചത് മറ്റൊരു കാരണം പറഞ്ഞാണ്. ഇങ്ങനെ മനുഷ്യന്റെ വ്യക്തിത്വം അയാൾ ഹനിച്ചുകളഞ്ഞു. ഈ ‘ഡീഹ്യൂമനൈസേഷൻ’ അതിന്റെ പരകോടിയിൽ കാണുന്നത് ഹ്രാബാലിന്റെ ഈ നോവലിലാണ്. പക്ഷേ, ഒരിടത്തും അദ്ദേഹം നാത്സികളെ നിന്ദിക്കുന്നില്ല. പ്രത്യക്ഷമായോ, പരോക്ഷമായോ നിന്ദനമില്ല. കലാകാരനു ഉണ്ടായിരിക്കേണ്ട നിസ്സംഗതയോടെ അദ്ദേഹം കഥ പറയുന്നു. വായിച്ചു കഴിയുമ്പോൾ അക്കഥ ചെക്കോസ്ലൊവാക്യയിലെ ജനങ്ങളുടെ കഥ മാത്രമല്ല സമഗ്രാധിപത്യം നശിപ്പിക്കുന്ന ഏതു രാഷ്ട്രത്തിലെയും ജനതയുടെ കഥയാണെന്നു നമുക്ക് തോന്നുന്നു.


ഹിറ്റ്ലറുടെയും അയാളുടെ അനുചരൻമാരായ നാത്സികളുടെയും പ്രവർത്തനങ്ങൾ നമുക്കു നൃശംസതയായി തോന്നുന്നുവെങ്കിലും അവരുടെ വിചാരം അതായിരുന്നില്ല. ആ ഫാസിസം ഒരധ്യാത്മിക വിപ്ലവമാണെന്നാണ് അവർ കരുതിയത്. സന്മാർഗ്ഗ സംഹിതയിലും മനുഷ്യാത്മാവിലും വരേണ്ട വിപ്ലവമായി അതിനെ അവർ കണ്ടു. സാകല്യാവസ്ഥയിലുള്ള, സമഗ്ര സ്വഭാവമാർന്ന വിപ്ലവമാണ് അതെന്ന് വാദിക്കപ്പെട്ടു. ഒരു ‘നൂതന മനുഷ്യ’ന്റെ ആവിർഭാവമാണ്, അവർ സങ്കൽപിച്ചത്. ഹ്രാബാലിന്റെ പ്രയോഗം ശ്രദ്ധിച്ചാലും. വെയ്റ്ററെക്കൊണ്ടാണ് അദ്ദേഹം അതു പറയിക്കുന്നത്. “And all this so I could a be get a beautiful New Child” ഈ പുതിയശിശു—ആര്യസമുദായത്തിന്റെ ഉത്കൃഷ്ടതയുടെ ഫലമായ ശിശു—ദുർഭഗസന്തതിയായി മാറി. ദുർബലമനസാണ് അതിനുള്ളത്. അത് ചികിത്സിക്കേണ്ട രോഗവും. ജർമ്മനിയുടെയും ചെക്കോസ്ളോവാക്യയുടെയും സങ്കലനം നിന്ദാർഹമാണെന്ന് ഹ്രാബാൽ പ്രത്യക്ഷമായും പരോക്ഷമായും പ്രസ്താവിക്കുന്നു.

ഹ്രാബാലിന്റെ നോവലിലെ സ്ഥിതിഗതികളല്ല ഇന്നു ചെക്കോസ്ലൊവാക്യയിലുള്ളത്. എങ്കിലും ആ സ്ഥിതിവിശേഷങ്ങളും സാമൂഹികാവസ്ഥകളും സജീവങ്ങളായിനമുക്കു അനുഭവപ്പെടുന്നു. അവ നമ്മളെ ‘ഹോൺട്’ ചെയ്യുന്നു. ഏതു സമഗ്രാധിപത്യത്തെയും ചെറുക്കാനുള്ള മാനസികനില നമുക്ക് അതു സംജാതമാകുന്നു. കലയുടെ ശക്തി എന്നേ പറയാനുള്ളൂ.

ഫൂക്കോയുടെ പെൻഡുലം


ഷാങ്ങ് ബർനാർ ലേയോങ്ങ് ഫൂക്കോ

ഫ്രഞ്ച് ഭൗതിക ശാസ്ത്രജ്ഞൻ ഷാങ്ങ് ബർനാർ ലേയോങ്ങ് ഫൂക്കോ (Jean Bernard, Leon Foucault, 1819–1869) 1851-ൽ രണ്ടടി വ്യാസവും 62 പൗണ്ട് ഭാരവുമുള്ള ഒരു ഇരുമ്പു ഗോളം 200 അടി നീളമുള്ള ഉരുക്കു കമ്പിയുടെ അറ്റത്തു കെട്ടി ഒരു വലിയ പള്ളിയിൽ തൂക്കി. ഈ പെൻഡുലത്തിന്റെ അറ്റത്തു് ഒരാണിയുണ്ട്. ഭൂമിയിൽ തൊടാതെയാണ് അതിന്റെ സ്ഥിതിയെങ്കിലും താഴെ വിതറിയ മണലിൽ അത് അടയാളം രേഖപ്പെടുത്തും. പെൻഡുലം ഒരു തലത്തിൽത്തന്നെ ചലനം കൊള്ളും. പക്ഷേ, ഭൂമി കറങ്ങുന്നതു കൊണ്ട് അതിന്റെ അഭിവിന്യാസത്തിന് (Orientation) മാറ്റം വരും. പെൻഡുലം വടക്കേ ധ്രുവത്തിലായിരുന്നെങ്കിൽ ഇരുപത്തിനാലു മണിക്കൂറിൽ ഒരു വൃത്തമാരചിച്ച് അതിന്റെ തലത്തിനു മാറ്റം വരുത്തിയെന്ന തോന്നമായിരുന്നു. പാരീസിന്റെ ലാറ്റിറ്റ്യൂഡിൽ (latitude—ഭൂമദ്ധ്യരേഖയിൽ നിന്നു തെക്കോട്ടു വടക്കോട്ടുള്ള ദൂരം ഡിഗ്രിയായി) അത് 31 മണിക്കൂറും 47 മിനിറ്റും കൊണ്ട് മാറ്റം (അസിമോവിനോടു കടപ്പാടുണ്ട് ഈ വിവരണത്തിന്). പാരീസിൽ ഇന്നുമുള്ള ഈ പെൻഡുലത്തെ അവലംബിച്ചു കൊണ്ട് ചിന്തകളും ദാർശനികനും സാഹിത്യകാരനുമായ ഉമ്പർടോ എകോ എഴുതിയ അന്യാദൃശമായ നോവലാണ് ‘ഫൂക്കോയുടെ പെൻഡുലം’ (Foucault's Pendulum). The Name of the Rose എന്ന നോവലിന്റെ രചനയോടു കൂടി മഹായശസ്കനായിത്തീർന്ന ഈ ഇറ്റാലിയൻ സാഹിത്യകാരന്റെ ഈ പുതിയ നോവലിൽ മനുഷ്യ ധിക്ഷണയ്ക്ക് എത്രത്തോളം ഉയരാമെന്നതിനു നിദർശകമാണ്.


ഉമ്പർടോ എകോ

ഈ പെൻഡുലത്തോടു മൂന്നപേർ ബന്ധപ്പെടുന്നതിന്റെ ഫലമായ ദുരന്തമായ നോവലിന്റെ പ്രധാനപ്പെട്ട വിഷയം. മിലാനിലെ ഒരു പ്രസാധക സംഘത്തിലെ അംഗങ്ങളാണ് ഡിയോടല്ലവിയും ബെൽബോയും കസോബെനും. ഒരു രഹസ്യ ഭൂപടം ഫൂക്കോയുടെ പെൻഡുലത്തിന്റെ താഴെ വച്ചാൽ പ്രാചീന കാലത്തു് നൈറ്റ്സ് ടെംപ്ലർസ് സങ്കല്പിച്ച രഹസ്യമെന്തെന്നു കണ്ടുപിടിക്കാമെന്ന് ആ മൂന്നു പേരും വിചാരിച്ചു. കരിശു യുദ്ധങ്ങൾ നടക്കുന്ന കാലത്താണ് ഈ സംഘടന—Knights Templars—രൂപീകരിക്കപ്പെട്ടതു്. തീർത്ഥാടകരെ സംരക്ഷിക്കാൻ വേണ്ടി രൂപം കൊണ്ട അതിനു ആദ്യകാലത്തു് സൈനിക പ്രവർത്തനങ്ങളാണ് ഉണ്ടായിരുന്നതു്. എസ്റ്റേറ്റുകളും മറ്റു സമ്പത്തുകളും സമ്മാനങ്ങളായി നേടിയ ഈ സംഘം ക്രമേണ പ്രബലമായിത്തീർന്നു. ജറൂസലമായിരുന്നു അവരുടെ ആസ്ഥാനം. കാലം കഴിഞ്ഞു. ഷാക്ക് ദ മൊലേ (Jacques de Molay, 1243–1314) ആ സംഘടനയുടെ അധീശനായി. ഫ്രാൻസിലെ രാജാവായിരുന്ന ഫിലിപ്പ് നാലാമൻ നൈറ്റ്സ് ടെംപ്ലർസിന്റെ സമ്പത്തിലും ശക്തിയിലും അസൂയാലുവായി. 1307-ൽ ഫ്രാൻസിലെ എല്ലാ ടെംപ്ലർസിനെയും അദ്ദേഹം അറസ്റ്റു ചെയ്തു ഇൻക്വിസിഷൻ കോടതിയുടെ മുൻപിൽ കൊണ്ടുവന്നു. വിസ്താരത്തിനു ശേഷം മൊലേയെയും മറ്റു ടെംപ്ലർസിനെയും കുറ്റിയിൽ കെട്ടി എരിച്ചു കൊന്നു. സ്വവർഗ്ഗാനുരാഗമാണ് രാജാവ് അവരിൽ അയഥാർത്ഥമായി ആരോപിച്ച കുറ്റം. പ്രപഞ്ചത്തിന്റെ അയസ്കാന്ത പ്രവാഹങ്ങളെ നിയന്ത്രിച്ച് ലോകത്തെ കീഴടക്കാനുള്ള ഒരു പദ്ധതി ടെംപ്ലർസിന് ഉണ്ടായിരുന്നു പോലും. ഭൂപടം ഫൂക്കോയുടെ പെൻഡുലത്തിന്റെ താഴെ വച്ച് ആ പദ്ധതി മനസ്സിലാക്കാനായിരുന്നു മൂന്ന് പേരുടെയും യത്നം. അപ്പോഴേക്കും ചില മതഭ്രാന്തന്മാർ അവരെ സമീപിക്കുന്നു. ടെംപ്ലർസിന്റെ രഹസ്യമറിയാനായി. അതറിയിച്ചില്ലെങ്കിൽ അവരെ മൂന്നു പേരെയും കൊന്നുകളയുമെന്നും അവർ ഭീഷണി മുഴക്കി.

മൂന്നു പേരിൽ പ്രായം കൂടിയവൻ ഡിയോടല്ലാവിയാണ്. നിയമസംഹിതയായ തോറയിലെ (Torah) വാക്കുകൾ വിനിമയം ചെയ്തു് (permutation) പരമസത്യത്തിലെത്താമെന്ന് അയാൾ വിചാരിച്ചു. “My dear friend” Diotallevi said: “You will never understand anything. It's true that the Torah—the visible Torah, that is—is only one of the possible permutations of the letters of the eternal Torah as God created it and delivered it to the angels” (Page 33, Picador Book). വാക്കുകളുടെ പെർമ്യൂട്ടേഷൻ കേവല സത്യത്തിൽ എത്തിക്കുന്നതു പോലെ അയാളുടെ ശരീരത്തിലെ സെല്ലുകൾ പെർമ്യൂട്ടേഷൻ നടത്തുകയാണ്. ആ അനിയത പ്രവർത്തനം തന്നെയാണ് അർബ്ബുദം. അങ്ങനെ ആയാളെന്തിന് അർബ്ബുദരോഗിയായി. ഉമ്പർടോ ഏകോ അതിനു സമാധാനം നല്കുന്നില്ല.

രോഗം മൂർദ്ധന്യാവസ്ഥയിലെത്തിയപ്പോൾ ഡിയോടല്ലവിയുടെ തലയിൽ ഒരു രോമവുമില്ല. പുരികങ്ങളോ കൺപീലികളോ ഇല്ല. അദ്ഭുതപ്പെടാനില്ല. തോറ പോലെയാണ് മനുഷ്യ ശരീരം. തോറയ്ക്കു മാറ്റം വരുത്തിയാൽ ലോകത്തിനു മാറ്റം വരുത്തുകയായിരിക്കും. ലോകത്തിനു മാറ്റം വരുത്തിയാൽ ശരീരത്തിനു മാറ്റം വരുത്തുകയായിരിക്കും. (If you alter the Book, you alter the world, if you alter the world, you alter the body, page 566.) ടെംപ്ലർസിന്റെ പദ്ധതി സ്വന്തം ശരീരത്തിൽ തന്നെ കണ്ട അയാൾ ദുരന്തത്തിലായി. ഈ ദുരന്തം തന്നെ വ്യത്യസ്തങ്ങളായ രീതിയിൽ മറ്റു രണ്ടു പേർക്കുമുണ്ടായി. യുക്തിയില്ലൂടെയുള്ള പ്രപഞ്ച വ്യാഖ്യാനം അസംബന്ധമാണെന്നാവാം എകോ കരുതുന്നതു്. നൈറ്റ്സ് ടെംപ്ലർസിന്റെ രഹസ്യ പദ്ധതികൾ പോലെയുള്ള പദ്ധതികളാണ് ലോകമാകെയുള്ളതെന്നും അദ്ദേഹം വിചാരിക്കുന്നുണ്ടാവാം. നാത്സിസത്തിന്റെ ഉദ്ഘോഷകനായ ഹിറ്റ്ലറും വേറൊരു ടെംപ്ലർ അല്ലേ? അതേ. ഒരു പ്രധാന കഥാപാത്രം പ്രപഞ്ചനിയമം തന്റെ അർബ്ബുദത്തിൽ കണ്ടു. നിയമത്തിലൂടെ പ്രപഞ്ചരഹസ്യങ്ങൾ അനാവരണം ചെയ്യു. അതു് അർബ്ബുദമായി പര്യവസാനിക്കും. ലോകം തന്നെ വലിയ ഒരു അർബ്ബുദമത്രേ. ആളുകൾക്ക് എപ്പോഴും പദ്ധതികൾ വേണം. ഒരു പദ്ധതി അവർക്കു കാണിച്ചു കൊടുത്താൽ ചെന്നായ്ക്കളെപ്പോലെ അവർ അതിൽ ചാടി വീഴും. നിങ്ങൾ ഒരു പദ്ധതി കണ്ടുപിടിക്കൂ. അവരതു വിശ്വസിക്കും (പുറം 618).

പെൻഡുലം പോലും ഒരു വ്യാജപ്രവാചകനല്ലെ? പ്രപഞ്ചത്തിലെ ഒരേയൊരു ബിന്ദുവിൽ നിന്നാണ് അതു തൂങ്ങുന്നതെന്നു തോന്നും. പക്ഷേ, പള്ളിയിൽ നിന്ന് ഫൂക്കോയുടെ പെൻഡുലത്തെ ഇളക്കിയെടുത്തു് വേശ്യാലയത്തിൽ തൂക്കിയാലോ? അത് അവിടെയും ചലനം കൊള്ളും. വേറെയും പെൻഡുലങ്ങളുണ്ടല്ലോ. ന്യൂയോർക്കിൽ, യു. എൻ., സൗധത്തിൽ, സാൻഫ്രാൻസിസ്കോ മ്യൂസിയത്തിൽ അങ്ങനെ പലയിടത്തും. എവിടെ ഫൂക്കോയുടെ പെൻഡുലം തൂക്കിയാലും ചലനരഹിതമായ ഒരു ബിന്ദുവിൽ നിന്ന് അത് അങ്ങോട്ടുമിങ്ങോട്ടും ആടും. ഭൂമി താഴെ കറങ്ങുകയും ചെയ്യും. പ്രപഞ്ചത്തിലെ ഓരോ ബിന്ദുവും സ്ഥിരീകൃതമായ ബിന്ദുവാണ്. അതിൽ നിന്നും പെൻഡുലം തൂക്കുക എന്നതു മാത്രമേ നിങ്ങൾക്കു ചെയ്യാനുള്ളൂ. യുക്തിരഹിതമായ ഈ ലോകത്തു് ആ ബിന്ദു കണ്ടുപിടിക്കണമെന്നാണോ എകോ നിർദ്ദേശിക്കുന്നതു? സങ്കീർണ്ണവും ദുർഗ്രഹവും പാണ്ഡിത്യ പ്രകടനാത്മകവും ആയ നോവലാണ് ‘ഫൂക്കോയുടെ പെൻഡുലം’ അതിന്റെ പ്രമേയത്തെ സംബന്ധിച്ചിടത്തോളം ഒളിച്ചുകളി നടത്തുകയാണ് എകോ. അതുകൊണ്ടാണ് ഞാൻ അഭ്യൂഹങ്ങൾ നടത്തുന്നതു്.

പ്രതിപാദിക്കുന്ന വിഷയത്തെ ധിഷണാപരമായും അപഗ്രഥനാത്മകമായും സമീപിക്കുന്ന സാഹിത്യകാരന്മാരുണ്ട്. വിഷയത്തെ സ്വപ്നാത്മകമായ അന്തരീക്ഷത്തിലേക്കു കൊണ്ടു ചെല്ലുന്നവരുണ്ട്. ആദ്യത്തെ വിഭാഗത്തിൽ പെടുന്ന നോവലിസ്റ്റാണ് എകോ. ഉറങ്ങിക്കിടക്കുന്നവരെ മധുര സ്വപ്നത്തിലേക്കു നയിക്കാൻ ഉണർന്നിരിക്കുന്നവർക്കു കഴിയുമോ. കഴിയുമെങ്കിൽ ആ കിനാവിലേക്കു കൊണ്ടു ചെല്ലുന്ന നോവലെഴുത്തുകാരിയാണ് എമിലി ബ്രോണ്ടി. ഉറങ്ങുന്നവനെ ആശയത്തിന്റെ ചൂരൽകൊണ്ട് അടിച്ചുണർത്തിയിട്ട് ‘നോക്ക്, ഈ മഹാത്ഭുതം!’ എന്നു പറയുന്ന ധൈഷണിക പ്രതിഭാശാലിയാണ് എകോ. കാണുന്നതു് മഹാദ്ഭുതമായതു കൊണ്ട് അടിച്ച വേദന വ്യക്തി മറക്കുന്നു. എകോയോട് കൃതജ്ഞതയുള്ളവനായി മാറുന്നു. Morons can even the Nobel prize—പരിപാകമില്ലാത്തവർക്കുപോലും നോബൽ സമ്മാനം കിട്ടാമെന്ന്—എകോ നോവലിൽ പറയുന്നു (Page 66). മനസ്സിന്റെ എല്ലാ സമ്പന്നതകളുമുള്ള എക്കോക്കു ആ നോബൽ സമ്മാനം നല്കേണ്ടതാണ്.

കറുത്ത മഴ



ഐറിസ് മർഡോക്ക്

ഇംഗ്ലീഷ് നോവലെഴുത്തുകാരിയായ ഐറിസ് മർഡോക്കിന്റെ The bell എന്ന നോവലിൽ ആകർഷകമായ ഒരു സംഭവം വർണ്ണിച്ചിട്ടുണ്ട്. കഥാനായിക ഡോറ തീവണ്ടിയിൽ സഞ്ചരിക്കുകയാണ്. അവളുടെ ഇരിപ്പിടത്തിനു നേരെ എതിരേയുള്ള സീറ്റിന് താഴെയായി ഒരു ചിത്രശലഭം തറയിൽ നീങ്ങിക്കൊണ്ടിരിക്കുന്നു. അതിനെക്കുറിച്ചുള്ള ചിന്തയല്ലാതെ വേറൊരു ചിന്തയും ഡോറയ്ക്ക് അപ്പോഴില്ല. ആ ചിത്രശലഭം നീങ്ങി നീങ്ങി അവിടെയിരുന്ന യാത്രക്കാരന്റെ കാലിനടുത്തേക്കു അപകടകരമായ വിധത്തിൽ ചെല്ലുകയാണ്. അവൾക്കു പരിഭ്രമമായി. പെട്ടെന്ന് കുനിഞ്ഞു് അവൾ അതിനെ ഉള്ളം കൈയിലെടുത്തു. അത് അവിടെയിരുന്ന ചലനം കൊള്ളുന്നത് ഡോറയറിയുന്നുണ്ട്. തീവണ്ടി അവൾക്കിറങ്ങേണ്ട സ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ എത്തി. ചിത്രശലഭത്തെ ഉള്ളം കൈയിൽ ഒതുക്കിപ്പിടിച്ചുകൊണ്ട് അവൾ താഴത്തേക്കിറങ്ങി. തീവണ്ടി മെല്ലെ യാത്ര തിരിക്കുകയായി. അവളെ കൂട്ടിക്കൊണ്ടു പോകാൻ വന്ന ഭർത്താവ് ചോദിച്ചു;—“നിന്റെ സൂട്ട്കെയ്സ് എവിടെ?” “ഈശ്വരാ”. അവൾ വാ തുറന്നു. അത് എടുത്തില്ല ഡോറ. “നീ കൈകൾ ഇങ്ങനെ വച്ചിരിക്കുന്നതെന്തിന്? പ്രാർത്ഥിക്കുകയാണോ?” എന്ന് അയാൾ ചോദിച്ചു. ഡോറ ചിത്രശലഭത്തെയും മറന്നു പോയിരുന്നു. അവൾ കൈകൾ വിടർത്തി, പൂവെന്ന പോലെ. ചിത്രശലഭം പറന്നുയർന്നു. വൃത്തങ്ങൾ രചിച്ചിട്ട് അത് ദൂരത്തേക്കു ഉയർന്നു പോയി. ഒരു നിമിഷത്തേക്ക് അത്ഭുതം കലർന്ന നിശബ്ദത.

ഇനി മറ്റൊരു സംഭവം ഓർമ്മയിൽ നിന്നു കുറിക്കുകയാണ്. വിശ്വവിഖ്യാതനായ ഫ്രെഞ്ചെഴുത്തുകാരൻ ഷാങ് ഷെനെ തീവണ്ടിയിൽ സഞ്ചരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മുൻപിൽ ഒരുത്തൻ ഇരിക്കുന്നുണ്ട്. വടി പോലെ നില്ക്കുന്ന മീശ. വൃത്തികെട്ട വായ്. അയാൾ രണ്ടു കാലുകൾക്കിടയിലൂടെ തറയിലേക്കു കഫം തുപ്പുന്നു. ഷെനെ അയാളുടെ കണ്ണുകളിലേക്കു നോക്കി. ഷെനെയുടെ കണ്ണുകളിലേക്കു അയാളും. അപ്പോൾ ഷെനെയുടെ ഉള്ളിൽ നിന്ന് അദ്ദേഹം തന്നെ ഉയർന്ന് അദ്ദേഹത്തിന്റെ നേത്രങ്ങളിലൂടെ ബഹിർഗ്ഗമിച്ച് ആ വൃത്തികെട്ടവന്റെ കണ്ണുകളിലൂടെ കടന്ന് അയാളുടെ ഉള്ളിൽ പ്രവേശിച്ചു. അതുപോലെ ഒരു പ്രക്രിയ അയാളെ സംബന്ധിച്ചും ഉണ്ടായിയെന്നതു തീർച്ച. ഇതു കഴിഞ്ഞപ്പോൾ താൻ അയാൾ തന്നെയാണെന്നു ഷെനെയ്ക്കു തോന്നി. ഈ തോന്നൽ—എല്ലാ ആളുകളും വൃത്തികെട്ടവരാണെന്ന തോന്നൽ—ഷെനെയ്ക്കു ചെകിട്ടിലേറ്റ അടിപോലെയായിത്തീർന്നു.

ആദ്യത്തെ സംഭവം—ചിത്രശലഭത്തെ സംബന്ധിച്ചത്—പ്രസാദാത്മകം. രണ്ടാമത്തേത് വിഷാദാത്മകം. ജീവിതത്തെ ദൃഢീകരിക്കുന്നു ആദ്യത്തേത്. രണ്ടാമത്തെ സംഭവം ജീവിതത്തെ നിഷേധിക്കുന്നു. ജീവിതത്തെ ദൃഢീകരിക്കുന്ന സാഹിത്യമാണ് ഉത്കൃഷ്ടം. കാരണം ദുസ്സഹമായ ഈ ജീവിതത്തിൽ അത് മനുഷ്യന് ജീവിക്കാൻ മാർഗ്ഗം കാണിച്ചുകൊടുക്കുന്നു എന്നതാണ്. ആറ്റം ബോംബിട്ട ഹിരോഷിമായിലെയും നാഗസാക്കിയിലെയും ജനങ്ങൾക്കു പിന്നീടും ജീവിച്ചിരിക്കണമെന്നു തോന്നുമോ? കണ്ണും കാതും പോയി, ശരീരമാകെ കരുവാളിച്ച്, നടക്കാനാവാതെ ഇഴഞ്ഞു നീങ്ങുന്നവർ ജീവിച്ചിരിക്കേണ്ടതുണ്ടോ അതോ ആത്മഹത്യ ചെയ്യണോ? പ്രകൃതി എപ്പോഴും നവീകരണ പ്രക്രിയയിലാണ്. അതുകൊണ്ട് ജീവിതത്തെ നവീകരിച്ച് ജീവിക്കാനുള്ള കാലമത്രയും ജീവിച്ചു തീർക്കു എന്നാണ് മഹാനായ ഒരു ജപ്പനീസ് കലാകാരന്റെ സന്ദേശം. മാസൂജി ഇബ്യൂസേയാണ് ആ കലാകാരൻ. അദ്ദേഹത്തിന്റെ നോവൽ “കറുത്തമഴ”—Black Rain—ഈ സന്ദേശം കലാപരമായി ആവിഷ്കരിക്കുന്നു. അത് ആദ്യമേ സൂചിപ്പിച്ചിട്ടാകാം മറ്റു വിശദാംശങ്ങളിലേക്കുള്ള പ്രവേശം.

അമേരിക്കൻ സർക്കാർ ബോംബ് ഇട്ടപ്പോൾ അത് എണ്ണ ബോംബാണെന്ന് ജാപ്പനീസ് ജനത വിചാരിച്ചു. പിന്നീട് അതിനെ പുതിയ രീതിയിലുള്ള ബോംബായി സങ്കല്പിച്ചു. അതിൽ പിന്നീട് രഹസ്യായുധമായും സവിശേഷതയുള്ള പുതിയ ടൈപ്പ് ബോംബായും ഒക്കെ കരുതി. ഒടുവിലാണ് അതിനെ അറ്റോമിക് ബോംബായി ആളുകൾ കണ്ടത്. അതു വീണപ്പോൾ കോടിക്കണക്കിന് ആളുകൾ ഭസ്മമായി ഭവിച്ചു. പലരും കരിഞ്ഞശരീരവുമായി നടന്നു. ചിലർക്ക് ഇഴയാനേ ആവൂ. മറ്റു ചിലർക്കു റേഡിയേഷൻ രോഗം. എങ്കിലും മൾബെറി മരങ്ങൾ അവയുടെ മുറിച്ചു കളഞ്ഞ കുറ്റികളിൽ നിന്നു പുതിയ പൊടിപ്പുകൾ ഉണ്ടാക്കി. അവയിൽ പുതിയ ഇലകൾ ഉണ്ടാക്കി. ഹിരോഷിമയിലെ നദിയിൽ നിന്നു നീന്തിത്തുടിച്ച് ആരൽ മീനുകൾ മേലോട്ടു വന്നു. New born eels usually swim into the rivers swim into the rivers from the sea in mid-May. ഓഗസ്റ്റ് 6-ന് ഹിരോഷിമയിൽ ബോംബ് ഇട്ടപ്പോൾ ഇവ എവിടെയായിരുന്നു? ഈ പ്രസാദാത്മകത്വവും ജീവിത നവീകരണ ചിത്രീകരണവുമാണ് ഉത്കൃഷ്ടമായ ഈ നോവലിന്റെ മുദ്ര.

1966-ലാണ് മസൂജി ഇബ്യൂസേ ഈ നോവൽ പ്രസിദ്ധപ്പെടുത്തിയത്. 1945 ഓഗസ്റ്റിലാണല്ലോ ഹിരോഷിമയിൽ ആറ്റം ബോംബ് ഇട്ടത്. ഇരുപത്തൊന്നു കൊല്ലം കഴിഞ്ഞിട്ട് പ്രസിദ്ധപ്പെടുത്തിയ ആ നോവലിൽ ബോംബാക്രമണത്തെ നിസ്സംഗതയോടെ ആവിഷ്കരിക്കാൻ കഴിഞ്ഞു നോവലിസ്റ്റിന്. മസ്തിഷ്കം കൊണ്ടു പ്രവർത്തിക്കുന്ന ഷിഗേമാസ്തുവിന്റെയും അയാളുടെ അനന്തരവാൾ യാസൂക്കോയുടെയും ഡയറികളിലൂടെ കഥ പറയുകയാണ് ഇബ്യൂസെ. ഇടയ്ക്കിടയ്ക്ക് ആഖ്യാനവും. ഈ ഡയറിക്കുറിപ്പുകളും ആഖ്യാനവും ജപ്പാന്റെ ദുരന്തത്തെ ഹൃദയം ദ്രവിപ്പിക്കുമാറ് ചിത്രീകരിക്കുന്നു.

ഷിഗേമാസ്തുവിന്റെ മനസ്സിനൊരു ഭാരമാണ് അനന്തരവൾ യാസൂക്കോ. ആ ഭാരം വരും കാലത്തുമുണ്ടായിരിക്കും. ആരും അവളെ വിവാഹം കഴിക്കാനെത്തുന്നില്ല. വരുന്നവർ വേണ്ടെന്നു പറഞ്ഞു പോകുകയും ചെയ്യുന്നു. കാരണം അവൾക്കുള്ള റേഡിയേഷൻ രോഗം തന്നെയാണ്. യുദ്ധത്തിന്റെ അവസാനത്തെ കാലയളവിൽ യാസൂക്കോ ഹിരോഷിമാ പട്ടണത്തിൽ ജോലി നോക്കുകയായിരുന്നു. ബോംബ് വീണപ്പോൾ ഷിഗേമാസ്തു യേക്കോഗാവ സ്റ്റേഷനിലായിരുന്നു. അദ്ദേഹത്തിന്റെ ഇടത്തേക്കവിളിനു മുറിവു പറ്റി. യാസൂക്കോയുടെ ശരീരം മുഴുവൻ ചെളി പറ്റിയതു പോലെയിരിക്കുന്നുവന്ന് ഷിഗേമാസ്തു പറഞ്ഞപ്പോൾ മാത്രമേ അവളത് അറിഞ്ഞുള്ളൂ. ബോംബ് വീണ് അല്പം കഴിഞ്ഞപ്പോൾ കറുത്ത നിറത്തിൽ മഴപെയ്തത് അവൾ ഓർമ്മിച്ചു. ഫൗണ്ടൻ പേനയുടെ വണ്ണത്തിലുള്ള കറുത്ത മഴ. അതു ഉടനെ അവസാനിച്ചെങ്കിലും എന്തൊരു ചതിയാണ് ചെറിയ സമയം കൊണ്ട് അതു ചെയ്തത്! സോപ്പ് തേച്ച് അവൾ ആ പാടുകൾ ഇല്ലാതാക്കാൻ ശ്രമിച്ചു. ഒരു ഫലവുമുണ്ടായില്ല. പിന്നെയും പല തവണ അവൾ കഴുകി നോക്കി. ഇല്ല. കറുത്ത മഴയുടെ പാടുകൾ പോകുന്നതേയില്ല.

ഷിഗോമാസ്തുവിന്റെ ഡയറിയിലെ ഒരു ഭാഗം അണ്വായുധം വിതച്ച വിനാശാത്മകതയെ സ്പഷ്ടമാക്കിത്തരും. യോക്കോഗാവ റെയിൽവേ പാലത്തിൽ അയാൾ ചെന്നപ്പോൾ രണ്ടായിരത്തോളം ശരണാർത്ഥികൾ പുൽത്തകിടിയിൽ ഇരിക്കുന്നതു കണ്ടു. ചെറുപ്പക്കാരൊഴിച്ച് ആരും നീങ്ങാൻ പോലും കൂട്ടാക്കുന്നില്ല. നൂറടി പൊക്കമുള്ള പാലത്തിനു താഴെയാണ് നദി. അതു കണ്ടാൽ മനുഷ്യൻ പരിക്ഷീണരാകും. മുറിവേറ്റ് ആ പുൽത്തകിടിയിൽ ഇരുന്നവർക്കു ഇച്ഛാശക്തി പോലുമില്ല. ആകാശത്ത് ഒരു ബിന്ദുവിൽ കണ്ണുറപ്പിച്ചുകൊണ്ട് അവർ നിശബ്ദരായി ഇരുന്നതേയുള്ളൂ. കുമിളു പോലുള്ള മേഘം—ആറ്റം ബോംബ് ഉയർത്തിയ ധൂമപടലം—മുകളിലുണ്ട്. ആരും അതിലേക്കു നോക്കിയതു പോലുമില്ല ഒരു സ്ത്രീ മാത്രം മുകളിലേക്കു നോക്കി കാതടപ്പിക്കുന്ന ശബ്ദത്തിൽ നിലവിളിച്ചു “രാക്ഷസമേഘമേ! പോ, ദൂരെപ്പോ. ഞങ്ങൾ യുദ്ധക്കൊതിയരല്ല. നീ കേട്ടോ. ദൂരെപ്പോ” അവളും പാലം കടക്കാൻ യതിച്ചില്ല. ഷിഗോമാസ്തു കമിഴ്ന്നു കിടന്നു മുഖമുരച്ചു ഇഴഞ്ഞു നീങ്ങി. ഒരു തീവണ്ടി ചരിഞ്ഞു കിടക്കുന്നുണ്ട് അവിടെ. താഴെ നദിയിൽ വെള്ളം കുറവായിരുന്ന സ്ഥലത്ത് ഉള്ളി കുന്നുകൂടിക്കിടക്കുന്നു.

ആളുകൾക്കും പട്ടണത്തിനും വന്ന ദുരന്തത്തെ അതിവിദഗ്ദ്ധമായി വർണ്ണിച്ചു കൊണ്ട് അണ്വായുധ ദുരന്തത്തെ അനുവാചകന് പ്രകമ്പനമുളവാകുമാറ് ഇബ്യൂസേ ആവിഷ്കരിക്കുന്നു. ഓരോ സംഭവ വർണ്ണനവും ക്ഷതവർണ്ണനവും നമ്മളെ ഭയപ്പെടുത്തും. മനുഷ്യരുടെ വയറും കുടലും കരളും രോഗവിവശമായി.

പല്ലുകൾ കൊഴിഞ്ഞു പോയി. ചിലർ രക്തവിസർജ്ജനം നടത്തി. വേറെ ചിലർക്കു വയറ്റിളക്കം. മറ്റു ചിലർക്കു മലബന്ധമാണ്. യാസൂക്കോ മരണത്തിന്റെ വക്കിലെത്തി ആശുപത്രിയിൽ കിടന്നു. നോവൽ അവസാനിക്കുകയാണ്. “ആ കുന്നുകൾക്കു മുകളിലായി മഴവില്ലുണ്ടാകുമെങ്കിൽ ഒരത്ഭുതം ജനിക്കും. വിവിധ വർണ്ണങ്ങളാർന്ന ഒരു മഴവില്ല് വരട്ടെ. യാസൂക്കോയുടെ രോഗം ഭേദമാകും” കുന്നുകളിലേക്കു നോക്കിക്കൊണ്ട് ഷിഗേ മാസ്തു പറഞ്ഞു. പക്ഷേ, അതു സത്യമായി വരികയില്ലെന്ന് അയാൾക്ക് അറിയാമായിരുന്നു.

ചൈനീസ് ചിത്രകാരൻമാർ ഒന്നോ രണ്ടോ രേഖകൾ വരച്ച് വസ്തു പ്രതീതി ഉളവാക്കുന്നതു പോലെ ഇബ്യൂസേ ഒന്നോ രണ്ടോ വാക്യങ്ങൾ എഴുതി അതേ പ്രതീതി ജനിപ്പിക്കുന്നു. ബന്ധുക്കളും സ്നേഹിതരും നഷ്ടപ്പെട്ടവർ പാലത്തിന്റെ കാൽനിരകളിൽ എഴുതി വച്ചിരിക്കുന്നു: കോണോസൂക്കേയ്ക്ക്: നിന്റെ അമ്മായിയുടെ വീട്ടിൽ വരൂ—അച്ഛൻ.

അച്ഛന്: അങ്ങ് എവിടെയാണെന്നറിയാതെ കുഞ്ഞു് ദുഃഖിക്കുകയാണ്—ഹാസുവേ c/o യയ്ച്ചീ, ഹപോൺമസ്തു.

ഈ സന്ദേശങ്ങളെല്ലാം വിഫലങ്ങളാണെന്നു മനസ്സിലാക്കുമ്പോൾ നമ്മൾ ജപ്പാൻ ജനതയോടൊരുമിച്ച് കണ്ണീർ പൊഴിക്കുന്നു. എങ്കിലും ആ വിഷാദത്തിൽ ഇച്ഛാശക്തിയുടെയും ജീവിത നവീകരണത്തിന്റെയും മയൂഖമാലകൾ വീഴുന്നു. അവിടെയാണ് കലാകാരനായ മാസൂജി ഈബ്യൂസേ വിജയം പ്രാപിക്കുന്നത്. അണ്വായുധം ജപ്പാനിലെ ജനതയുടെ ശരീരം കരിച്ചു. അവയുടെ ആത്മാക്കളിൽ പാടുകളുണ്ടാക്കി. എങ്കിലും ശത്രുവിനെതിരായി അവർ ഒരു വാക്കു പോലും പ്രയോഗിക്കുന്നില്ല. എന്തോ അതിനു കാരണം? പ്രകൃതിയുമായി വിലയം കൊണ്ടവരാണ് അവർ. ഉള്ളിക്കുമ്പാരവും നദിയിലൂടെ നീന്തിവരുന്ന മത്സ്യങ്ങളും പ്രകൃതിയുടെ പ്രതിരൂപങ്ങളാണ്. എതു ദൗർഭാഗ്യമുണ്ടായാലും ‘ജീവിക്കൂ’ എന്ന് അവ ഉദ്ബോധിപ്പിക്കുന്നു. ആ ഉദ്ബോധനംതന്നെയാണു നോവലിസ്റ്റിന്റേയും. ഈ നോവലിന്റെ പാരായണം എനിക്കു ആത്മധൈര്യം നല്കി. അപ്പോൾ ജപ്പാനിലെ ജനതയ്ക്കു ഇത് എത്രകണ്ട് ആത്മധൈര്യം പകർന്നിരിക്കില്ല!

വാക്കുകൾ കേവലസത്യത്തിലേക്ക്



പേറ്റർ ഹാൻഡ്കെ

ഓസ്ട്രിയയിലെ നാടകകർത്താവും നോവൽ രചയിതാവുമായ പേറ്റർ ഹാൻഡ്കെയുടെ (Peter Handke) Repetition എന്ന മഹനീയമായ നോവലിലെ പ്രധാന കഥാപാത്രമായ ഫിലിപ്പ് കോബൽ ഒരു 'ബാറി'ൽ ഇരിക്കുകയായിരുന്നു. അവിടെ മാർഷൽ ടീറ്റോയുടെ ഒരു വലിയ പടമുണ്ട്. എല്ലാ അലങ്കാരങ്ങളും കുടിയ 'യൂനിഫോം' ധരിച്ചിരിക്കുന്ന പ്രസിഡന്റ് ടീറ്റോ. മേശയ്ക്കരികിലേക്കു ചാഞ്ഞ് മുഷ്ടി മേശപ്പുറത്ത് അമർത്തി അദ്ദേഹം തിളക്കമാർന്ന കണ്ണുകൾ കൊണ്ട് ഫിലിപ്പിനെ നോക്കി. "എനിക്കു നിന്നെ അറിയാം" എന്ന ചിത്രത്തിലെ ടീറ്റോ. പറയുന്നതു ഫിലിപ്പ് ഏതാണ്ടു കേട്ടു. "പക്ഷേ, എനിക്ക് എന്നെത്തന്നെ അറിഞ്ഞുകൂടല്ലോ" എന്ന അയാൾക്കു മറുപടി നല്കാൻ ആഗ്രഹമുണ്ടായിരുന്നു. ഇതാണ് കാതലായ വാക്യം. "നിന്നെത്തന്നെ നീ അറിയുക" എന്ന മഹാനായ ചിന്തകൻ ഉദ്ഘോഷിച്ചെങ്കിലും നമുക്കു നമ്മെ അറിയാമോ? ഒരിക്കലും അറിഞ്ഞുകൂടാ. നമ്മുടെ യത്നങ്ങളെല്ലാം നമ്മെത്തന്നെ അറിയാനാണ്. വിശേഷിച്ചും ഈ കാലയളവിൽ നമ്മുടെ ആത്മത—ഐഡന്റിറ്റി—നഷ്ടപ്പെട്ടിരിക്കുന്നു. നമുക്കു മാത്രമായുള്ള ഗുണങ്ങളുണ്ട്. വിശ്വാസങ്ങളുണ്ട്, ആശയങ്ങളുണ്ട്. ഇവയാണ് നമ്മളെ മറ്റുള്ളവരിൽ നിന്നു വിഭിന്നരായി നിറുത്തുന്നത്. ഇവയുടെ ആകത്തുകയാണ് ആത്മത അല്ലെങ്കിൽ ഐഡന്റിറ്റി. ജീവിതത്തിന്റെ സങ്കീർണ്ണതകൾ കൊണ്ട് അതു നമുക്കു നഷ്ടമായി ഭവിച്ചിരിക്കുന്നു. ആത്മത നഷ്ടപ്പെട്ട ഫിലിപ്പ് അതു വീണ്ടെടുക്കാനായി ഒരു യാത്ര പോകുന്നു. അപ്പോഴാണ് മനുഷ്യന്റെ ഐഡന്റിറ്റിയുടെ നാശത്തിന് കാരണമായ രാഷ്ട്രവ്യവഹാരത്തിന്റെ പ്രതീകം "എനിക്കു നിന്നെ അറിയാം" എന്നു പറയുന്നതും "എനിക്കു എന്നെത്തന്നെ അറിഞ്ഞുകൂടല്ലോ" എന്ന മറുപടി നല്കാൻ ഫിലിപ്പ്; ആഗ്രഹിച്ചുപോയതും. ആത്മതയെ അന്വേഷിച്ചുള്ള പ്രയാണത്തിന്റെ കലാത്മകമായ ചിത്രീകരണമാണ് ഹൻഡ്കെയുടെ ഈ നോവൽ. ഇതു ഉജ്ജ്വലമാണെന്നു മാത്രം പറഞ്ഞാൽ മതിയാവില്ല. കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ യൂറോപ്യൻ സാഹിത്യത്തിൽ ആവിർഭവിച്ച മാസ്റ്റർ പീസുകളിൽ സുപ്രധാനമായ സ്ഥാനമുണ്ട് ഈ നോവലിന്.

1960-ലാണ് ഫിലിപ്പ് ഓസ്ട്രിയയിലെ സ്വന്തം ഗ്രാമത്തിൽ നിന്നു യാത്ര ആരംഭിക്കുന്നത്. അക്കാലത്ത് അയാൾക്ക് ഇരുപതു വയസ്സ പോലുമില്ല. ലോകമഹായുദ്ധം നടന്ന സമയത്ത് യൂഗോസ്ലാവിയായിലെ സൊൾവേനിയ പ്രദേശത്തു വച്ച് അപ്രത്യക്ഷനായ സഹോദരൻ ഗ്രിഗറിനെക്കുറിച്ച് ലഭിക്കാവുന്ന അറിവുകൾക്കു വേണ്ടിയാണ് ഫിലിപ്പിന്റെ യാത്ര. വെറൊരു ഉദ്ദേശ്യവുമുണ്ട് അയാൾക്ക്. സൊൾവേനിയയിൽ 1713-ൽ ഒരു കർഷക വിപ്ലവമുണ്ടായി. അതിന്റെ നേതാവായ ഗ്രിഗർ കോബലിനെ ചക്രവർത്തി വധിച്ചതിനു ശേഷം അയാളുടെ ബന്ധുക്കളെ അവിടെ നിന്നു ബഹിഷ്കരിച്ചു. തന്റെ പൂർവികനെക്കുറിച്ചു കാര്യങ്ങൾ ഗ്രഹിക്കാനും ഫിലിപ്പിനു കൗതുകമുണ്ട്. അങ്ങനെ തന്റെയും സഹോദരന്റെയും പൂർവ കുടുംബത്തിന്റെയും ആത്മാവറിയാൻ വേണ്ടിയുള്ള യാത്രയാണ് അയാളുടേത്.

ആ യാത്ര കഥയായി ആവിഷ്കരിക്കപ്പെടുന്നു. യാത്ര കഴിഞ്ഞ ഉടനെയല്ല അതിന്റെ ആഖ്യാനം. ഇരുപത്തിയഞ്ചു സംവത്സരങ്ങൾ കഴിഞ്ഞ് താൻ മധ്യവയസ്കനായപ്പോഴാണ് ഫിലിപ്പ് അതിലേക്കു വേണ്ടി തൂലികയെടുത്തത്. "കഥയുടെ നേത്രമേ, എന്നെ പ്രതിഫലിപ്പിക്കു, നീ മാത്രമേ, എന്നെ അറിയുന്നുള്ളു. അന്തരിക്ഷത്തിന്റെ നീലിമേ, എന്റെ ആഖ്യാനം കൊണ്ടു സമതലത്തിലേക്ക് അവരോഹണം ചെയ്യൂ. ആഖ്യാനമേ, സഹതാപത്തിന്റെ സംഗീതമേ ഞങ്ങളോടു ക്ഷമിക്കൂ. കഥയേ, അക്ഷരങ്ങൾക്കു പ്രകമ്പനം നൽകൂ... എന്റെ ആഖ്യാനം ദീർഘകാലം ജീവിച്ചിരിക്കട്ടെ. അതു മുന്നോട്ടു പോയേ തീരൂ. എന്റെ ആഖ്യാന സൂര്യൻ ഒൻപതാമത്തെ രാജ്യത്തിന്റെ മുകളിൽ എന്നെന്നും നിൽക്കട്ടെ. കഥ പറയുന്നവനേ രൂപം കെട്ട കുടിലിൽ തദ്ദേശ ബോധത്തോടെ നിശബ്ദനായി ഇരുന്നു കൊള്ളൂ വേണമെങ്കിൽ. ശതാബ്ദങ്ങളിലൂടെ നിശബ്ദനായി ഇരുന്ന്, ബാഹ്യ ലോകത്തേക്കു ശ്രദ്ധിച്ചു കൊണ്ട് ആത്മാവിൽ ആമജ്ജനം ചെയ്തു കൊണ്ട് ഇരിക്കൂ അതാണിഷ്ടമെങ്കിൽ." എങ്കിലും "എന്നിട്ട്, പിന്നീട്" എന്നു കഥ തുടങ്ങും. ആഖ്യാനത്തിന്റെ, കഥ പറയുന്നതിന്റെ സ്വഭാവത്തെ വ്യക്തമാക്കിക്കൊണ്ട് പേറ്റർ ഹൻഡ്കേ അങ്ങനെയാണ് നോവൽ അവസാനിപ്പിക്കുന്നത്. ആഖ്യാനമെന്നാൽ വാക്യങ്ങളുടെ ഘടനയാണ്. വാക്യങ്ങൾ പദവിന്യാസ ക്രമവും. പദവിന്യാസ ക്രമം സത്യം പ്രതിഫലിപ്പിക്കുന്നു എന്ന തത്വത്തിൽ ഹൻഡ്കേ വിശ്വസിക്കുന്നു. ദാർശനികനായ വിറ്റ്ഗർ ഷ്ടൈനും ആ വിശ്വാസമാണുള്ളത്. പ്രാപഞ്ചിക സംഭവങ്ങളെ വിവിധങ്ങളായ വീക്ഷണ പഥങ്ങളിൽ നിന്നു ഭാഷയിലൂടെ നോക്കിയാൽ കേവല സത്യത്തിൽ എത്താമെന്നും വിറ്റ്ഗർ ഷ്ടൈന് അഭിപ്രായമുണ്ടായിരുന്നു. പദങ്ങൾ കൊണ്ടു കേവല സത്യത്തിൽ എത്തുകയാണ് ഹൻഡ്കേ. അതോടെ അദ്ദേഹത്തിന്റെ കഥാപാത്രം ആത്മത എന്താണെന്ന് അറിയുന്നു.


"ബേബൽ ഗോപുരം യഥാർത്ഥത്തിൽ നിർമ്മിക്കപ്പെട്ടില്ലേ. രഹസ്യമായിട്ടെങ്കിലും? അത് എന്തായാലും സ്വർഗ്ഗം വരെ ചെന്നതുമില്ലേ?" എന്നാണ് ഹൻഡ്കേയുടെ കഥാപാത്രം ചോദിക്കുക. ഒരു ഭാഷ സംസാരിച്ചിരുന്നവർ സ്വർഗ്ഗത്തെത്താൻ ഗോപുരം നിർമ്മിച്ചപ്പോൾ ഭാഷയ്ക്കു ദുർഗ്രഹത വരുത്തി ആ യത്നത്തെ പരാജയപ്പെടുത്തി ഈശ്വരൻ. പക്ഷേ, നമ്മുടെ സമകാലികരിൽ പ്രതിഭയുള്ളവർ ഭാഷയിലൂടെ സ്വർഗ്ഗത്ത് കേവല സത്യത്തിൽ എത്തും എന്നാണ് ഹൻഡ്കേയുടെ മതം. ഈ മതത്തെ സാധൂകരിക്കാൻ ഹൻഡ്കേ തന്റെ കഥാപാത്രത്തെ നിയത മാനസിക നിലയുള്ളവനാക്കി അവതരിപ്പിച്ചിട്ട് അനിയത സ്വഭാവമുള്ള പരിതഃസ്ഥിതികളിലൂടെ സഞ്ചരിപ്പിക്കുന്നു; പ്രവർത്തിപ്പിക്കുന്നു. അതു കാണുമ്പോൾ നമുക്കുണ്ടാകുന്ന ആഹ്ലാദം നിസ്തുലമെന്നേ പറയാനാവൂ.

യൂഗോസ്ലാവിയ എന്ന അന്യരാജ്യത്ത് ആദ്യത്തെ രാത്രി. ഇരുപതു വയസ്സുള്ള യുവാവ് ഹോട്ടലിൽ പോയില്ല. താൻ കണ്ട ഒരു റെയിൽവേ തുരങ്കത്തിനകത്തുള്ള ഹ്രസ്വകാല താമസം ഉന്മാദമാർന്ന ആശയമാണെന്ന് അയാൾക്കു തോന്നിയില്ല. അവിടെ ഇരുട്ടത്തിരുന്ന് ഒരു കഷണം റൊട്ടിയും ഒരു ആപ്പിളും അയാൾ കഴിച്ചു. കുറ്റബോധം; കുടുംബത്തെ പ്രയാസപ്പെടുത്തി എന്നതു കൊണ്ടല്ല; ആ തുരങ്കത്തിൽ ഏകാന്തത അനുഭവിച്ച് ഇരുന്നല്ലോ എന്നതുകൊണ്ട്. അവിടെ കഴിഞ്ഞു കൂടിയ ഫിലിപ്പിന് ഒരു വാക്യമെങ്കിലും രൂപപ്പെടുത്തിയെടുക്കാൻ സാധിച്ചില്ല. ആഖ്യാനം എത്ര രോഗാർത്തം! ദീർഘസമയത്തിനു ശേഷം രണ്ടു വാക്യങ്ങൾക്ക് അയാൾ രൂപം നൽകി. അതോടെ ഫിലിപ്പിന്റെ പിരിമുറുക്കത്തിന് അയവു വന്നു. തുരങ്കത്തിലെ താമസം മതിയാക്കി അയാൾ യൂഗോസ്ലാവിയയിലെ ജീവിതത്തിൽ മുഴുകി. തന്റെ യാത്രയും കഥയും കെട്ടുകഥ പോലെ തോന്നി ഫിലിപ്പിന്. ആ തോന്നലിന് സാന്ദ്രതയുണ്ടായത് അയാൾ കൂടെക്കൊണ്ടുവന്ന രണ്ടു പുസ്തകങ്ങൾ നോക്കിയപ്പോഴാണ്. രണ്ടു പുസ്തകങ്ങളും അപ്രത്യക്ഷനായ ചേട്ടന്റേതാണ്. ഒന്നു പഴവർഗ്ഗങ്ങളെ കുറിച്ചുള്ള ഗവേഷണത്തിന്റേതാണ്. രണ്ടാമത്തേത് സൊൾവേനിയൻ—ജർമ്മൻ നിഘണ്ടു. അതിൽ പല വാക്കുകളും സഹോദരൻ അടയാളപ്പെടുത്തിയിട്ടുണ്ട്. ആ വാക്കുകൾ ഒരത്ഭുതാവഹമായ ലോകം ഫിലിപ്പിനു തുറന്നു കൊടുത്തു. അയാൾക്കു പുതിയ ദർശനങ്ങൾ ഉണ്ടായി. Seen as a collection of one-word fairy tales, the dictionary did the same thing for me: it gave me images of the world, even when, as in the case of strawberries strung on their blade of grass, I had not actually experienced them. Around every world I came across in my rumination a world took shape..." (Page 149). ഒരു ഫസാഡിൽ (facade) തന്റെ സഹോദരന്റെ പേര് അയാൾ തന്നെ എഴുതിയത് ഫിലിപ്പ് കണ്ടു. മനോഹരമായ കൈയക്ഷരം. യാത്രയുടെ പരകോടി. ഫിലിപ്പ് തിരിച്ച് നാട്ടിലേക്കു പോന്നു. തന്നെ ലോകത്തേക്കു കൊണ്ടു വന്ന അമ്മയെ അയാൾ പലപ്പോഴും കുറ്റം പറഞ്ഞിട്ടുണ്ട്. തിരിച്ചെത്തിയപ്പോൾ ആ മാനസിക നിലയല്ല അയാൾക്ക് അച്ഛനമ്മമാരോടു സ്നേഹം. തനിക്കു ജന്മം നൽകിയ അവരോടു നന്ദി. കഥകൾ വീണ്ടും കണ്ടുപിടിക്കലുകളാണ്. അവ ആവർത്തിച്ചു വരുന്നു. സ്വയം നവീകരിക്കുന്നു.

മുൻപ് സൂചിപ്പിച്ച ഒരാശയം വീണ്ടും ആവിഷ്കരിച്ചു കൊള്ളട്ടെ. കഥകൾ പദങ്ങളാണ്. പദങ്ങൾ അത്ഭുത പ്രപഞ്ചങ്ങൾ തുറക്കുന്നു. അവ ബേബൽ ഗോപുരം പോലെ സ്വർഗ്ഗാഭിമുഖമായി ഉയരുന്നു. ആ ഗോപുരം നിർമ്മിച്ച ഹൻഡ്കേ കേവലസത്യം—സ്വർഗ്ഗം—സാക്ഷാത്കരിക്കുന്നു. സാഹിത്യജീവിതത്തിന്റെ പ്രാരംഭ കാലത്ത് അദ്ദേഹം പ്രതിഷേധം മാത്രമേ പ്രകടിപ്പിച്ചിരുന്നുള്ളു. ക്രമേണ ആ മാനസിക നില മാറി അദ്ദേഹത്തിന്. Repetition എന്ന നോവലെഴുതിയ ഹൻഡ്കേ ഇന്ന് ആധ്യാത്മികത്വത്തിന്റെ അന്വേഷകനാണ്. ഇന്നല്ലെങ്കിൽ നാളെ അദ്ദേഹം പ്രവാചകനായി അംഗീകരിക്കപ്പെടും.


ഹൻഡ്കേയുടെ ഈ നോവൽ വെറും വർണ്ണനമല്ല. സാമൂഹിക സത്യങ്ങൾക്കു നൽകുന്ന വ്യാഖ്യാനമല്ല. കവിതയിലൂടെ ലോകത്തെ നവീകരിക്കുകയും വീണ്ടും സൃഷ്ടിക്കുകയും ചെയ്യുന്നവനാണ് പ്രതിഭാശാലി. സമുന്നതമായ ആ പ്രതിഭ കൊണ്ട് വാക്കുകളിലൂടെ കേവല സത്യത്തെ സാക്ഷാത്കരിക്കുന്ന മഹാദ്ഭുതം കാണാൻ കൗതുകമുള്ളവർ Repetition—ആവർത്തനം—എന്ന നോവൽ വായിക്കണം. വീണ്ടും വീണ്ടും വായിക്കണം (Repetition, Translated by Ralph Manheim, Methueun).

ഈ കലാകാരനെ മനസ്സിലാക്കൂ



മാർക്കേസ്


നല്ല നിലാവുള്ള രാത്രിയിൽ നദിയുടെ കരയിൽ ഇരുന്നിട്ടുണ്ടോ വായനക്കാർ? ഞാൻ പലപ്പോഴും ഇരുന്നിട്ടുണ്ട്. അസുലഭാനുഭൂതിക്കു വിധേയനായിട്ടുമുണ്ട്. പല തരത്തിലുള്ള പൂക്കൾ നദിയിലൂടെ ഒഴുകി വരും. നിലാവ് വീണു തിളക്കം കൂടിയ ചെമ്പരത്തിപ്പൂവ് ചെറിയ ഓളങ്ങളിൽ നൃത്തം ചെയ്ത് എത്തുന്നു. അതൊഴുകി മറയുമ്പോൾ പനിനീർപ്പൂവു വരും. അതിനു ശേഷം ഒരു ചില്ലയാവും എത്തുന്നത്. പിന്നീട് മഞ്ഞ നിറമാർന്ന കോളാമ്പിപ്പൂവ്. ഇങ്ങനെ എത്രയെത്ര പൂവുകൾ! ഓരോന്നും കണ്ണിന് സുഖപ്രദം. മനസ്സിന് ആഹ്ലാദജനകം. നദീതീരത്തു നിന്ന് എഴുന്നേറ്റു പോകാൻ തോന്നിയില്ല. ഇമ്മട്ടിൽ ആഹ്ലാദാനുഭൂതി ജനിപ്പിക്കുന്ന നോവലാണ് മാർക്കേസിന്റെ Love in the Time of Cholera എന്നത്, വാങ്മയചിത്ര പുഷ്പങ്ങൾ ഒഴുകി വരുന്ന നോവൽ.



റ്റോമസ് മൻ

ഇനി വേറൊരു ദൃശ്യം. ഒരു കൊടുങ്കാറ്റ്. വൻമരങ്ങൾ കെട്ടുപിണഞ്ഞു നിൽക്കുന്നു. അവയുടെ പച്ചിലപ്പടർപ്പ് തമ്മിലുടക്കിയിരിക്കുന്നതുകൊണ്ട് മധ്യാഹ്ന സൂര്യന്റെ തീക്ഷ്ണരശ്മികൾ പോലും കാട്ടിനകത്തേക്കു വരുന്നില്ല. അതിനാൽ അവിടം മുഴുവൻ അർധാന്ധകാരം. അർദ്ധാന്ധകാരത്തിൽ നടന്നു കയറിയാൽ വൻവേരുകളിൽ തട്ടി വീണെന്നു വരും. അതുകൊണ്ട് വെളിയിൽ നിന്നു നോക്കുവാൻ മാത്രമേ കഴിയുന്നുള്ളൂ. അങ്ങനെ നോക്കുമ്പോഴുണ്ടാകുന്നത് ആഹ്ലാദാനുഭൂതിയല്ല. ഉദാത്ത വികാരത്തെ സംബന്ധിച്ച അനുഭൂതി മാത്രമാണ്. റ്റോമസ് മന്നിന്റെ 'മാജിക് മൗണ്ടൻ' എന്ന നോവൽ വായിക്കുമ്പോൾ ഇതിനു തുല്യമായ ഉദാത്ത വികാരാനുഭൂതിയാണ് ജനിക്കുക.

യൂലിസീസിനേക്കാൾ ഉയരത്തിൽ



ഈറ്റാലോ കാൽവിനോ

ഈ ലോകത്ത് അർധാന്ധകാരമാർന്ന കൊടുങ്കാറ്റുള്ളതു പോലെ, പൂക്കളൊഴുകി വരുന്ന നദിയുള്ളതു പോലെ രണ്ടു തരത്തിലുള്ള സാഹിത്യ രചനകളുണ്ട്. വേറൊരു വിധത്തിൽ പറയാം. റ്റോമസ് മന്നിന്റേതു ധിഷണാപരമായ ഭാവനയാണ്. മാർകേസിന്റേത് കാവ്യാത്മക ഭാവനയും. കാവ്യാത്മക ഭാവന ആഹ്ലാദാനുഭൂതിയും ധിഷണാത്മക ഭാവന ഉദാത്ത വികാരാനുഭൂതിയും ജനിപ്പിക്കുന്നു. മന്നിന്റെ ധിഷണാത്മക ഭാവനയാണ് ഈറ്റാലോ കാൽവിനോ, ഉംബർടോ എക്കോ എന്നീ നോവലിസ്റ്റുകൾക്കുള്ളത്. അവർക്കു സദൃശനാണ് Life User's Manual എന്ന നോവലെഴുതി വിശ്വവിഖ്യാതനായിത്തീർന്ന ഷൊർഷ് പെരക് (Georges Perec). ഈ ഫ്രഞ്ചെഴുത്തുകാരന്റെ ഈ നോവലിനെക്കുറിച്ച് മഹാൻമാർ എന്തെല്ലാം സ്തുതി വചനങ്ങളാണ് ഉതിർത്തത്! സാഹിത്യങ്ങളെക്കുറിച്ച് എപ്പോഴും 'അളന്ന് മുറിച്ച' മട്ടിൽ സംസാരിക്കുന്ന ഫിലിപ്പ് തോഡി: Perhaps the experimental novel of all time making James Joyce's 'Ulysses'—though not, perhaps, 'Finnegan's wake—seem almost ordinary in comparison. ജെയിംസ് ജോയിസിന്റെ 'യൂലിസീസ്' എന്ന നോവലിനോട് ഇതിനെ താരതമ്യപ്പെടുത്തിയാൽ അത് (യൂലിസീസ്) സർവസാധാരണത്വത്തിലേക്കു അധഃപതിക്കുമെന്നാണ് അദ്ദേഹത്തിന്റെ മതം. One of the great novels of the century എന്നു റ്റൈംസിന്റെ ലിറ്റററി സപ്ലിമെന്റ് ഇതിനെ വാഴ്ത്തുകയുണ്ടായി. നേരത്തെ പറഞ്ഞ ഈറ്റാലോ കാൽവിനോയാകട്ടെ One of the most singular literary personalities in the world—ലോകത്തെ അപൂർവ സാഹിത്യകാരന്മാരിൽ ഒരാളാണ് ഷൊർഷ് പെരക് എന്ന് അഭിപ്രായപ്പെട്ടു. ആരെയും അത്ര കണ്ടു വാഴ്ത്താത്ത റോബർട്ട് റ്റെയ്‌ലർ 'ഈ ശതാബ്ദത്തിലെ മഹനീയമായ നോവലാണ് ഇതെ'ന്നും ജോയിസ്, പ്രൂസ്റ്റ്, മൻ, കാഫ്ക, നാബോകോഫ് ഇവർക്കു സദൃശ്യനാണ് പെരക് എന്നും പ്രസ്താവിച്ചു. നോവലിന്റെ പുറം ചട്ടയിൽ അച്ചടിച്ചു വരുന്ന ഇത്തരം പ്രസ്താവങ്ങളെ മുഖവിലയ്ക്കെടുക്കാതെ അവക്കൊരു വലിയ മാർജിൻ ഇട്ടുകൊണ്ടാണ് ഈ കൊടുങ്കാട്ടിൽ പാദം മുറിഞ്ഞും തലയടിച്ചും ഞാൻ നടന്നു കയറിയത്. കയറിക്കഴിഞ്ഞപ്പോൾ എന്റെ ക്ഷതങ്ങളെകുറിച്ച് എനിക്കോർമ വന്നില്ല. ധിഷണാപരമായ പ്രജ്ഞയുടെ പരിപൂർണമായ വികാസമാണ് ഞാൻ അതിൽ കണ്ടത്. ഉദാത്ത വികാരത്തിനു ഞാൻ വിധേയനായി. അതിന്റെ ലഹരി വിടാതെയാണ് ഈ വരികൾ കുറിക്കുന്നതും.

ജീവിതമെന്ന സമസ്യ



ഷൊർഷ് പെരക്

പാരീസിലെ പതിനേഴാമത്തെ 'അറങ്ഡീമാങ്ങി[1]ലുള്ള (arrondissement) ഒരു ഭവനത്തിലെ അനേകം മുറികളാണ് നോവലിലെ സംഭവങ്ങൾക്കു സാക്ഷ്യം വഹിക്കുക. ഓരോ മുറിയിലെയും സംഭവം ഓരോന്ന്. അങ്ങനെ തൊണ്ണൂറ്റിയൊൻപതു അദ്ധ്യായങ്ങളിലൂടെ വിവിധ സംഭവങ്ങൾ ആവിഷ്കരിക്കപ്പെടുന്നു. അവയൊക്കെ ഒരുമിച്ചു ചേർത്താൽ സാകല്യാവസ്ഥയിലുള്ള ജീവിതമാകുമോ? നമ്മൾ ചോദിക്കാവുന്ന ആ ചോദ്യത്തിന് നോവലിസ്റ്റ് ആദ്യമേ തന്നെ ഉത്തരം നൽകുന്നുണ്ട്. ജിഗ്സൊ പസ്‌ൽ (Jigsaw puzzle) എന്നു കേട്ടിട്ടില്ലേ? നിയതത്വമില്ലാത്ത കാർഡ് ബോർഡിലോ തടിയിലോ വെട്ടിയുണ്ടാക്കിയ കൊച്ചു കൊച്ചു രൂപങ്ങളാണ് ജിഗ്സൊ. അവയെ ശരിയായ രീതിയിൽ ചേർക്കുമ്പോൾ ഒരു ചിത്രമായിത്തീരുന്നു. സാകല്യാവസ്ഥയിലുള്ള ചിത്രത്തിന് ഒരു രൂപമുണ്ട്. അല്ലെങ്കിൽ ആകാരമുണ്ട് (Pattern എന്നു നോവലിസ്റ്റ്). ചെറിയ ജിഗ്സൊകളല്ല ആകെയുള്ള രൂപത്തിനു കാരണം. സാകല്യാവസ്ഥയാർന്ന രൂപമാണ് കൊച്ചു രൂപങ്ങൾക്കു (ജിഗ്സൊകൾക്ക്) ഹേതു. ആ കൊച്ചു രൂപങ്ങളെക്കുറിച്ച്—ചെറിയ തുണ്ടുകളെക്കുറിച്ച്—അറിവുണ്ടെന്നിരിക്കട്ടെ. ആ അറിവിന്റെ വെളിച്ചത്തിൽ ആകെക്കൂടിയുള്ള രൂപത്തെപ്പറ്റി മനസിലാക്കാൻ കഴിയുകയില്ല. ഒരുതുണ്ടെടുത്ത് മൂന്നു ദിവസം മുഴുവനും നോക്കിക്കൊണ്ടിരിക്കാം നമുക്ക്. അറിയേണ്ടതൊക്കെ അറിഞ്ഞുവെന്ന് നമ്മൾക്കു തോന്നും. പക്ഷേ, അതുകൊണ്ട് പ്രയോജനമൊന്നുമില്ല. ചേർക്കേണ്ട രീതിയിൽ കൊച്ചു തുണ്ടുകളെ ചേർക്കാൻ കഴിവുണ്ടോ? അങ്ങനെ ചേർത്താൽ ചിത്രമായി. സമ്പൂർണാവസ്ഥയില്ലുള്ള ആ ചിത്രത്തിനു രൂപമുണ്ടാവുന്നു അതൊരു ഘടനയായി. ഫലപ്രാപ്തിക്കു വേണ്ടി പല രീതികൾ അവലംബിക്കുകയും ചിലതൊക്കെ നിരാകരിക്കുകയും ചെയ്യുന്ന സമ്പ്രദായത്തിന് trial and error method എന്നു പറയുമല്ലോ. ആ സമ്പ്രദായത്തിലൂടെയോ പ്രചോദനത്തിന്റെ ജ്വലനാവസ്ഥയിലൂടെയോ ഒരു തുണ്ടിനെ വേറൊരു തുണ്ടുമായി ശരിയായി നമ്മൾ യോജിപ്പിച്ചുവെന്നിരിക്കട്ടെ. അപ്പോൾ ഓരോ ക്ഷണത്തിനും അതിന്റേതായ അസ്തിത്വം ഇല്ലാതെയാവുന്നു.

---

1. അറങ്ഡീമാങ്—ഫ്രഞ്ച് ഡിപ്പാർട്ട്മെന്റിന്റെ ഏറ്റവും വലിയ വിഭാഗം. ഭരണം നടത്താൻ വേണ്ടിയുള്ള വിഭാഗമാണത്.



ജെയിംസ് ജോയിസ്

'ജിഗ്സൊ പസ്‌ൽ' ഉണ്ടാക്കിയ ഒരാളുണ്ട്. കൊച്ചു തുണ്ടുകൾ ഒരുമിച്ചു ചേർക്കാൻ ശ്രമിക്കുന്ന നമ്മളുണ്ട്. നമ്മൾ ഓരോ തുണ്ടെടുത്തു ചേർക്കുമ്പോഴും നിർമ്മാതാവു തന്നെ. അതേ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ട് എന്നു മനസ്സിലാക്കണം. നമ്മൾ ഓരോ തുണ്ടുമെടുത്തു നോക്കുന്നു. വീണ്ടുമെടുക്കുന്നു, അതിനെ മനസിലാക്കാൻ ശ്രമിക്കുന്നു, തുണ്ടുകളെ തമ്മിൽ യോജിപ്പിക്കാൻ യത്നിക്കുന്നു. വീണ്ടും യത്നിക്കുന്നു. തെറ്റും ഉൾക്കാഴ്ചയും പ്രതീക്ഷയും ഒക്കെ ഉണ്ടാവുന്നു. ഇവയെല്ലാം നിർമ്മാതാവിനും ഉണ്ടായിട്ടുണ്ട്. അയാൾ അതുപോലെ ശ്രമിച്ചിട്ടുണ്ട്. 'ജിഗ്സൊപസ്സ്‌ലാ'യ ജീവിതത്തെയാണ് പെരക് അദൃശ്യമായ രീതിയിൽ ആവിഷ്കരിക്കുന്നത്.

തൊണ്ണൂറ്റിയൊൻപതു അധ്യായങ്ങളിലൂടെ നൂറുകണക്കിനുള്ള കഥകൾ അദ്ദേഹം പറയുന്നു. പാരീസിലെ കഥകൾ മാത്രമല്ല. ലോകമെമ്പാടുമുള്ള കഥകൾ. ചില കഥകൾ സാധാരണങ്ങളാണെങ്കിൽ മറ്റു ചില കഥകൾ അസാധാരണങ്ങൾ. ശോകത്തിന്റെ മിഴി നീരുണ്ടാകുന്നു; ആഹ്ലാദത്തിന്റെ ബാഷ്പവും. പുളകപ്രസരം അത്ഭുതത്തിന്റെയും ജുഗുപ്സയുടെയും ഫലമായി ജനിക്കുന്നു. ഒരു ട്രപ്പീസ് ആർട്ടിസ്റ്റിന്റെ അന്ത്യം നോവലിസ്റ്റ് വർണിക്കുന്നതു ചൂണ്ടിക്കാണിക്കാം. ഒരു ദിവസം ട്രപ്പീസിൽ നിന്ന് താഴെയിറങ്ങാൻ അയാൾ കൂട്ടാക്കിയില്ല. ഇനി പെരകിന്റെ വാക്യങ്ങൾ (ഇംഗ്ലീഷ് തർജമ):

This supreme performance lasted two hours and caused fifty-three spectators to pass out. The police had to be brought in. In spite of Rorschach's warnings, the policemen brought a long fire-ladder and began to climb up. They didn't even halfway: the trapeze artist opened his grip, and, with a long scream, describing a perfect-abola, he crashed to the ground.

നോവൽ തുടങ്ങുന്നത് 1975 ജൂൺ 23-നു രാത്രി എട്ടു മണിക്ക് അല്പം മുൻപ്. അവസാനിക്കുന്നതും അപ്പോൾ തന്നെ. കാലത്തിന്റെ പുരോഗമനമില്ലാത്ത ഈ നോവലിൽ അതുകൊണ്ട് ഇതിവൃത്തമില്ലെന്ന് എടുത്തു പറയേണ്ടതില്ല. കഥാപാത്രങ്ങൾ ശതസംഖ്യകങ്ങളായ വ്യക്തികളാണെങ്കിലും നോവലിന്റെ പ്രമേയത്തിന് പ്രാതിനിധ്യം വഹിക്കുന്ന ഒരു പ്രധാന കഥാപാത്രമുണ്ട്. അയാൾ ഇംഗ്ലീഷുകാരനായ ബാർട്ടിൽ ബൂത്താണ്. ആ വലിയ ഭവനത്തിലെ ഒരു മുറിയിലാണ് അയാളുടെ താമസം. ചിത്രകാരനായ ബാർട്ടിൽ ബൂത്തിന്റെ ലക്ഷ്യം അഞ്ഞൂറു തുറമുഖപ്പട്ടണങ്ങളിൽ പോയി അഞ്ഞൂറ് സമുദ്ര ദൃശ്യങ്ങൾ വരയ്ക്കലാണ്.

പടിഞ്ഞാറെ ഫ്രാൻസിനും വടക്കേ സ്പെയിനിനും ഇടയ്ക്കുള്ള ബിസ്കേ ഉൾക്കടലിലെ ഗീഹൊൺ തുറമുഖമാണ് (Gijon) ആദ്യത്തേത്. 1935 ജനുവരിയിലെ ആദ്യ പക്ഷത്തിലായിരിക്കും അതിന്റെ ആലേഖനം. അവസാനത്തേത് പശ്ചിമ യൂറോപ്പിലെ സ്കെൽറ്റ് (Scheldt) നദിയുടെ മുഖഭാഗത്തുള്ള ബ്രൗവർഷേപനാണ്. 1954 ഡിസംബറിലെ ഉത്തര പക്ഷത്തിലായിരിക്കും അതിന്റെ ചിത്രീകരണം. ഇതിനിടയ്ക്കുള്ള കാലയളവിൽ പല തുറമുഖപ്പട്ടണങ്ങളും ചിത്രീകൃതങ്ങളാവും.

അർഥശൂന്യതയുടെ ചിത്രങ്ങൾ

ഓരോ ചിത്രം വരയ്ക്കാനും രണ്ടാഴ്ചയാണ് ബാർട്ടിൽ ബൂത്ത് എടുക്കുക. അതു യാത്രയ്ക്കുള്ള സമയം ഉൾപ്പെടെയാണ്. ആദ്യത്തെ രണ്ടു ദിവസം അയാൾ വഞ്ചികളെ നോക്കിക്കൊണ്ടു കടപ്പുറത്തു നടക്കും. അയാൾക്കറിയാവുന്ന ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്, അറബിക്, പൊർത്യുഗീസ് ഈ ഭാഷകളിൽ ഏതെങ്കിലുമൊന്ന് അറിയാവുന്ന മീൻപിടിത്തക്കാരോട് സംസാരിക്കും. മൂന്നാമത്തെ ദിവസം സ്ഥലം നിശ്ചയിച്ച് അവിടെ ചെന്നിരുന്ന് ചില സ്കെച്ചുകൾ വരയ്ക്കും. പിന്നീട് വളരെ വേഗത്തിൽ വാട്ടർ കളറിൽ ചിത്രവും. വരച്ച ചിത്രങ്ങളെല്ലാം അയാൾ പാരീസിലേക്ക് അയയ്ക്കും. അവിടെ വച്ച് ഒരുത്തൻ അവയെ 'ജിഗ്സൊ പസ്‌ലു'കളായി മാറ്റും.

ചിത്രരചന കഴിഞ്ഞ് 1955-ൽ ബാർട്ടിൽ ബൂത്ത് ആ വലിയ ഭവനത്തിലുള്ള അയാളുടെ മുറിയിൽ എത്തി. തിരിച്ചു വന്ന 'ജിഗ്സൊപസ്സ്‌ലു'കളെ അയാൾ വേണ്ട രീതിയിൽ—ചേർക്കേണ്ട രീതിയിൽ—ചേർത്ത് ചിത്രങ്ങളാക്കുന്നു. എന്നിട്ട് ഏതു സ്ഥലമാണോ ചിത്രീകരിക്കപ്പെട്ടത് അവിടേക്ക് ആ ചിത്രം അയയ്ക്കുന്നു. അതിനോടൊപ്പം പ്രത്യേകമായ ഒരു ലായകവും (Solvent). അവിടെയൊരാൾ ആ ലായകമുപയോഗിച്ച് ചിത്രം പൂർണ്ണമായും മായ്ക്കുന്നു. വെറും കടലാസ് അയാൾ ബാർട്ടിൽ ബൂത്തിന് തിരിച്ചയച്ചു കൊടുക്കുന്നു (...the paper returned to its blank virginity, page 433). ചിത്രങ്ങൾ പാടുപെട്ടു വരച്ചതിനു ശേഷം അവയെ ജിഗ്സൊ വിഷമ പ്രശ്നങ്ങളാക്കി മാറ്റി ലായകത്തിൽ മുക്കി ശൂന്യമായ കടലാസ്സുകളാക്കി പ്രദർശിപ്പിക്കുന്ന ഈ ചിത്രകാരൻ അർത്ഥശൂന്യങ്ങളായ പ്രവൃത്തികൾ ചെയ്യുന്ന നമ്മുടെയെല്ലാം ശാശ്വത പ്രതീകമല്ലേ? അതേയെന്നതിൽ സംശയമില്ല.

ബാർട്ടിൽ ബൂത്തിന്റെ കാഴ്ച ഇല്ലാതെയായി. 1975 ഏപ്രിൽ 25-ആം തീയതി അനിവാര്യമായതു സംഭവിച്ചു. ചിത്രകാരന്റെ 438-ആമത്തെ ചിത്രം നശിപ്പിക്കാനായി ടർക്കിയിലേക്കു പോയവർ വിസ്മയാവഹമായ മട്ടിൽ ഒരു കാറപകടത്തിൽ പെട്ടു മരിച്ചു. അതോടെ ബാർട്ടിൽ ബൂത്തിന്റെ മതാനുഷ്ഠാനപരമെന്ന പോലെയുള്ള ചിത്രനാശനപരിപാടി അവസാനിച്ചു. 1975 ജൂൺ 23. കാലത്ത് എട്ടു മണി. ബാർട്ടിൽ ബൂത്ത് ജിഗ്സൊ വിഷമ പ്രശ്നത്തിന്റെ മുമ്പിലിരുന്നു മരിച്ചു. On the table cloth, somewhere in the crepuscular sky of the four hundred and thirty-ninth puzzle, the blackhole of the sole piece not yet filled in has the almost perfect shape of an X. But the ironical thing, which could have been foreseen long ago is that the piece the deadman holds between his fingers is shaped like a W.

ജീവിത ചരിത്രം വരയ്ക്കുന്ന നമ്മൾ ഓരോരുത്തരും ബാർട്ടിൽ ബൂത്തിനെ പോലെയാണ്. അതിനെ വിഷമപ്രശ്നങ്ങളാക്കുന്നു അന്യർ. അതിനെ വീണ്ടും ചിത്രങ്ങളാക്കിയിട്ട് നമ്മൾ തന്നെ അതിനെ നശിപ്പിക്കുന്നു. അങ്ങനെ നശിപ്പിച്ച് നശിപ്പിച്ച് നമ്മൾ തന്നെ നാശത്തിലേക്ക്—മരണത്തിലേക്ക് ചെല്ലുന്നു. ധിഷണാപരമായ ഭാവനയുടെ അധിത്യകയിലെത്തിയ ഈ നോവൽ ഈ ശതാബ്ദത്തിലെ മാത്രമല്ല, എല്ലാ ശതാബ്ദങ്ങളിലെയും മനുഷ്യന്റെ ദുർദശയെ സ്ഫുടീകരിക്കുന്നു. കലയുടെ സൗന്ദര്യം കാണാൻ, പ്രജ്ഞാപരമായ ഭാവനയുടെ ഔന്നത്യം കാണാൻ ഷൊർഷ് പെരകിന്റെ Life A User's Manual എന്ന നോവൽ വായിക്കൂ എന്നാണ് എനിക്ക് വിനയപൂർവം വായനക്കാരോട് പറയാനുള്ളത്. 1982-ൽ പെരക് ക്യാൻസർ പിടിപെട്ടു മരിച്ചു. ജീവിച്ചിരുന്നുവെങ്കിൽ എന്തെന്ത് ഉജ്ജ്വലങ്ങളായ കൃതികൾ നമുക്ക് അദ്ദേഹത്തിൽ നിന്ന് ലഭിക്കുമായിരുന്നു.

ധൈഷണിക ഭാവന ജയിക്കുന്നു

അവിചാരിതങ്ങളായ കൂടിക്കാഴ്ചകളും സംഘട്ടനങ്ങളും അപമാനങ്ങളും സംഭവിക്കുന്ന രാജരഥ്യകളാണു തിരുവനന്തപുരത്തിന്റേത്. എപ്പോഴും പാടിക്കൊണ്ടു നടന്നിരുന്ന ഒരു ഗാനശകലം നമ്മൾ ഒരു ദിവസമങ്ങു മറക്കുന്നു. പെട്ടെന്ന് ഒരു നിമിഷത്തിൽ അതു നമ്മൾ ഓർമ്മിക്കുന്നു. വീണ്ടും മൂളുന്നു. ആഹ്ലാദത്തിൽ വീഴുന്നു. അതുപോലെ വർഷങ്ങളോളം മറന്നു കിടന്ന ഒരു സുഹൃത്ത് നമ്മുടെ മുൻപിൽ വന്നു നിന്ന് 'എന്നെ അറിയില്ലേ' എന്നു ചോദിക്കുകയാണ്. അപമാനങ്ങളോ? അവ യാദൃച്ഛികങ്ങളായ കൂടിക്കാഴ്ചകളേക്കാൾ എത്രയോ കൂടുതലാണ്.

മര്യാദയോടെ നടന്നു പോകുന്ന എത്രയെത്ര തരുണികളെയാണു കാഴ്ചയ്ക്കു മാന്യരെന്നു തോന്നുന്ന പുരുഷന്മാർ ഇടിക്കുന്നത്! വക്ഷസ് ലക്ഷ്യമാക്കിയുള്ള താഡനം ലക്ഷ്യത്തിൽ പതിച്ചില്ലെങ്കിലും ഭുജനത്തിലെങ്കിലും കൊള്ളും. അതിനും പറ്റിയില്ലെങ്കിൽ പുറം കൈ കൊണ്ടു സ്ത്രീകളുടെ പുറകു വശത്തു തട്ടും. ഇതൊക്കെക്കണ്ടു നമ്മുടെ സംസ്കാരലോപത്തിൽ ദുഃഖിച്ച് ഞാനൊരു ദിവസം റോഡിന്റെ ഇടതു വശം ചേർന്നു പോകുകയായിരുന്നു. എതിരേ വന്ന ഒരു സായ്പ് എന്നെ തടഞ്ഞു നിർത്തി മാതൃഭൂമി ആഴ്ചപ്പതിപ്പ് ഉയർത്തിക്കാണിച്ച് 'ഇതിൽ ഷൊർഷ് പെരക്കിനെക്കുറിച്ച് എഴുതിയതു നിങ്ങളാണോ' എന്നു വിനയപൂർവം ചോദിച്ചു. 'അതേ' എന്നു ഉത്തരം. വരൂ എന്ന് അദ്ദേഹം വിളിച്ചു. ഞങ്ങൾ ഒരു 'റെസ്റ്റാറന്റി'ൽ കയറിയിരുന്നു കാപ്പി കൊണ്ടുവരാൻ പറഞ്ഞിട്ടു സംഭാഷണം തുടങ്ങി.

സായ്പ് പറഞ്ഞു: 'അസാധാരണമായ ഒരു മാസ്റ്റർപീസാണു പെരക്കിന്റെ 'Life A User's Manual' എന്ന നോവൽ. ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുന്നവർക്കു മാത്രമല്ല, ഫ്രഞ്ച് അറിയാവുന്നവർക്കു പോലും അറിയാൻ പാടില്ലാത്ത ഒരു വലിയ നോവലിസ്റ്റായിരുന്നു പെരക്. അദ്ദേഹത്തിന്റെ മാസ്റ്റർപീസിനെക്കുറിച്ചു നിങ്ങൾ എഴുതിയതു കണ്ടപ്പോൾ എനിക്ക് അത്യധികമായ ആഹ്ലാദമുണ്ടായി. എവിടെ നിന്നു കിട്ടി ഈ നോവൽ? ഞാൻ സമുചിതമായ മറുപടി നൽകി. സായ്പ് എന്റെ ലേഖനം അച്ചടിച്ച ആഴ്ചപ്പതിപ്പിന്റെ പുറങ്ങൾ സാകൂതം വീക്ഷിക്കുകയും നോവലിസ്റ്റിന്റെ പടം കണ്ട് ആർദ്രനയനനായി ഇരിക്കുകയും ചെയ്തു. ആ പടം അദ്ദേഹം തലോടി. ലേഖനത്തിലൂടെ കൈയോടിച്ചു. മൃദുലതയോടെ. എന്നിട്ട് എന്നോടു പറഞ്ഞു: 'എന്റെ കൂട്ടുകാരനായിരുന്നു പെരക്ക്. റേമൊങ്ങ് കിനോ എന്ന വിശ്വവിഖ്യാതനായ ഫ്രഞ്ച് സാഹിത്യകാരൻ രൂപം കൊടുത്ത ഒരു സംഘടനയിലെ അംഗങ്ങളായിരുന്നു, ഞങ്ങളെല്ലാം. അമിതമായ പുകവലി കൊണ്ടു പെരക്കിനു തൊണ്ടയിൽ ക്യാൻസർ വന്നു. അദ്ദേഹം 1982-ൽ മരിച്ചു പോയി. നിങ്ങൾ മഹാനായ ആ സാഹിത്യകാരനെ കണ്ടെത്തിയതിലും അദ്ദേഹത്തെക്കുറിച്ച് എഴുതിയതിലും എനിക്ക് അനല്പമായ സന്തോഷമുണ്ട്. നിങ്ങൾ ഈ ലേഖനം ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തു തരണം. ഞാനതു ഫ്രഞ്ചിലാക്കി പാരീസിലെ ഏതെങ്കിലും പ്രമുഖ വാരികയിൽ പ്രസിദ്ധപ്പെടുത്തും". സായ്പ് മേൽവിലാസം തന്നു. ആഹ്ലാദവിവശനായി എന്നെ ആശ്ലേഷിച്ചു. സാത്ത്വികനായ അദ്ദേഹം അടുത്ത ദിവസം ഇവിടം വിട്ടുപോകുന്നുവെന്നാണ് എന്നോടു പറഞ്ഞത്. പിരിയുന്നതിനു മുമ്പ് അദ്ദേഹം ഇത്രയും കൂട്ടിച്ചേർത്തു. "ഞാൻ ഇവിടെ അക്കിത്തത്തേയും അയ്യപ്പപ്പണിക്കരേയും വേറെ ചില എഴുത്തുകാരേയും കണ്ടു. പലരും നിങ്ങളെക്കുറിച്ച് നല്ല അഭിപ്രായം പറഞ്ഞില്ല." ഞാൻ ചിരിച്ചതേയുള്ളൂ. നമുക്കു സ്വസ്ഥതയോടെ ഇവിടെ കഴിഞ്ഞു കൂടണമെങ്കിൽ മറ്റുള്ളവർ നമ്മളെക്കുറിച്ച് എന്തു പറയുന്നുവെന്ന് അന്വേഷിക്കാതിരിക്കുകയാണ് വേണ്ടത്. അതു ജീവിതവ്രതമാക്കിയ ഞാൻ അവർ എങ്ങനെ എന്നെ ദൂഷിച്ചു എന്നു പോലും ആ സായ്പിനോടു ചോദിച്ചില്ല.

അതിരിക്കട്ടെ. ജോയിസിന്റെ യൂലിസീസിനെപ്പോലും അതിശയിക്കുന്ന കലാസൗഭഗമാണ് പെരക്കിന്റെ നോവലിനുള്ളതെന്നു ഞാൻ ആ ലേഖനത്തിൽ വ്യക്തമാക്കിയിരുന്നു. എപ്പോഴും അളന്നു മുറിച്ച രീതിയിൽ സാഹിത്യ കൃതികളെക്കുറിച്ച് അഭിപ്രായമെഴുതുന്ന The times-literary supplement ഈ നോവലിനെ 'One of the great novels of the century' എന്നു വാഴ്ത്തിയിരുന്നു. ആവർത്തനമരുതല്ലോ. അതിനാൽ ഒരിക്കലെഴുതിയ ആ കലാസൃഷ്ടിയെക്കുറിച്ച് ഞാൻ വീണ്ടും എഴുതുന്നില്ല. ഇപ്പോൾ എഴുതാൻ ഭാവിക്കുന്നതു പെരക്കിന്റെ വേറൊരു മാസ്റ്റർപീസായ "W or The memmory of childhood" എന്ന കൃതിയെക്കുറിച്ചാണ്. റ്റൈംസിന്റെ Literary Supplement പോലെ നിഷ്പക്ഷമായി അഭിപ്രായം പറയുന്ന ജേണലാണ് ഇംഗ്ലണ്ടിലെ Listener B.B.C. അതു പെരക്കിന്റെ ഈ കൃതിയെക്കുറിച്ച് അഭിപ്രായമാവിഷ്കരിച്ചത് ഇങ്ങനെ: "Haunting and compelling. Chilling and totally effective... Must rank alongside the really crucial text in the literature of the Holocount, the testimony of the survivors".

പെരക്കിന്റെ ആദ്യത്തെ നോവൽ Les Choser-ന് പ്രിറെനോദൊ എന്ന സമ്മാനം കിട്ടി. Life A User's Mannual-നു പ്രി മേദീചി എന്ന സമ്മാനം ലഭിച്ചു. ആദ്യത്തെ നോവൽ ഞാൻ വായിച്ചിട്ടില്ല. രണ്ടാമത്തെ കൃതി തികച്ചും സങ്കീർണ്ണമാണ്. അതുപോലെ സങ്കീർണത ആവഹിക്കുന്ന കലാശില്പമാണ്. Wor The Memory of Childhood എന്നത്. ഇതു മനസിലാക്കാൻ തർജമക്കാരന്റെ പ്രസ്താവം സഹായിക്കും. "ഫ്രഞ്ച് അക്ഷരമാലയിലെ ഇരുപത്തിമൂന്നാമത്തെ അക്ഷരം ഇംഗ്ലീഷിലെന്നപോലെ ഇരട്ട 'V' ആയിട്ടാണ് എഴുതുക. ഫ്രഞ്ചിൽ 'W' എന്ന അക്ഷരം 'double-ve' എന്നും വിളിക്കപ്പെടുന്നു. പെരക്കിന്റെ ഇരട്ടക്കഥയുടെ പേര്—ഒളിമ്പിക് മാതൃകയുടെയും നഷ്ടപ്പെട്ട ശൈശവത്തിന്റെ കണ്ടെത്തലിന്റെയും ഇരട്ടക്കഥ—'U' (യൂ) എന്ന അക്ഷരത്തിന്റെ ഉച്ചാരണത്തോട് ഒരു വിധത്തിലും ബന്ധപ്പെട്ടതല്ല. അതു 'ഡബ്ൾവി' എന്നാണ് ഇതിന്റെ പുറങ്ങളിലൂടെ പ്രതിധ്വനിക്കുക" അങ്ങനെ രണ്ടാഖ്യാനങ്ങൾ ഇതിൽ ഇടകലർന്നിരിക്കുന്നു. ഒന്ന് പെരക്കിന്റെ ആത്മകഥ. രണ്ട് തികച്ചും സാങ്കല്പികമായ കഥ. ആത്മകഥയിൽ സവിശേഷതയാർന്ന സംഭവങ്ങളില്ല. ശൈശവത്തോടു ബന്ധപ്പെട്ട ചില സ്മരണകളും സർവസാധാരണങ്ങളായ സംഭവങ്ങളും മാത്രമേയുള്ളൂ. ആത്മകഥ രണ്ടോ മൂന്നോ പുറങ്ങളിൽ ആവിഷ്കരിച്ചിട്ടു പെട്ടെന്നു സാങ്കല്പിക കഥയിലേക്കു ഗ്രന്ഥകാരൻ പോകുന്നു. ആ കഥ അതുപോലെ രണ്ടോ മൂന്നോ പുറങ്ങളിൽ പ്രതിപാദിച്ചിട്ട് ആത്മകഥയിലേക്കു ചെല്ലുന്നു. ഇങ്ങനെ രണ്ടു കഥകൾ പ്രതിപാദിച്ചു കഴിയുമ്പോൾ ഒന്നു വേറൊന്നിലേക്കും, ആ വേറൊന്ന് ആദ്യത്തേതിലേക്കും പ്രകാശം വീഴ്ത്തുന്നു. പുസ്തകം വായിച്ച് അവസാനിപ്പിക്കുമ്പോൾ രണ്ടും ഒന്നായിത്തീരുന്നു. അന്യാദൃശമായ ടെക്നിക്കാണിതെന്നു ഞാൻ എടുത്തു പറയേണ്ടതില്ലല്ലോ.

നമുക്കു സാങ്കല്പികമായ കഥയിലേക്കു കടക്കാം. ഗാസ്പാർഡ് വിൻക്ലർ എന്ന യുവാവ് ലക്സംബർഗിനടുത്തുള്ള 'എച്ച്' എന്ന സ്ഥലത്തു താമസിക്കുമ്പോൾ അയാൾക്കു ഒരെഴുത്തു കിട്ടുന്നു. ഓട്ടോ എന്ന ആളിനെ കാണണമെന്ന നിർദ്ദേശമാണ് അതിലുള്ളത് സന്ദർശനം നടന്നു. ഓട്ടോ, ഗാസ്പാർഡിനോടു ചോദിച്ചു: "നിങ്ങൾക്കു നിങ്ങളുടെ പേരു നൽകിയ ആളിന് എന്തു സംഭവിച്ചുവെന്ന് എപ്പോഴെങ്കിലും നിങ്ങൾ ആലോചിച്ച് അദ്ഭുതപ്പെട്ടിട്ടുണ്ടോ?" ഈ ചോദ്യം കേട്ട് ഗാസ്പാർഡ് അമ്പരന്നു. അച്ഛൻ അയാൾക്കു നൽകിയ പേരിനെക്കുറിച്ചല്ല ഓട്ടോ ചോദിച്ചത്. ഗാസ്പാർഡ് വിൻക്ലർ എന്ന പേരിലുള്ള മറ്റൊരാളിനെപ്പറ്റിയാണ് അയാൾക്കറിയേണ്ടത്. ഊമയും ബധിരനുമായിരുന്ന എട്ടു വയസുള്ള മറ്റേ ഗാസ്പാർഡ് വിൻക്ളർ. ആ ബാലനും അവന്റെ അമ്മയും മറ്റു നാലുപേരും ചേർന്ന് ഒരു യാനപാത്രത്തിൽ കയറി യാത്രയായി. കൊടുങ്കാറ്റിൽ പെട്ട് അതു തകർന്നു; മുങ്ങി ഓട്ടോ ഒരു Shipwreck Victims' Relief Society-ക്കു വേണ്ടി ജോലി ചെയ്യുന്നവനാണ്. ആ സംഘടനയിലെ അംഗങ്ങൾ ചെന്നു നോക്കിയപ്പോൾ ബാലന്റെ മൃതദേഹം മാത്രമല്ല. ശേഷമുള്ള എല്ലാവരുടെയും ശവങ്ങൾ കണ്ടു. ഡെക്കിൽ നിന്ന് ആ ബാലൻ കടലിൽ വീണു പോയിരിക്കാനുമിടയില്ല.

അങ്ങനെയാണെങ്കിൽ അവന്റെ ഏതെങ്കിലും അവയവാംശമെങ്കിലും കിട്ടുമായിരുന്നു. ഓട്ടോയുടെ മുൻപിലിരുന്ന ഗാസ്പാർഡ് വിൻക്ലർ കാണാതെയായ ഗാസ്പാർഡ് വിൻക്ലറെ കണ്ടുപിടിക്കാൻ നിർബന്ധിതനായി. അയാൾ ആകെ കണ്ടത് ഡബ്ൾയൂ (W) എന്ന ദ്വീപു മാത്രം. അതു നൂതനമായ ഓലിംപിയ (Olympia) ആണ്. കായികവിനോദങ്ങൾക്കാണ് അവിടെ പ്രാധാന്യം. പരിശീലനത്തിനുള്ള സ്ഥലങ്ങൾ, കായികഭ്യാസക്കളരികൾ, നീന്തൽ കുളങ്ങൾ ഇവ കൊണ്ട് അവിടം നിറഞ്ഞിരിക്കുന്നു. സമ്മാനം നേടിയ കായികതാരങ്ങളെ അവിടെ ആദരിക്കുന്നു, അഭിനന്ദിക്കുന്നു. കായികാഭ്യാസികൾക്ക് അവിടെ പേരുകളില്ല; പരിഹാസപ്പേരുകളേയുള്ളൂ. അവരുടെ ശരീരങ്ങളുടെ സവിശേഷതയനുസരിച്ചു മുറിമൂക്കൻ, മുച്ചുണ്ടൻ എന്നൊക്കെയാണു വിളിക്കുക. ഈ പേരുകൾ അവരുടെ അനന്തരഗാമികൾക്കു കിട്ടും.


ഡബ്ൾയു ദ്വീപിലെ കായികവിനോദങ്ങളുടെ നിയമങ്ങൾ കാഠിന്യമാർന്നവയാണ്. ജയിച്ചവരെ മാനിക്കുന്നതു പോലെ തോറ്റവരെ പീഡിപ്പിക്കുകയും ചെയ്യും. ഓട്ടത്തിൽ ഒടുവിലെത്തുന്നവർ ഷൂസ് തിരിച്ചിട്ട് (ഉപ്പൂറ്റിയുടെ ഭാഗം വിരൽ ഭാഗത്തേക്കായി) ഓടിയേ മതിയാവൂ. ഇതിന്റെ ഫലമായി വിരലുകളും ഉപ്പൂറ്റിയുമെല്ലാം ക്ഷതമേൽക്കും. തകരും. പക്ഷേ, കായികതാരങ്ങളാണ് അവിടെ സുപ്രധാനരെന്നു കരുതരുത്. തീരെ നിസ്സാരന്മാരായ ഉദ്യോഗസ്ഥന്മാർ പോലും ശക്തരായ കായികാഭ്യാസികളെ വിറപ്പിക്കും. മാനേജർ ദേഷ്യത്തോടെ ഒന്നു നോക്കിയാൽ മതി, പ്രാഡ്വിവാകന്റെ വൈകാരികാവസ്ഥയ്ക്കു മാറ്റം വന്നാൽ മതി, ഏതു കായികാഭ്യാസിയുടെയും കഥ തീരും.

സ്വന്തം ജീവിതത്തെ നിയന്ത്രിക്കാൻ ഏതെങ്കിലും ജീവിതത്തിൽ നിന്നു പ്രതീക്ഷിക്കാൻ ഒരു താരത്തിനും കഴിയുകയില്ല. മഞ്ഞു കാലത്തെ മഞ്ഞും മഴക്കാലത്തെ മഴയും ചൂടുകാലത്തെ ചൂടും അവനെ ഒരുപോലെ പീഡിപ്പിക്കുന്നു. ഓടൂ. തീക്കൊള്ളികളുടെ പുറത്തുടെ ഓടൂ. ചതുപ്പുനിലങ്ങളിലൂടെ, ചെളിയിലൂടെ ഓടൂ. ചാടൂ, ഇഴയൂ. എഴുന്നേൽക്കൂ, മുട്ടുവളയ്ക്കൂ, വൃത്തത്തിലൂടെ ഓടൂ. മലർന്നു കിടക്കൂ. മണിക്കൂറുകളോളം, ദിനങ്ങളോളം, ദിനരാത്രങ്ങളോളം 'അറ്റൻഷ'നായി നിൽക്കൂ. വസ്ത്രം ധരിക്കൂ. വസ്ത്രമഴിക്കൂ, ഓടൂ, ചാടൂ, ഇഴയൂ, മുട്ടു കുത്തു ഇങ്ങനെയാണു കല്പനകൾ. യജമാനന്മാരുടെ ലോകമുണ്ട്, അടിമകളുടെ ലോകമുണ്ട്. യജമാനന്മാർ അപ്രാപ്യർ. അടിമകൾ തങ്ങളിൽത്തങ്ങളിൽ കടിച്ചു കീറൽ നടത്തുന്നു. പക്ഷേ, ദ്വീപിലെ കായികാഭ്യാസിക്ക് അതുപോലും അറിഞ്ഞുകൂടാ. അവൻ തന്റെ ഭാഗ്യനക്ഷത്രത്തെ കാത്തിരിക്കുന്നു. ഭാഗ്യം തന്നെ നോക്കി പുഞ്ചിരി പൊഴിക്കാൻ അവർ കാത്തിരുന്നു.

തന്റെ പേരുകാരനെ അന്വേഷിച്ച ഗാസ്പാർഡ് വിൻക്ലർ അയാളെ കണ്ടില്ല. കണ്ടതു ഡബ്ൾയു എന്ന ദ്വീപിനെ മാത്രം. ആ ദ്വീപിന്റെ സ്വഭാവം നമ്മൾ മനസ്സിലാക്കിക്കഴിഞ്ഞു. എന്താണു ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നത്? ശാസ്ത്രം വൈവിധ്യത്തിൽ ഏകത്വം ജനിപ്പിക്കുന്നു. ആപ്പിൾപ്പഴങ്ങൾ മരങ്ങളിൽ നിന്നു താഴത്തേക്കു വീഴുന്നു. ചന്ദ്രൻ അന്തരീക്ഷത്തിൽ നീങ്ങുന്നു. രണ്ടു വിധങ്ങളായ പ്രതിഭാസങ്ങൾ. ഇവയെ കൂട്ടിയിണക്കി ശാസ്ത്രജ്ഞൻ ഗുരുത്വാകർഷണ സിദ്ധാന്തത്തിനു രൂപം നൽകുന്നു. ഇതാണു വൈവിധ്യത്തിൽ ഏകത്വമുണ്ടാകുന്ന മാർഗം. പക്ഷേ, മനുഷ്യനെ സംബന്ധിച്ച് ഇതു ശരിയാവുകയില്ല. ഓരോ വ്യക്തിയും അസദൃശ്യമത്രേ. അങ്ങനെ വിഭിന്നരായ മനുഷ്യരെ സമീകരിച്ചാൽ സമഗ്രാധിപത്യത്തിനു രൂപം നൽകിയാൽ—അതു ഭയപ്രദമായിരിക്കും. ഈ ഭയങ്കരമായ ലോകത്ത്—ദ്വീപിൽ തന്റെ 'ഐഡന്റിറ്റി' അന്വേഷിച്ചു ചെല്ലുന്നവർ പരാജയപ്പെടും. അന്യന്റെ ഐഡന്റിറ്റിയും' കണ്ടെത്താനാവില്ല. ഗാസ്പാർഡ് വിൻക്ലർ പരാജയപ്പെട്ടു. നമ്മളോരോരുത്തരും ഗാസ്പാർഡ് വിൻക്ലർമാരാണ്. സമഗ്രാധിപത്യം നാത്സിസമായോ പ്രത്യക്ഷപ്പെടട്ടെ. മനുഷ്യന്റെ മനുഷ്യത്വം ചവിട്ടിയരക്കപ്പെടും.

1936-ലാണു പെരക്കിന്റെ ജനനം. 1982-ൽ അദ്ദേഹം മരിച്ചു. കൊച്ചുകുട്ടിയായിരുന്നെങ്കിലും പെരക് രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ കണ്ടു മനസ്സിലാക്കി ജൂതരെ ജീവനോടെ ഹിറ്റ്ലർ അഗ്നിയിലേക്ക് എറിയുന്നതു കണ്ടു. അദ്ദേഹത്തിന്റെ ശൈശവം യാതനാ നിർഭരമായിരുന്നു. തീവ്രവേദനയാർന്ന ആ ശൈശവകാലത്തിന്റെ ചിത്രം ഈ നോവലിൽ ഒന്നിടവിട്ട് ആവിഷ്കൃതമാകുന്നു. ഗാസ്പാർഡ് വിൻക്ലർ 'ഐഡന്റിറ്റി' അന്വേഷിച്ചതു പോലെ പെരക്കും അതന്വേഷിച്ചു. അന്വേഷിച്ച അദ്ദേഹത്തിന് അക്കാലത്തെ ചരിത്രപ്രവാഹത്തിൽ നിന്നു മാറി നില്ക്കാൻ കഴിഞ്ഞില്ല. അതിലൂടെ ഒഴുകാൻ നിർബന്ധനായ ഒരാളിന്റെ വേദനകളാണ് ഈ നോവലിൽ. ഡബ്ൾയു ദ്വീപിലെ സവിശേഷതകൾ പെരക്കിന്റെ ജീവിതത്തിൽ പ്രകാശം വീഴ്ത്തുന്നു. അദ്ദേഹത്തിന്റെ ജീവിതം ദ്വീപിലെ ജീവിതത്തിലേക്കും. ധൈഷണിക ഭാവന കൊണ്ട് അനാദൃശ്യമായ ഒരു കലാലോകം സൃഷ്ടിച്ചിരിക്കുകയാണ് മഹാനായ ഈ നോവലിസ്റ്റ്.

ഉന്നതശൃംഗങ്ങൾക്കൊപ്പം ഈ മനുഷ്യസ്നേഹി



കേമീലോ ഹോസേ തേല

ഉറങ്ങുന്ന വേളയിൽ നമ്മളെല്ലാവരും ഒരു പോലെയാണ് എന്നൊരു ചൊല്ലുണ്ട്. അതിന്റെ അർത്ഥം ഉണർന്നെഴുന്നേറ്റാൽ ആ സാദൃശ്യം അവസാനിക്കുമെന്നാണല്ലോ. ഉണർന്നിരിക്കുന്നവർക്കു തുല്യതയില്ലെങ്കിൽത്തന്നെയും ചിലർ മേലേക്കിടയിലാണ് എന്നതും സത്യം തന്നെ. അങ്ങനെ ഔന്നത്യത്തിൽ എത്തിയവർക്കാണ് സമ്മാനങ്ങൾ കിട്ടുക.

ഇല്യസ് കനേറ്റി, ഗാർസിആ മാർകേസ് ഇവർക്കു സാഹിത്യത്തിലുള്ള നോബൽ സമ്മാനം ലഭിച്ചപ്പോൾ അവരുടെ ഉൽകൃഷ്ടതയിൽ ആർക്കും സംശയമുണ്ടായില്ല. അതല്ലായിരുന്നു ഗോൾഡിംഗിനും സ്റ്റെൻബക്കിനും പേൾബക്കിനും സമ്മാനം കിട്ടിയപ്പോൾ ഉണ്ടായ അവസ്ഥാവിശേഷം. അവർ ജാഗ്രദവസ്ഥയിൽ തന്നെയായിരുന്നു. എങ്കിലും മാർകേസിനെ പോലെ, കനേറ്റിയെ പോലെ അവർ സമ്പൂർണ്ണമായ ജാഗരിത സ്ഥിതിയിൽ അല്ലായിരുന്നുവെന്നു കരുതിയവരുടെ കൂട്ടത്തിൽ ഈ ലേഖകനുമുണ്ട്. അടുത്ത കാലത്ത് സമ്മാനിതമായ കേമീലോ ഹോസേ തേല എന്ന സ്പാനിഷ് നോവലെഴുത്തുകാരനോ? അദ്ദേഹം മാർകേസിനെ പോലെ, കനേറ്റിയെ പോലെ, കമ്യൂവിനെ പോലെ പ്രബോധിത സ്ഥിതിയിൽത്തന്നെ.



ഗോൾഡിംഗ്

All... are equal, but some... are more equal than others എന്ന് ഒരാൾ പണ്ടു പറഞ്ഞില്ലേ? ആ "കൂടുതൽ സാദൃശ്യ"മാണു തേലയ്ക്കുള്ളത്. അതു മനസ്സിലാക്കണമെങ്കിൽ അദ്ദേഹത്തിന്റെ നോവലുകളും ചെറുകഥകളും വായിക്കണം.



സ്റ്റെൻബക്ക്

തേല 1916 മെയ് മാസം 11-നു സ്പെയിനിലെ തുറമുഖ പട്ടണമായ ലാ കൊറൂന്യായിൽ (La Coruna) ജനിച്ചു. 1942-ൽ പ്രസിദ്ധപ്പെടുത്തിയ 'The Family of Pascual Duarte' എന്ന നോവൽ (പാസ്കൂ അൽ ഡ്വാർതയുടെ കുടുംബം). അദ്ദേഹത്തിനു രാഷ്ട്രാന്തരീയ പ്രശസ്തിയുണ്ടാക്കി. സ്പെയിനിലെ പ്രാചീന 'പിക്കറെസ്ക്' നോവലുകളിലെ കലാസങ്കേതം സ്വീകരിച്ച് അദ്ദേഹം ഒരു കൊലപാതകിയുടെ കഥ ആവിഷ്കരിച്ചപ്പോൾ സ്പെയിനിലെ ജനത പ്രകമ്പനം കൊണ്ടു (വിരുതന്മാരുടെയും തസ്കരന്മാരുടെയും കഥ പറയുന്ന നോവലാണു പിക്കറെസ്ക് നോവൽ).

നോവലിലെ വർണ്ണനകളും സംഭവ സന്നിവേശങ്ങളും ആ പ്രകമ്പനത്തിനു കാരണങ്ങളാണെങ്കിലും സ്പെയിനിലെ സവിശേഷമായ രാഷ്ട്രീയ പശ്ചാത്തലം കൂടി അതിനു ഹേതുവായി ഭവിച്ചു. 1936 തൊട്ട് 1939 വരെയായിരുന്നു സ്പെയിനിലെ ആഭ്യന്തര സമരം. ആ സമരം തന്നെ അടുത്തു ഉണ്ടാകാൻ പോകുന്ന രണ്ടാം ലോകമഹായുദ്ധത്തിന്റെ ഒരു റിഹേഴ്സലായിരുന്നത്രേ. ഫ്രാങ്കോയ്ക്കു വേണ്ടി പ്രവർത്തിച്ച ജർമ്മൻ ഭടന്മാർ സ്പെയിൻ ജനത യുദ്ധത്തിൽ എങ്ങനെ പ്രതികരിക്കുമെന്നറിയാൻ വേണ്ടി അവിടത്തെ പ്രധാന നഗരങ്ങളിൽ തുടർച്ചയായി ബോംബ് വർഷിച്ചു. ആശുപത്രികൾ പോലുള്ള ചില സ്ഥാപനങ്ങളെ ഒഴിവാക്കികൊണ്ടു ഫ്രാങ്കോയുടെ അറിവോടു കൂടി നടത്തിയ ഈ ബോംബാക്രമണത്തിൽ ആയിരക്കണക്കിന് സ്പെയിൻകാർ മരിച്ചു. ഇമ്മട്ടിലുള്ള കൂട്ടക്കൊലകൾ ആവർത്താവർത്തിച്ച് ഉണ്ടായി. 1937 ഏപ്രിൽ 26-നു ജർമ്മൻ സൈന്യം വടക്കൻ സ്പെയിനിലെ ഗേർണിക്കാ നഗരം ബോംബിട്ടു നശിപ്പിച്ചു. നാലു മണിക്കൂറായിരുന്നു ആക്രമണം. അപ്പോഴും ആയിരമായിരം ആളുകൾ മരിച്ചു. ഫാസിസ്റ്റുകൾ, റിപ്പബ്ലിക്കുകാരെയും ഇടതുപക്ഷക്കാരെയും പരാജയപ്പെടുത്തി രാജ്യം കൈവശമാക്കി. സ്പെയിനിലുള്ളവർ മാത്രമല്ല ലോകജനത തന്നെ ഞെട്ടിപ്പോയി. ഈ ഞെട്ടലും പേടിയുമാണു തേലയുടെ ആദ്യത്തെ നോവലുളവാക്കിയത്.

കൂട്ടക്കൊലപാതകങ്ങളും വിദ്വേഷങ്ങളും താണ്ഡവനൃത്തം നടത്തുന്ന സ്പെയിൻ. അതിന്റെ സൂക്ഷ്മാകാരമാർന്ന ഡ്വാർത കുടുംബം. ആ കുടുംബത്തിലെ പ്രധാനനായ അംഗം പാസ്കൂഅൽ ഡ്വാർത തന്നെയാണ്. അയാൾ ജീസസ് ഗൊൺ താലേത്ത് എന്നൊരു ജന്മിയെ കൊന്നു. കൊന്നതിനു വധശിക്ഷയാണു കിട്ടിയത്. ജയിലിൽ കിടന്നു കൊണ്ട് അയാൾ ഓർമ്മക്കുറിപ്പുകൾ എഴുതുന്നു. ആ സ്മരണകളിലൂടെ വായനക്കാർ നൃശംസതയുടേയും വിദ്വേഷത്തിന്റെയും ഭീകരകഥകൾ അറിയുന്നു.

നോവലിന്റെ തുടക്കത്തിൽ തന്നെയുണ്ടായ ഭയാനകത്വം. ഡ്വാർതയുടെ അച്ഛൻ പേപ്പട്ടി കടിച്ചു മരിച്ചു. അയാളുടെ അമ്മയ്ക്കു റാഫിയൽ എന്നൊരുത്തനോടു ലൈംഗികബന്ധമുണ്ട്. ക്രൂരനായ അയാൾ ഡ്വാർതയുടെ സഹോദരൻ മാറിയോയുടെ ചെവിയുണ്ടായിരുന്ന ഭാഗത്തു ആഞ്ഞൊരു ചവിട്ടു കൊടുത്തു. ചെവി എവിടെ പോയി എന്ന ചോദ്യമുണ്ടാകാം. ഒരു പന്നി അവന്റെ ചെവികൾ കടിച്ചു മുറിച്ചു കളഞ്ഞിരുന്നു. ആ ഭാഗത്തായിരുന്നു റാഫിൽ ചവിട്ടിയത്.

ഏതമ്മയ്ക്കും മകന് ഏൽക്കേണ്ടിവരുന്ന പീഡനം വേദന ജനിപ്പിക്കുന്നതാണല്ലോ. പക്ഷേ, മാറിയോയുടെ അമ്മ ജാരപുരുഷന്റെ ചവിട്ടുകണ്ട് ആഹ്ലാദിക്കുകയാണു ചെയ്തത്. കുറെക്കാലത്തിനു ശേഷം മാറിയോ മരിച്ചിട്ടും അവൾക്കു ദുഃഖമുണ്ടായില്ല. ആ ക്രൂരത കണ്ടപ്പോൾ ഡ്വാർതയുടെ വിദ്വേഷം ആളിക്കത്തി. ആ ആളിക്കത്തലാണ് നോവലിലാകെയുള്ളത്. തുടർന്നു പല കൊലപാതകങ്ങളും ഡ്വാർത നടത്തി. തന്റെ ഭാര്യ ലോലയെ ഗർഭിണിയാക്കിയ ലോപസിനെ അയാൾ നിഗ്രഹിച്ചു. ശണ്ഠയുണ്ടായപ്പോൾ തന്റെ ഒരു മുലക്കണ്ണു കടിച്ചു പറിച്ച അമ്മയുടെ കഴുത്ത് അയാൾ മുറിച്ചു. അവളുടെ രക്തത്തിന് ആട്ടിൻ കുട്ടിയുടെ രക്തത്തിന്റെ സ്വാദുണ്ടായിരുന്നു എന്നാണു ഡ്വാർത പറഞ്ഞത്. അമ്മയുടെ രക്തത്തിലൂടെ വിദ്വേഷം കഴുകിക്കളയാൻ ശ്രമിക്കുന്ന ഡ്വാർത ഒന്നിനൊന്ന് എക്സിസ്റ്റെൻഷ്യൽ ഔട്ട്സൈഡറായി അസ്തിത്വവാദത്തോടു ബന്ധപ്പെട്ട അന്യതയുള്ളവനായി മാറുന്നു.

ഫ്രാങ്കോയുടെ രാജ്യത്ത് ഓരോ പൗരനുമുണ്ടായ അന്യവത്ക്കരണ ബോധത്തിനു തുല്യം തന്നെയാണിത്. ഭരണത്തിന്റെ ക്രൂരത കൊണ്ടു തകർച്ചയുണ്ടാകുമ്പോൾ ഡ്വാർതയെ പോലെ പ്രതികരിക്കേണ്ടതാണ് എന്നാണു തേല പരോക്ഷമായി സ്പെയിൻ ജനതയെ അറിയിച്ചത്. അധികാരികൾക്ക് അതു മനസിലായി. അവർ ആ സാഹിത്യ കൃതിക്കു നിരോധനം ഏർപ്പെടുത്തി. തേലയുടെ നോവലിനെ Tremendista എന്നു നിരൂപകർ വിളിച്ചു. ട്രിമൻഡസ് ആയതിനെ—ഭീമാകാരമാർന്നതിനെ, ഭയജനകമായതിനെ—Tremendista എന്നു സ്പാനിഷ് ഭാഷയിൽ പറയും. ആ പ്രസ്ഥാനം Tremendismo. തേലയുടെ ഈ നോവലാണു ട്രിമൻഡിസ്മോ പ്രസ്ഥാനം ഉദ്ഘാടനം ചെയ്തത്.

സൊൾഷെനിറ്റ്സിൻ ഒരിക്കൽ പറഞ്ഞു: "സമകാലിക സമുദായത്തിന്റെ പ്രാണവായുവല്ലാത്ത സാഹിത്യം ആ സമുദായത്തിന്റെ വേദനകളും പേടികളും പകർന്നു തരാത്ത സാഹിത്യം, സാന്മാർഗികവും സാമൂഹികവുമായ അപകടങ്ങളെപ്പറ്റി മുന്നറിയിപ്പു തരാത്ത സാഹിത്യം—അങ്ങനെയുള്ള സാഹിത്യത്തിനു സാഹിത്യമെന്ന പേരിന് അർഹതയില്ല. അത്തരം സാഹിത്യത്തെ സംബന്ധിച്ച് അതിന്റെ ആളുകൾക്കുള്ള വിശ്വാസം നഷ്ടപ്പെടുന്നു. ആളുകൾ അതു വായിക്കുന്നില്ല. ചവറു കടലാസായിട്ടാണ് ആളുകൾ അതിനെ കാണുക. പീകാസോയുടെ 'ഗേർണിക്ക' എന്ന ചിത്രം അന്നത്തെ സമുദായത്തിന്റെ ഭയാശങ്കകളെ ആവിഷ്കരിച്ചു. തേല അനുഷ്ഠിച്ച കൃത്യവും അതു തന്നെ.

'പാസ്കൂഅൽ ഡ്വാർതയുടെ കുടുംബ'മാണു തേലയുടെ മാസ്റ്റർപീസെന്നു കരുതുന്നവരുണ്ട്. അതല്ല 1951-ൽ പ്രസിദ്ധപ്പെടുത്തിയ The Hive എന്ന നോവലിനാണ് ആ സ്ഥാനം നൽകേണ്ടതെന്നു വേറെ ചിലർ അഭിപ്രായപ്പെടുന്നു. എതായാലും ശക്തിയാർന്ന കലാസൃഷ്ടി തന്നെയാണ് ഇതും. പക്ഷേ, ഈ കൃതിയിൽ പ്രത്യക്ഷനാകുന്ന തേല ട്രിമൻഡിസ്മോ പ്രസ്ഥാനത്തിന്റെ സ്തോതാവല്ല. വിശപ്പു കൊണ്ടു യാതന അനുഭവിക്കുന്ന മാഡ്രിഡ് നിവാസികളുടെ സുഹൃത്താണ്. ഇരുനൂറോളം കഥാപാത്രങ്ങളെക്കൊണ്ടു പ്രവർത്തിപ്പിക്കുകയും സംസാരിപ്പിക്കുകയും ചെയ്യുന്ന നോവലിസ്റ്റിന് ഇതിവൃത്തത്തെക്കുറിച്ച് ഒരു പരിഗണനയുമില്ല. ആഖ്യാനമാണു നോവലിനു ജീവൻ നല്കുന്നതെന്ന വിചാരവും അദ്ദേഹത്തിനില്ല.

ആഭ്യന്തരയുദ്ധത്തിനു ശേഷം നാലു വർഷം കഴിഞ്ഞുള്ള മാഡ്രിഡ് നഗരത്തെയാണു തേല ഈ നോവലിൽ ചിത്രീകരിക്കുന്നത്. പാവങ്ങൾ വിശപ്പു കൊണ്ടു പുളയുന്നു. പണമെവിടെ കിട്ടുമെന്ന് അന്വേഷിച്ചു പരക്കം പായുന്നു. പണമുള്ളവർ പട്ടിണിപ്പാവങ്ങളെ ചൂഷണം ചെയ്യുന്നു. ഡോന്യ റോസ എന്ന കഥാപാത്രം ചൂഷണം നടത്തുന്ന ആളുകളുടെ ശാശ്വത പ്രതീകമാണ്, ഒരു ഭക്ഷണശാലയുടെ ഉടമസ്ഥയാണ് അവൾ. മാഡ്രിഡിൽ അവൾക്കു പല കെട്ടിടങ്ങളുമുണ്ട്. അവയിൽ പാർക്കുന്നവരിൽ നിന്നു റോസ വലിയ തുകകൾ വാടകയായി വാങ്ങിക്കുന്നു. എന്നിട്ടും അവരെ ഭീഷണിപ്പെടുത്തുന്നു.

മാഡ്രിഡ് പട്ടണം Hive—തേനീച്ചക്കൂടാണെങ്കിൽ ആ തേനീച്ചക്കൂടിന്റെ സൂക്ഷ്മാകാരമാണു റോസയുടെ ഭക്ഷണശാലയെങ്കിൽ—പാവപ്പെട്ട കൊച്ചു തേനീച്ചകൾ സംഭരിക്കുന്ന തേനിന്റെ ഉടമസ്ഥയാണു റോസ. ഉടമസ്ഥ പ്രവർത്തിക്കുന്നില്ല, അനങ്ങുന്നതേയില്ല. പക്ഷേ, അവൾ ധനത്തിന്റെയെല്ലാം ഉടമസ്ഥയാണ്. അവൾ ചൂഷണം ചെയ്യുന്നവരുടെയെല്ലാം പ്രതിനിധിയും. തേനീച്ചക്കൂട്ടിൽ നിസഹായാവസ്ഥയിൽ കഴിയുന്ന അനേകം തേനീച്ചകൾക്കല്ല പ്രാധാന്യം അവയെ ഭരിക്കുന്ന രാജ്ഞിക്കാണ്. സ്പെയിനിൽ കാപ്പിറ്റലിസ്റ്റുകൾ ചൂഷണം നടത്തുന്നു. സംഖ്യാബലം ഉണ്ടെങ്കിലും അശക്തരായ ജനങ്ങൾ പട്ടിണി കിടക്കുന്നു.

നോക്കൂ, ഫ്രാങ്കോ ഇതാണു നിങ്ങളുടെ ഭരണത്തിന്റെ ഫലം എന്നു തേല പറയുന്നതു നമ്മൾ കേൾക്കുന്നു. ഫ്രാങ്കോയുടെ സർക്കാർ അദ്ദേഹത്തിന്റെ നോവൽ നിരോധിച്ചു. തേല നാടുവിട്ടു പോവുകയും ചെയ്തു. ആദ്യത്തെ നോവൽ കൊണ്ടു ട്രിമിൻഡിസ്മോ പ്രസ്ഥാനം ഉദ്ഘാടനം ചെയ്ത് ഈ കലാകാരൻ 'ദ് ഹൈവ്' എന്ന നോവൽ കൊണ്ട് Objectivismo എന്നൊരു പ്രസ്ഥാനം ഉദ്ഘാടനം ചെയ്തു. ഛായാഗ്രഹണ രീതിയിൽ വസ്തുതകളെ ആവിഷ്കരിക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ സവിശേഷത. ഫോട്ടോ എടുക്കുന്നവനെ ചിത്രത്തിൽ കാണില്ലല്ലോ. അതുപോലെ ഈ പ്രസ്ഥാനത്തിൽ പെട്ട നോവലിൽ നോവലിസ്റ്റിനെയും കാണുകയില്ല. തേലയുടെ ആദ്യത്തെ നോവലിൽ അദ്ദേഹം സ്പഷ്ടത ആവഹിച്ച് നമ്മുടെ മുമ്പിൽ നിൽക്കുന്നു. രണ്ടാമത്തെ നോവലിൽ അദ്ദേഹമുണ്ടെന്നു പോലും നമ്മൾ അറിയുന്നില്ല.

ഈ ടെക്നിക്—കലാസങ്കേതം—തന്നെയാണ് അദ്ദേഹത്തിന്റെ ചെറുകഥകളിലുമുള്ളത്. ലോകസാഹിത്യത്തിലെ ഉൽകൃഷ്ടങ്ങളായ ചെറുകഥകളിൽ പെടും തേലയുടെ A Misunderstood Genius എന്നത്. തെറ്റിദ്ധരിക്കപ്പെട്ട കലാകാരൻ തിമോത്തിയോയാണ്. അയാളൊരു വ്യാജ കലാകാരനാണെന്നു പട്ടണത്തിലുള്ള എല്ലാവർക്കുമറിയാം. അതുകൊണ്ടു സ്ത്രീകൾ അയാളെ പരിഹസിച്ചു: "തിമോത്തിയോ, നിങ്ങൾ വല്ല പുണ്യവാളന്റെയും മറ്റോ പ്രതിമ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയാണോ?" ഇങ്ങനെയുള്ള അധിക്ഷേപ വചനങ്ങൾ കേട്ടു കേട്ടു തിമോത്തിയോ നന്നേ വിഷമിച്ചു.

അങ്ങനെയിരിക്കെ അവിടെ ഒരു സ്വീഡൻകാരി വന്നെത്തി. അവൾ വീഞ്ഞു പുളിക്കാതിരിക്കാനുള്ള 'കൺസെർവൊൾ' വിൽക്കുന്നവളായിരുന്നു. 'Do you want to keep your wine from turning sour, from spoiling?' എന്ന് ഓരോ കടയിലും ചെന്നു ചോദിക്കും. വ്യാപാരം ഫലപ്രദമായിരുന്നില്ല. എങ്കിലും അവൾ 'കൺസെർവൊൾ' കൊണ്ടു നടന്നു. ഒരു ദിവസം തിമോത്തിയോയും അവരും കണ്ടുമുട്ടി. കാമത്തിന്റെ ഒരയസ്കാന്ത പ്രവാഹം രണ്ടുപേരുടെയും ഇടയ്ക്ക് ഒഴുകിത്തുടങ്ങി.

തിമോത്തിയോ: രണ്ടു ഹൃദയങ്ങൾ ഒരുമിച്ചു സ്പന്ദിക്കുന്നു.

അവൾ: ഹ, ഹ.

തിമോ: ജീവിതത്തിന്റെ പാതയിൽ തല ചായ്ക്കാൻ ഒരു തോള്.

അവൾ: ഹ, ഹ.

ഒരു മൂട്ട അവളുടെ കഴുത്തിലൂടെ നീങ്ങുകയായിരുന്നു. "സൂക്ഷിക്കു, അത് അകത്തേക്കു വീഴും" എന്നു അയാൾ മുന്നറിയിപ്പു നൽകി. അവൾ മൂട്ടയെ പിടിച്ചു വിരലുകൾക്കിടയിൽ വച്ച് അതിനെ അമർത്തി കൊന്നു. എന്നിട്ട് അതിന്റെ ശവം കസേരയുടെ താഴെ വച്ചു.

തിമോത്തിയോ: തേനേ കേൾക്കു.

അവൾ: എന്തു?

തിമോ: ഒന്നുമില്ല. അതു കേൾക്കാൻ എങ്ങനെയിരിക്കുമെന്ന് നോക്കുകയായിരുന്നു.

എന്തിനധികം പറയുന്നു? അവൾ അയാളുടെ ഭാര്യയായി. ഏതു ഭാര്യയും ഭർത്താവിനെ സമുദായത്തിൽ മാന്യനാക്കാൻ യത്നിക്കുമല്ലോ. കലയെക്കുറിച്ച് ഒന്നുമറിഞ്ഞു കൂടാത്ത തിമോത്തിയോയെ അവൾ പ്രതിമാ നിർമ്മാതാവാക്കി. അവൾ തന്നെയാണു പട്ടണത്തിൽ നിന്നു കളിമണ്ണു വാങ്ങിക്കൊണ്ടു വന്നത്. അയാൾ അതു റൊട്ടിയുടെ മട്ടിൽ ഉരുട്ടി വച്ചിട്ട്, Girl in street clothes എന്നു പേരിട്ടു. അങ്ങനെ പല പ്രതിമകൾ നിർമ്മിച്ചു. Girl in Evening clothes, Girl in bathing suit, Mother hood, father hood, പ്രതിമകൾ ഏറെയായപ്പോൾ ബഹുജനത്തിന്റെയും, നിരൂപകരുടെയും അംഗീകാരം നേടാനായി അവൾ ഒരു പ്രദർശനം ഏർപ്പാടു ചെയ്തു. കാലത്ത് ഏഴു മണിക്കും ഒമ്പതു മണിക്കുമിടയ്ക്കാണു പ്രദർശനം നടക്കുക. ആ സമയത്താണു വിദ്യാർത്ഥികൾ അലക്കുകാരികളുമായി കൈകോർത്തു നടക്കുക. ആ സമയത്താണു പട്ടാളക്കാർ വേലക്കാരികളുടെ പുറകെ പോകുക. അപ്പോഴാണു ഗൃഹസ്ഥൻമാർ ടൈപ്പു ചെയ്യുന്ന പെണ്ണുങ്ങളെ കാപ്പി കുടിക്കാൻ കൊണ്ടു പോവുക. ആ സമയത്താണു പ്രായം കൂടിയ മാന്യൻമാർ ബ്രാൻഡിയും സോഡയും ചേർത്ത് കഴിക്കുക. പ്രദർശനം കാണാൻ ആരുമെത്തിയില്ല. തന്റെ കല മനസ്സിലാക്കാൻ ആളുകൾക്കു കഴിവില്ല എന്നായിരുന്നു തിമോത്തിയോയുടെ പരാതി. പ്രദർശന സമയത്തു ഒരുത്തി വാതിൽ തള്ളിത്തുറന്നു ചോദിച്ചു "Do you have any knit underwear?"—തുന്നിയ അണ്ടർവെയറുണ്ടോ?

പ്രദർശന സ്റ്റാൾ അടച്ചു. തെറ്റിദ്ധരിക്കപ്പെട്ട കലാകാരനും ഭാര്യയും അപ്രത്യക്ഷരായി. വീട്ടിലെ സാധനങ്ങളെല്ലാം അതുപോലെ ഇരിക്കുന്നു. അതുകൊണ്ട് അവർ തിരിച്ചു വരുമെന്ന് എല്ലാവരും കരുതി പക്ഷേ, തിരിച്ചെത്തിയില്ല. അവർ ആത്മഹത്യ ചെയ്തോ! ചെയ്തെങ്കിൽ പത്രത്തിൽ വാർത്ത വരുമായിരുന്നല്ലോ. അതുമില്ല. കുറെ മാസത്തിനു ശേഷം അവരെക്കുറിച്ച് അറിവു കിട്ടി. തിമോത്തിയോയും ഭാര്യയും ഗ്രാമങ്ങളിൽ കൺസർവൊൾ കൊണ്ടു നടന്ന് വിൽക്കുകയാണ്.


ഹാസ്യത്തിന്റെ പരകോടിയിലെത്തിയ ഈ നീണ്ട ചെറുകഥയിൽ ചലച്ചിത്രങ്ങളിലെ രംഗങ്ങൾ പോലെയുള്ള നിരവധി രംഗങ്ങളുണ്ട്. ഓരോന്നും ഹാസ്യാത്മകം. ഓരോന്നും സമൂഹ വിമർശനപരം. ഓരോന്നും വസ്തുനിഷ്ഠം.

തേല അനുഗ്രഹീതനാണെന്നു മാത്രം പറഞ്ഞാൽ പോര. അസാധാരണമായ വിധത്തിൽ അനുഗ്രഹീതനത്രേ. സ്വന്തം നാട്ടിലേക്കും സ്വന്തം ജനങ്ങളിലേക്കും കണ്ണുകളൂന്നി 'തങ്കരേക്കുറ' തൂലിക കൊണ്ട് എഴുതുകയാണു തേല.

അദ്ദേഹത്തിന്റെ Village Idiot എന്ന ചെറുകഥയെക്കുറിച്ചു കൂടി പറയേണ്ടതുണ്ട്.

അദ്ദേഹം മനുഷ്യസ്നേഹിയായും പ്രത്യക്ഷനാകുന്നു. സ്വീഡിഷ് അക്കാദമി അങ്ങനെയൊരു മഹാനെ കണ്ടെത്തിയതു ലോക ജനതയ്ക്കു ആഹ്ലാദദായകമായി ഭവിച്ചിരിക്കുന്നു.

പോയ്യോയത്ത് വസന്തകാലം


ദസ്തെയെവ്സ്കി

മതനിന്ദകരെ വിചാരണ ചെയ്ത കുറ്റിയിൽ കെട്ടി എരിച്ചിരുന്നു സ്പെയിനിൽ ഇൻക്വിസിഷൻ കാലത്ത്. ഇങ്ങനെ എരിക്കുന്നതിനെ സ്പാനിഷ് ഭാഷയിൽ 'ഔട്ടോ ദഫേ' എന്നു പറയാം. ഇൻക്വസിഷൻ നടക്കുന്ന കാലയളവിനോട് അനുബന്ധിച്ച് ഒരു കഥ നിർമ്മിച്ചിട്ടുണ്ട്. മഹാനായ ദസ്തെയെവ്സ്കി. അദ്ദേഹത്തിന്റെ 'കാരമാസോവ് സഹോദരന്മാർ' എന്ന നോവലിലെ ഒരു കഥാപാത്രമാണ് ആ കഥ മറ്റൊരു കഥാപാത്രത്തോടു പറയുന്നത്. സ്പെയിനിലെ സെവിൻ പട്ടണത്തിലാണു കഥ നടക്കുക. കുറ്റികളിൽ മനുഷ്യർ വെന്തെരിയുന്ന കാലം. യേശു ക്രിസ്തുവിന് അവിടെ വരണമെന്നു തോന്നി. തീർച്ചയായും അതു ദ്വയാഗമനമല്ലായിരുന്നു. കിഴക്കൻ ദിക്കിൽ നിന്നു മിന്നൽ പോലെ വന്നു പടിഞ്ഞാറൻ ദിക്കിനെയും പ്രശോഭിപ്പിക്കും എന്നമട്ടിൽ താനാഗമിക്കുമെന്നാണല്ലോ യേശു പറഞ്ഞത്. പക്ഷേ, അത് അത്തരത്തിലൊരു സന്ദർശനമായിരുന്നില്ല. തന്റെ കുഞ്ഞുങ്ങളെ കാണാൻ അദ്ദേഹം സെവിൽ നഗരത്തിൽ വന്നു എന്നേയുള്ളൂ. പതിനഞ്ചു ശതാബ്ദങ്ങൾക്കു മുൻപു താൻ എങ്ങനെ നടന്നുവോ അതുപോലെ അദ്ദേഹം സെവിൽ നഗരത്തിലെ തെരുവിലൂടെ നടന്നു. തലേ ദിവസം അവിടെ ഗ്രാന്റ് ഇൻക്വിസിറ്ററായ കാർഡിനലിന്റെ ആജ്ഞയനുസരിച്ച് നൂറു പേരെ എരിച്ചതേയുള്ളൂ.


യേശുവിനെ കണ്ട മാത്രയിൽ ആളുകൾ തിങ്ങിക്കൂടി. അനന്തമായ കാരുണ്യത്തോടെ മന്ദസ്മിതത്തോടെ നിശബ്ദനായി അദ്ദേഹം നടന്നു. കൈകൾ നീട്ടി ആളുകളെ അനുഗ്രഹിച്ചു. യേശു അങ്ങനെ നടന്നപ്പോൾ ജന്മനാ അന്ധനായ ഒരു വൃദ്ധൻ 'പ്രഭോ എനിക്കു കാഴ്ച തരൂ' എന്നു വിളിച്ചു പറഞ്ഞു. പെട്ടെന്ന് അയാളുടെ കണ്ണുകളുടെ മറവു മാറി. അയാൾ യേശുദേവനെ കണ്ടു. നിലവിളിച്ചു കൊണ്ട് ആളുകൾ അദ്ദേഹം നടന്ന വഴിയെ ചുംബിച്ചു. അദ്ദേഹം സെവിൽ നഗരത്തിലെ ഭദ്രാസനപ്പള്ളിയുടെ പടിക്കെട്ടിൽ നിന്നപ്പോൾ ഏഴു വയസ്സായ ഒരു കുഞ്ഞിന്റെ മൃതദേഹം ശവപ്പെട്ടിയിൽ വച്ചു കൊണ്ടു വന്നു. "അദേഹം നിന്റെ കുഞ്ഞിനെ ഉയർത്തെഴുന്നേല്പിക്കും" എന്നു ജനങ്ങൾ വിലപിക്കുന്ന അമ്മയോടു വിളിച്ചു പറഞ്ഞു. അമ്മയാകട്ടെ അദ്ദേഹത്തോട് 'അങ്ങ് യേശു തന്നെയാണെങ്കിൽ എന്റെ കുഞ്ഞിനെ ജീവിപ്പിക്കൂ' എന്ന് അപേക്ഷിച്ചു. ദയയോടുകൂടി ഭഗവാൻ ആ മൃതദേഹത്തെ നോക്കി, 'എഴുന്നേൽക്കു കുഞ്ഞേ' എന്നു പറഞ്ഞു. അവൾ ശവപ്പെട്ടിയിൽ എഴുന്നേറ്റിരുന്നു നാലു പാടും നോക്കി പുഞ്ചിരി തൂകി. അവളുടെ കൈയ്യിൽ ശവപ്പെട്ടിയിലുണ്ടായിരുന്ന വെള്ള റോസാപ്പൂക്കൾ. ആ സമയത്തു കാർഡിനൽ അതിലേ വന്നു. അദ്ദേഹം അംഗരക്ഷകരെക്കൊണ്ടു യേശുവിനെ അറസ്റ്റ് ചെയ്യിച്ചു തടവറയിലേക്കു കൊണ്ടു പോയി. ജനക്കൂട്ടം ബഹുമാനത്തോടെ കാർഡിനലിന്റെ മുൻപിൽ നമസ്കരിച്ചു. രാത്രി. പുന്നകളും നാരകങ്ങളും പൂത്തു പരിമളം പ്രസരിപ്പിക്കുന്നു. തടവറയുടെ ഇരുമ്പു വാതിൽ തുറന്നു കാർഡിനൽ വിളക്കോടു കൂടി അകത്തു കയറി. വിളക്ക് മേശപ്പുറത്തു വച്ചിട്ട് അയാൾ യേശുവിനെ സമീപിച്ച് 'അങ്ങു തന്നെയോ. അങ്ങാണോ?' മറുപടി കിട്ടുന്നില്ലെന്നു കണ്ട് അയാൾ പറഞ്ഞു: 'മറുപടി പറയരുത്. നിശബ്ദനായിരിക്കൂ. അല്ലെങ്കിലും അങ്ങേയ്ക്കു പണ്ടു പറഞ്ഞതിൽക്കവിഞ്ഞ് ഒന്നും പറയാനുമില്ല. അങ്ങ് എന്തിനാണു ഞങ്ങൾക്കു തടസം സൃഷ്ടിക്കുന്നത്. അങ്ങ് യഥാർത്ഥത്തിൽ അങ്ങാണെങ്കിലും അല്ലെങ്കിലും ഞാൻ നാളെ രാവിലെ ഏറ്റവും കൽസിതത്വമുള്ള മതനിന്ദകനായി അങ്ങയെ മുദ്രകുത്തി കുറ്റിയിൽ കെട്ടി എരിക്കും. ഇന്ന് അങ്ങയുടെ കാലുകൾ ചുംബിച്ച ജനങ്ങൾ തന്നെ നാളെ കൽക്കരികൾ വാരി കുറ്റിയുടെ ചുവട്ടിലേക്ക് എറിയും. അങ്ങേയ്ക്കു് അറിയാമല്ലോ."

കാർഡിനൽ തുടർന്നു: "അങ്ങ് എല്ലാം പോപ്പിനെ ഏല്പിച്ചല്ലോ. അങ്ങേയ്ക്കു തിരിച്ചു വരേണ്ട കാര്യമില്ല. ഞങ്ങളെ തടസ്സപ്പെടുത്തരുത്. ജനങ്ങൾ ഇപ്പോൾ സ്വതന്ത്രരാണ്. പോകൂ. ഇനി ഒരിക്കലും വരാതിരിക്കൂ. ഒരിക്കലും, ഒരിക്കലും. വാതിൽ തുറന്നു. യേശു ഇരുട്ടിലേക്ക് ഇറങ്ങി.



കമാരനാശാൻ

സ്പന്ദനം നിലച്ച ഹൃദയങ്ങളെ സ്പന്ദിപ്പിക്കുകയും അന്തർദൃഷ്ടി വ്യാപാരം ഇല്ലാതായവർക്ക് അന്തർലോചനം നൽകുകയും ചെയ്ത കുമാരനാശാനെ നവീനന്മാരെന്ന ഗ്രാൻഡ് ഇൻക്വിസിറ്റേഴ്സ് തങ്ങളുടെ രചനകൾ കൊണ്ടു പീഡിപ്പിച്ച് അന്ധകാരത്തിലേക്കു തള്ളിവിടാൻ ശ്രമിക്കുന്ന കാലമാണിത്.


ഊനാമുനോ

ഫ്രഞ്ച് തത്ത്വചിന്തകൻ ബർഗ്സോങ്ങിന്റെ ഫിലോസഫിക്കു ബർനാഡ് ഷാ വിശദീകരണം നൽകിയപ്പോൾ അതൊന്നും അതിന്റെ തത്ത്വചിന്തയിലില്ലെന്നു ബർഗ്സോങ്ങ് പറഞ്ഞു. അപ്പോൾ ഷാ എഴുതി My dear fellow, I understood your philosophy much better than you do. സ്പെയിനിൽ ഊനാമുനോ എന്നൊരു തത്ത്വചിന്തകൻ ഉണ്ടായിരുന്നു. തെർവാന്റസിന് അദ്ദേഹത്തിന്റെ ഡോൺ ക്വിക്സോട്ടിനെ വേണ്ട പോലെ മനസിലായിട്ടില്ലെന്ന് ഊനാമുനോ പറഞ്ഞു. 'എന്റെ ചിത്രമല്ല ഇത്' എന്ന് ഒരാൾ ചിത്രകാരനോടു പറഞ്ഞപ്പോൾ 'നിങ്ങൾ എങ്ങനെയാണോ, അതിൽക്കവിഞ്ഞു ഈ ചിത്രത്തിനു നിങ്ങളോടു സാദൃശ്യമുണ്ടെ'ന്നു ചിത്രകാരൻ മറുപടി നൽകി. കലാസൃഷ്ടിയിലുള്ള ഒരംശത്തെ എടുത്തു കാണിച്ച് അതിന് ഒരു പുതിയ 'ഡൈമൻഷൻ' നൽകുകയാണു നിരൂപകൻ. പക്ഷേ, ഉള്ള അംശത്തെ മാത്രമേ എടുത്തു കാണിക്കാവൂ.

> ഓമലാൾ മുഖമതീന്നു നിർഗമി-
> ച്ചോമിതി ശ്രുതി നിഗൂഢവൈഖരി
> ധാമമൊന്നുടനെയർന്ന മിന്നൽപോൽ
> വ്യോമമണ്ഡലമണഞ്ഞു മാഞ്ഞിതേ

എന്നതിൽ 'ഓം എന്നതിന് ഒരർത്ഥമേയുള്ളൂ. ഓം എന്നതു പ്രണവശബ്ദമല്ല' ഓമനേ എന്നുപറയാൻ നായകൻ ഭാവിച്ചപ്പോൾ 'മ' 'ന' എന്ന അക്ഷരങ്ങൾ പുറത്തു വന്നില്ല എന്ന് ആരും പറയരുത്. അതു പറഞ്ഞ സർവകലാശാലയിലെ അദ്ധ്യാപകൻ ശ്രുതി നിഗൂഢ വൈഖരിക്ക് കാതിലെ 'ഡ്രം' പിളർന്നു പോകുന്ന ശബ്ദം എന്നും അർത്ഥം പറയാൻ മടിക്കില്ല. കാരണം ഓം എന്നതിന് ഓമനേ എന്ന് അർത്ഥം നൽകി എന്നതു തന്നെ; തത്പരത്വമവനാർന്നിരുന്നു എന്നതിന് അപ്പുറത്തു നിൽക്കുന്ന നളിനിയെക്കണ്ടു കാമമുണ്ടായി എന്ന അർത്ഥം പറഞ്ഞതു തന്നെ. അതിരിക്കട്ടെ.

മനുഷ്യ ജീവിതം പരിണാമാത്മകമാണല്ലോ. ജഡവസ്തുവിൽ നിന്നു ജീവനിലേക്കു ജീവനിൽ നിന്നു മനസ്സിലേക്കു മനസ്സിൽ നിന്നു ചൈതന്യത്തിലേക്ക് ഇതാണു പുരോഗമനമെന്ന് അരവിന്ദ ഘോഷ് പറയുന്നു. ഈ പുരോഗമനം അല്ലെങ്കിൽ പരിണാമം ചാക്രികമാണ്. അതുകൊണ്ടു ചൈതന്യത്തിൽ നിന്നു മനസിലേക്കും മനസ്സിൽ നിന്നു ജീവനിലേക്കും ജീവനിൽ നിന്നു ജഡവസ്തുവിലേക്കും വിപരീതഗതിയുണ്ടാവും. ഇത് ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

സാഹിത്യത്തിലും ഇതുകാണാം. നമുക്ക് എഴുത്തച്ഛനിൽ തുടങ്ങാം. ചൈതന്യാത്മകമായ കവിതയാണ് അദ്ദേഹത്തിന്റേത്. പരിണാമത്തിനു പകരം വിപരീതഗതിയാണു പിന്നീട്. ചൈതന്യാത്മകമായതു ചമ്പുക്കളിലും ആട്ടക്കഥകളിലും മാനസികമാകുന്നു. മാനസികമായതു വെൺമണി കവിതകളിൽ ജാഡ്യമായി ഭവിക്കുന്നു. മറ്റൊരു രീതിയിൽ പറയാം. അദ്ധ്യാത്മികമായതു ചിന്താപ്രധാനമാകുന്നു. ചിന്താപ്രധാനമായതു വൈഷയികമായിത്തീരുന്നു. വെണ്മണിക്കവിത വൈഷയികമത്രേ. വീണ്ടും പരിണാമം. വൈഷയികത്വം ചിന്താപ്രധാനമായി ഭവിക്കുന്നു. ചിന്താപ്രധാനമായത് അദ്ധ്യാത്മികമാകുന്നു. കുമാരനാശാന്റെ കവിത അങ്ങനെ കലാപരിണാമത്തിന്റെ പരകോടിയിലെത്തി. സ്വാഭാവികമായും അതിനു വിപരീതഗതി ഉണ്ടായേ പറ്റൂ. അദ്ധ്യാത്മികത്വം നാലപ്പാടന്റെയും വൈലോപ്പിള്ളിയുടെയും ചിന്താപ്രധാനമായ കവിതയായി പരിണമിച്ചു. ചിന്തയിൽ നിന്നു വൈഷയികത്വത്തിലേക്കാണു പോവുക. വൈലോപ്പിള്ളിയുടെ സമകാലികനാണ് ചങ്ങമ്പുഴയെങ്കിലും വൈഷയികത്വമാണു ചങ്ങമ്പുഴക്കഴിതയുടെ മുദ്ര.

ഈ വിഭജനത്തിനു വേറെയും പേരുകൾ നൽകാം. സൗന്ദര്യതലം, ചിന്താതലം, അദ്ധ്യാത്മികതലം. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെയും ഇടപ്പള്ളി രാഘവൻ പിള്ളയുടെയും കവിത സൗന്ദര്യതലത്തിൽ വർത്തിക്കുന്നവയാണ്. സൗന്ദര്യതലമെന്നു പറയുമ്പോൾ ശുദ്ധമായ സൗന്ദര്യതലമാണ്. വെൺമണിയുടെ കൽസിതമായ വൈഷയികത്വത്തിന്റെ സംശോധിത രൂപമാണത്. വെൺമണി രാത്രിയെ വർണിക്കുമ്പോഴും വൈഷയികത്വത്തിന്റെ അധമതലത്തിലേ നിൽക്കൂ.

> താരാഗാരമലങ്കരിച്ചുതിമിര-
> പ്പുഞ്ചായൽപിന്നോക്കമി-
> ട്ടാരാകേന്ദുമുഖത്തിൽനിന്നു കിരണ-
> സ്മേരം ചൊരിഞ്ഞങ്ങനെ
> ആരോമൽക്കനകാബ്ജകോരകകുചം
> തുള്ളിച്ചൊരാമോദമോ
> ടാരാലംഗനയെന്നപോലെ നിശയും
> വന്നാളതന്നാളഹോ.

ഇതിൽ നിന്ന് ഏറെ വിഭിന്നമല്ല വള്ളത്തോളിന്റെ

> വീണക്കമ്പി മുറുക്കിയിട്ടുന്ന മൃദുകൈ-
> ത്താരാലൊരാരോമലാൾ
> ചാണക്കല്ലിലൊരുത്തി ചന്ദനമര-
> യ്ക്കുന്നു ചലശ്രോണിയായ്
> ശോണശ്രീചഷകത്തിൽനന്മധുനിറ-
> യ്ക്കുന്നു ശരിക്കന്യയാ-
> മേണപ്പെൺമിഴിസർവതോമധുരമീ
> മണ്ഡോദരീമന്ദിരം

പക്ഷേ, സൗന്ദര്യതലത്തിൽ മാത്രം നിൽക്കുന്ന ചങ്ങമ്പുഴക്കവിതയ്ക്ക് അത്രത്തോളം വൈഷയികത്വം വേണ്ട. കവി മരിച്ചാൽ പഞ്ചഭൂതാത്മകമായ ശരീരം പ്രേയസിയോടു ബന്ധപ്പെട്ട ഓരോ അംശത്തോടും ചേരണമെന്ന് അഭിലഷിക്കുന്ന ഒരു കാവ്യമുണ്ട് ചങ്ങമ്പുഴയുടേതായി.

> പഞ്ചഭൂതാഭിയുക്തമെൻ ഗാത്രം
> നെഞ്ചിടിപ്പറ്റടിയുമക്കാലം
> ആദിമൂലത്തിൽ വീണ്ടും തിരിച്ചെൻ
> ഭൂതപഞ്ചകം ചേരുന്നനേരം
> ഉജ്ജ്വലാംഗി നിൻക്രീഡാസരസ്സിൽ
> മുജ്ജലാംശം ലയിച്ചിരുന്നെങ്കിൽ
> അത്തളിരെതിർപ്പൊൻകളിർ കൈയിൽ
> തത്തിടും മണിത്താലവൃന്തത്തിൽ
> മത്തടിച്ചാർത്തു മദ്വാതഭൂതം
> എത്തിനിന്നു ലസിച്ചിരുന്നെങ്കിൽ
> ഉദ്രസസ്വപ്ന സുസ്മേരയായ് നീ
> നിദ്രചെയ്യുമപ്പൂമച്ചിനുള്ളിൽ
> പ്രേമസാന്ദ്രതനിത്യം വഴിഞ്ഞെൻ
> വ്യോമഭൂതം ത്രസിച്ചിരുന്നെങ്കിൽ
> നിന്മണിമച്ചിൽനിത്യം നിശയിൽ
> നിന്നിടും സ്വർണദീപനാളത്തിൽ
> ചെന്നണഞ്ഞു ചേർന്നെന്നനലാംശം
> മിന്നിമിന്നിജ്ജ്വലിച്ചിരുന്നെങ്കിൽ
> ദേവിനിൻപദസ്പർശനഭാഗ്യം
> താവി നിൽക്കുമപ്പൂങ്കാവനത്തിൽ
> വിദ്രുമദ്രുമച്ഛായയിൽ വീണെൻ
> ഭൂമിഭാഗം ശയിച്ചിരുന്നെങ്കിൽ

ചങ്ങമ്പുഴക്കവിത നിൽക്കുന്ന ഈ സൗന്ദര്യതലത്തെ ഏററവും താഴത്തെ നിലയിൽ ഞാൻ കണ്ടെങ്കിലും അതില്ലാതെ കവിതയ്ക്കു നിലനിൽപ്പില്ല. ചിന്താതലത്തിലും ആധ്യാത്മികതലത്തിലും കാവ്യം പ്രവേശിക്കുമ്പോൾ മൂന്നാമത്തെ തലത്തോട് അതിനു ബന്ധമുണ്ടായിരുന്നേ മതിയാവൂ. നാലപ്പാട്ടു നാരായണ മേനോന്റെ കവിതയ്ക്കു ചിന്താതലത്തിൽ സ്ഥാനമുണ്ടെങ്കിലും അതിനു സൗന്ദര്യതലത്തോടു ബന്ധമില്ല.

> ഞാനിങ്ങു ചിന്താശകലങ്ങൾ കണ്ണു
> നീരിൽപ്പിടിപ്പിച്ചൊരു കോട്ടകെട്ടി
> അടിച്ചുടച്ചാൻ ഞൊടികൊണ്ടതാരോ
> പ്രപഞ്ചമേ നീയിതുതന്നെയെന്നും
> കടൽപ്പുറത്തെ പൊടിമണ്ണിടിച്ചു
> തട്ടുന്ന കുട്ടിക്കളിയുന്നിതൊപ്പം
> സനാതനം മാമതനീശ്വരന്റെ
> സർഗക്രമം കണ്ടുകരിക്കയാമോ
> എന്നൊക്കെപ്പറഞ്ഞ്
> അല്ലെങ്കിലേതോ ദുരപായ ദുഃഖം
> വരട്ടെ വന്നാലുമതിന്റെ കൂടെ
> അതും സഹിക്കുന്ന മനക്കരുത്തു
> ണ്ടാകുന്നതല്ലോ ഭുവനസ്വഭാവം

എന്നുവരെ എത്തുമ്പോൾ നമ്മൾ ഭേഷ്, ഭേഷ് എന്നു പറയും. പക്ഷേ, കവിത ഇവിടെ ഭാവനാത്മകമല്ല, സർഗാത്മകമല്ല. ചിന്ത ഇവിടെ നിരൂപണപരവും അപഗ്രഥനപരവും മാത്രമാണ്. ചിന്ത Images ആകുമ്പോഴേ കവിത ഉദിക്കൂ.

> എത്ര സങ്കേതത്തിലാത്തരാഗ
> മുത്തമേ നിന്നെത്തിരിഞ്ഞുപോയ് ഞാൻ
> രാവിലെ തൊട്ടു ഞാനന്തിയോളം
> പൂവനം തോറുമലഞ്ഞുപോയി.
> ദ്യോവിൽ നിൻ കാലടിപ്പാടുനോക്കി
> രാവിൽ ഞാൻ പിന്നെയും സഞ്ചരിച്ചു
> കണ്ടില്ല കണ്ടില്ലെന്നെന്നോടോരോ
> ചെണ്ടും ചിരിച്ചു തലകുലുക്കി
> അക്ഷമനായൊരെൻ ചോദ്യം കേട്ട
> നക്ഷത്രമൊക്കെയും കണ്ണുചിമ്മി
> കഷ്ടമെന്നെന്നെ പരിഹസിച്ചു
> പക്ഷികളെല്ലാം പറന്നുപോയി
> കാണില്ല, കാണില്ലെന്നോതിയോതി
> കാനനച്ചോലക്കുണങ്ങിയോടി
> ആരോമലേ ഹാ നീയെങ്ങുപോയെൻ
> തീരാവിരഹമിതെന്നു തീരും
> നീയെന്നിൽത്തന്നെ ലയിച്ചിരിക്കെ
> ഞാനെന്തേ നിന്നെത്തിരിഞ്ഞുപോവാൻ

ഗഹനമായ വേദാന്തതത്ത്വമാണ് കവി ഇവിടെ ആവിഷ്കരിക്കുന്നത്. പക്ഷേ, അതിനു നാലപ്പാടന്റെ ധൈഷണികത്വമില്ല. കാവ്യം എപ്പോൾ ധിഷണാപരമായ പ്രയോജനത്തെ ലക്ഷ്യമാക്കി പ്രത്യക്ഷമാകുമോ അപ്പോൾ കവിത ഇല്ലാതാകും. നവീന കവിതയുടെ ന്യൂനത ഇതാണ്. അയ്യപ്പപ്പണിക്കരും കെ. ജി. ശങ്കരപിള്ളയും ആറ്റൂർ രവിവർമ്മയും ചിന്തകളെ പദ്യത്തിലാക്കി വയ്ക്കുമ്പോൾ എന്റെ പ്രജ്ഞയ്ക്കു സംതൃപ്തി കിട്ടുന്നു. പക്ഷേ, അത് ഉന്നത തലങ്ങളിൽ എന്നെക്കൊണ്ടു ചെല്ലുന്നില്ല. പീകാസ്സോയെക്കുറിച്ച് ഞാനൊരു കഥ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ അടുക്കൽ ഒരാസ്വാദകൻ എത്തി രണ്ടു ചിത്രങ്ങൾ ആവശ്യപ്പെട്ടു. പക്ഷേ, സ്റ്റുഡിയോയിൽ ഒരു ചിത്രമേ ഉണ്ടായിരുന്നുള്ളൂ. ആറടി നീളമുള്ള ഒരു ചിത്രം. പീകാസോ മൂന്നടി അളന്ന് അവിടെ വച്ചു മുറിച്ചു രണ്ടു കഷ്ണങ്ങളുണ്ടാക്കി. എന്നിട്ടു രണ്ടു ചിത്രങ്ങൾ എന്നു പറഞ്ഞ് അവ വിറ്റു. അദ്ദേഹം നൂറു കഷണങ്ങളാക്കി വിറ്റാലും കുഴപ്പമില്ല. പക്ഷേ, ഡാവിഞ്ചിയുടെ ചിത്രം മുറിക്കാനൊക്കുകയില്ല 'കുരുക്ഷേത്ര'മെന്ന കാവ്യം മുറിച്ച് ഓരോ വാരികക്കാർക്ക് കൊടുക്കാം. 'ചിന്താവിഷ്ടയായ സീത' മുറിക്കാനൊക്കുകയില്ല. ഇങ്ങനെ കവിതയെ ചിന്താപ്രധാനമാക്കിക്കൊണ്ടിരിക്കുമ്പോൾ ഒളപ്പമണ്ണ എന്നൊരു കവി അതിനെ ശരീരത്തോടു ബന്ധിപ്പിക്കുന്നു.

നീചേയുടെ 'റ്റൈവലൈറ്റ് ഓഫ് ഐഡൽസ്' എന്ന ഗ്രന്ഥത്തിൽ മൂക്കിനു ദാർശനികൻമാർ പ്രാധാന്യം നൽകുന്നില്ലെന്നു പരാതിപ്പെട്ടിട്ടുണ്ട്. The nose for example of which no Philosopher has hither to spoken with respect and gratitude. എന്തിന് മൂക്കിനോടു ബഹുമാനവും നന്ദിയും വേണം? അതു സൂക്ഷ്മസൂക്ഷ്മങ്ങളായ വ്യത്യാസങ്ങളെ കണ്ടറിയുന്നു. മൂക്കിനോടു മാത്രമല്ല മനുഷ്യരുടെ എല്ലാ അവയവങ്ങളോടും നന്ദിയും ബഹുമാനവുമുള്ള കവിയാണ് ഒളപ്പമണ്ണ. 'കക്ഷം കാട്ടിമലർന്നു കിടക്കുന്നിതോമലാൾ' എന്നു നന്ദിയും ബഹുമാനവുമുള്ളവർക്കേ പറയാൻ കഴിയൂ. ഇങ്ങനെ വൈഷയികത്വവും ചിന്തയും കലാലോകത്തു ചെങ്കോലു നടത്തുമ്പോൾ അദ്ധ്യാത്മികതയിലേക്കുയർന്ന കുമാരനാശാന്റെ കവിത വിരാജിച്ചു കൊണ്ടിരിക്കുന്നു.

> ലോകത്തെജ്ജഡമാക്കിനിർ
> ഭരനിശീഥത്തിന്റെ സന്താനമാം
> മൂകത്വത്തെ മുതിർന്നുതൻമുല
> കുടിപ്പിക്കും മഹത്വത്തൊടും
> ഹാ കർണ്ണങ്ങളിലുഗ്രശംഖ
> മുരജധ്വാനങ്ങളേൽക്കാതെയും
> ഭൂകമ്പിക്കലനങ്ങിടാതെയുമിതാ
> പൊങ്ങുന്നു നിശബ്ദത.

ഇവിടെ സൗന്ദര്യവും ചിന്തയും ചൈതന്യവും സമ്മേളിക്കുന്നു. അത്ര വിശ്വാസം വന്നില്ലെങ്കിൽ വേറൊരു ശ്ലോകം ആകട്ടെ.

> ഹേമഷ്ഠാധരകൂടകൽപക മലർ
> ക്കാവിന്റെ ഭാഗങ്ങളിൽ
> പ്രേമത്തിന്റെ സുരയൗവനങ്ങളനിശം
> പാടുന്ന മദ്വാണികൾ
> സാമഞ്ജസ്യമെഴും ഭവൽ
> ഫണിതിയിൽ
> സഹ്യാദ്രിസാനുക്കളിൽ
> ശ്രീമൻ ഭൗമകുമാരരോതുവ
> തെനിക്കേകുന്നു രോമോദ്ഗമം.

ദീർഘതയാർന്ന സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രഭവ സ്ഥാനങ്ങളിലേക്കു ചെന്നിട്ടു ഭാവന കൊണ്ടും വികാരം കൊണ്ടും 'സ്പിരിച്വൽ ഡലിക്കസി' കൊണ്ടും ഒരാശയത്തെ രൂപവത്കരിക്കുന്ന ഈ ശ്ലോകം അന്യാദൃശമാണ്; യൂണിക്കാണ്. ഇത് ഒന്നോ രണ്ടോ ശ്ലോകങ്ങൾ അടർത്തിയെടുത്തിട്ട് ഒരു 'ജനറലൈസേഷൻ' നടത്തുകയല്ല. 'നളിനി'യും 'ലീല'യും 'ചണ്ഡാലഭിക്ഷുകി'യും 'പ്രരോദന'വും വായിച്ചു കഴിഞ്ഞാൽ ജനിക്കുന്ന അനുഭൂതി മലയാളത്തിലെ മറ്റേതൊരു കവിയുടെ കാവ്യം വായിച്ചാലും ഉണ്ടാവുകയില്ല.

ശ്രീകൃഷ്ണനായിരുന്നല്ലോ അർജ്ജുനന്റെ തേരാളി. രഥമൊന്നു നിറുത്തിയിട്ടു മുന്നോട്ടു പോകുന്നതിനു മുമ്പ് അദ്ദേഹം അൽപമൊന്നു പിറകോട്ടു കൊണ്ടു ചെല്ലും. മുമ്പോട്ടുള്ള പോക്കിന് ആക്കം കൂട്ടാനാണ് ഈ പിറകോട്ടു പോകൽ (ആശയം അരവിന്ദന്റേത്).

> "ലോലമോഹനമാത്തകപ്പങ്കജത്തെ
> വെല്ലും വലം
> കാലിടത്തുതുടക്കാമ്പിൽ കയറ്റിവച്ചും
> രാമച്ചവിശറി പനിനീരിൽ
> മുക്കിത്തോഴിയെക്കൊ
> ണ്ടോമൽകൈവള കിലുങ്ങെയൊട്ടുവീശിച്ചും
> കഞ്ജബാണൻതന്റെ പട്ടം
> കെട്ടിയ രാജ്ഞിപോലൊരു
> മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി"

എന്ന വർണ്ണന പശ്ചാദ്ഗമനമാണ്.

> "യമുനയിലിളംകാറ്റ് തിരതല്ലിശാഖ ചലി
> ച്ചമരസല്ലാപം കേൾക്കായരയാലിന്മേൽ
> താണ്ടടനേ രണ്ടു നീണ്ട ഭാനുകിരണങ്ങളങ്ങു
> ചേണിയന്ന കനക നിഃശ്രേണിയുണ്ടാക്കി
> അതു നോക്കിക്കുതുകമാർന്ന
> മല വിസ്മയസ്മേര
> വദനയാമവൾക്കഹോ ശാന്തശാന്ത മായ്
>
> അർദ്ധനിമീലിതങ്ങളായുപരിപൊങ്ങീമിഴിക
> ളൂർദ്ധ്വലോക ദിദൃക്ഷയാലെന്നപോലെതാൻ."

സ്ഫടികക്കുപ്പിയിലിട്ട പരൽമീനു പോലുള്ള കണ്ണുകൾ എന്നു പറയുമ്പോൾ പശ്ചാദ്ഗമനമാണ് അവയ്ക്കു. ഊർദ്ധ്വലോക ദിദൃക്ഷയുണ്ടായെന്നു പറയുമ്പോൾ പുരോഗമനം ലക്ഷ്യത്തിൽ എത്തിക്കഴിഞ്ഞു.

കമാരനാശന്റെ കവിത ചിത്തശുദ്ധി ജനിപ്പിക്കുന്നു. ആ വിമലീകരണ ശക്തി എഴുത്തച്ഛന്റെ കവിതയ്ക്കു മാത്രമേയുള്ളൂ. അതുകൊണ്ടു രണ്ടുപേരും സദൃശ്യരാണെന്നു പറയാം. രചനാ രീതിയിലും അവർ ഉദാത്തത പുലർത്തുന്നു.

> "വനദേവതമാരേ! നിങ്ങളുമുണ്ടോ കണ്ടു
> വനജേക്ഷണയായ സീതയെ
> സത്യം ചൊൽവിൻ
> മൃഗസഞ്ചയങ്ങളെ! നിങ്ങളുമുണ്ടോ കണ്ടു
> മൃഗലോചനയായ ജനകപുത്രിതന്നെ
> പക്ഷിസഞ്ചയങ്ങളെ! നിങ്ങളുമുണ്ടോ കണ്ടു
> പക്ഷ്മളാക്ഷിയെ മമ ചൊല്ലുവിൻ പരമാർത്ഥം
> വൃക്ഷവൃന്ദമേ! പറഞ്ഞീടുവിൻ പരമാർത്ഥം.
> പുഷ്കരാക്ഷിയെ നിങ്ങളെങ്ങാനുമുണ്ടോ കണ്ടു"

എന്ന ശൈലിയിലെ ഉദാത്തത

> "അന്തശ്ചന്ദ്രശരദ്ഘനാഭ തടവി
> പ്പൊങ്ങിപ്രദീപാംശുവാൽ
> പ്രാന്തസ്ഫൂർത്തികലർന്നമാളിക
> യിലശ്ശയ്യാതലത്തിൽ ക്ഷണം
> സ്വന്തം ദീപ്തിനശിച്ചഹോര ജതപാത്രം
> പോൽതണുത്തേറ്റവും
> ശാന്തം ഹന്ത! ശയിച്ചിരുന്നു ശിവനേ
> യബ്ബാന്ധവിൻ മണ്ഡലം"

എന്ന ശ്ലോകത്തിലുമുണ്ട്.

കുമാരനാശാന്റെ കവിത ഔന്നത്യങ്ങളെ സമാശ്ലേഷിക്കുന്നു. മനുഷ്യന്റെ ശരീരവും മനസ്സും ഹൃദയവും ചൈതന്യത്തെ സ്പർശിക്കുമ്പോൾ അത് മഹനീയമായ പ്രക്രിയയായി തീരുന്നു. പ്രകൃതി എന്ത്, മനുഷ്യൻ ആര്, ഈശ്വരൻ ആര് എന്ന ചോദ്യത്തിനു മലയാള പദങ്ങൾ ഉചിതങ്ങളായ രീതികളിൽ നിരത്തി വ്യക്തമാക്കിത്തന്ന മഹാകവിയാണ് കുമാരനാശാൻ.

വമനേച്ഛയുടെ സംശോധിതരൂപം



ബ്രോഹ്

“ജോയിസിനും പ്രൂസ്റ്റിനും ശേഷം യൂറോപ്യൻ സാഹിത്യം സൃഷ്ടിച്ച പ്രധാനപ്പെട്ട നോവലുകളിൽ ഒന്നാണ് The Death of Virgil എന്നു മാത്രമല്ല പറയേണ്ടത്. മൂഗീയ ശക്തിയുടെ കാലയളവിൽ സാഹിത്യകാരന്റെ ദുഃഖാത്മകമായ സ്ഥിതിവിശേഷത്തെ അതു സവിശേഷമായ രീതിയിൽ പ്രതിപാദിക്കുന്നു എന്നു പ്രസ്താവിക്കണം. മരണം അടുക്കാറായപ്പോൾ തന്റെ ‘ഈനിയിഡ്” എന്ന കൃതി നശിപ്പിക്കണമെന്ന് വെർജിൽ തീരുമാനിച്ചതിനെ കുറിച്ചാണ് ആ നോവൽ. മനുഷ്യന്റെ യാതനയെയും കാട്ടാളത്തത്തിന്റെ ആഗമനത്തെയും ആവിഷ്കരിക്കാൻ ഭാഷയുടെ സൗന്ദര്യത്തിനോ സത്യത്തിനോ കഴിവില്ലെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. വാക്കുകളല്ലാതെ തന്നെ സഹായിക്കുന്ന കവിത മനുഷ്യൻ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു: ക്രിയാംശത്തിന്റെ കവിത. നമ്മുടെ കാലയളവിലെ മനുഷ്യത്വമില്ലായ്മ എഴുത്തുകാരനിൽ അടിച്ചേല്പിക്കുന്ന വിഷാദ ഭാരത്തെയും ഉൾക്കാഴ്ചയെയും വ്യാകരണത്തിനും ഭാഷണത്തിനും താങ്ങാൻ ആവാത്ത വിധം അല്പങ്ങളായി പോയതു കൊണ്ട് അവയെ പാരമ്പര്യത്തിനു അതീതമായ മട്ടിൽ കൊണ്ടു ചെന്നു ബ്രോഹ്” (Herman Broch). മഹാനായ ഓസ്ട്രിയൻ സാഹിത്യകാരൻ ഹെർമാൻ ബ്രോഹിനെക്കുറിച്ചു വിശ്വവിഖ്യാതനായ നിരൂപകൻ ജോർജ്ജ് സ്റ്റെനർ പറഞ്ഞ വാക്കുകളാണിവ. ആശയ വിനിമയത്തിനും വികാരാവിഷ്കരണത്തിനും ഭാഷ അസമർത്ഥമാണെന്നും ഗണിത ശാസ്ത്രം അതിനു പ്രയോജനപ്പെട്ടേക്കാമെന്നും അദ്ദേഹം വിശ്വസിച്ചു. ‘വെർജിലിന്റെ മരണം’ ബ്രോഹിന്റെ പ്രകൃഷ്ട കൃതിയാണ് (മാസ്റ്റർപീസ്). അതുപോലൊരു മാസ്റ്റർപീസാണു അദ്ദേഹത്തിന്റെ The Sleepwalkers എന്ന നോവൽ, 1888-നും 1918-നും ഇടയ്ക്കുള്ള ജർമ്മൻ ചരിത്രത്തെ അപഗ്രഥിച്ച് മൂല്യങ്ങളുടെ തകർച്ചയെ ചിത്രീകരിക്കുന്ന ഈ നോവൽ ഇരുപതാം ശതാബ്ദത്തിലെ ഏറ്റവും മഹനീയമായ കലാസൃഷ്ടിയാണെന്നു മീലാൻ കുന്ദേര അഭിപ്രായപ്പെടുന്നു. ഈ സാഹിത്യ സംഭാവനകളുടെ പേരിൽ ബ്രോഹിനു നോബൽ സമ്മാനം കൊടുക്കേണ്ടതാണെന്നു റ്റോമാസ് മൻ പറയുകയുണ്ടായി. മഹാനായ ഈ കലകാരന്റെ The Spell എന്ന നോവൽ അദ്ദേഹത്തിന്റെ മറ്റു രണ്ടു കൃതികൾക്കും സമാനമാണെന്നാണ് സ്റ്റെനറുടെ മതം. ഇതിനെക്കുറിച്ചാണ് നമ്മുടെ പര്യാലോചന. ‘സ്പെല്ലി’ന്റെ—‘മാന്ത്രികവിദ്യ’യുടെ കഥ പറയുന്നത് ഓസ്ട്രിയൻ ആൽപ്സിലെ ഒരു ഡോക്ടറാണ്. വൃദ്ധനാണ് അയാൾ. തനിക്കു സംഭവിച്ചത് രേഖപ്പെടുത്താൻ ഡോക്ടർക്കു താല്പര്യമുണ്ട്. ജ്ഞാതവും വിസ്മരിക്കപ്പെട്ടതും ആയതിനോടു ചേർന്നു നില്ക്കാൻ അതു സഹായിക്കും. ജീവിതം ഒഴുകുന്നു, ഉയർന്നും താണും. കാലത്തിനാൽ ഗ്രസിക്കപ്പെട്ട് അത് അപ്രത്യക്ഷമാകുന്നു. അതുതന്നെയല്ലേ പട്ടണത്തിൽ നിന്ന് ആ ഗ്രാമത്തിലേക്കു ഡോക്ടറെ പലായനം ചെയ്യിച്ചതു? സ്ലീറ്റ് കാറുകളുടെ സമയനിഷ്ഠ, നിയമങ്ങളുടെ നിശിതത്വം ഇവ നാഗരിക ജീവിതത്തിലുണ്ട്. അതു വെറുത്തതാണ് ഡോക്ടർ ആ ഗ്രാമത്തിലെത്തിയത്. അദ്ദേഹം ‘പ്രാക്ടീസ്’ നടത്തുന്ന കൂപ്രൺ ഗ്രാമത്തിൽ ഒരു അപരിചതൻ എത്തി. വായുടെ രണ്ടറ്റത്തും തൂങ്ങിക്കിടക്കുന്ന മീശ. കൊക്കു പോലുള്ള മൂക്ക്. ഷേവിങ്ങ് റെയ്സറിന്റെ സ്പർശമേല്ക്കാതുള്ള താടി. അയാൾക്കു മുപ്പതു വയസ്സു വരുമെന്നു ഡോക്ടർക്കു തോന്നി! ബ്രാഹ് അയാളെക്കുറിച്ചും നോവലിനെക്കുറിച്ചും പറയുന്നത് ഇങ്ങനെയാണ്: “ആദ്യം അയാളെക്കുറിച്ചു ഗ്രാമവാസികൾക്കുണ്ടായ പ്രതികരണം സഹതാപത്തിന്റേതായിരുന്നില്ല. നേരെ മറിച്ച് അയാൾ ക്ഷണിച്ചു വരുത്തിയത് പുച്ഛവും ശത്രുതയുമായിരുന്നു. ഭ്രമിയുടെ പാവനത്വം, മലകളെ ആക്രമിച്ചു കീഴടക്കൽ ഇങ്ങനെയുള്ള സ്യൂഡോമിത്തിക്ക്” ആശയങ്ങൾ കൊണ്ട് പിടിവിടാപ്പിശാചിന്റെ മട്ടിൽ എല്ലാവരെയും ശല്യപ്പെടുത്തിയ ഭ്രാന്തനായി അയാൾ പ്രത്യക്ഷനായി. പക്ഷേ, ക്രമേണ അയാൾക്ക് അനുയായികളുണ്ടായി. ആദ്യം ചെറുപ്പക്കാർ. പിന്നീട് പ്രായം കൂടിയവർ. ഒടുവിൽ ഗ്രാമം മുഴുവൻ അയാളുടെ മാന്ത്രിക ശക്തിക്ക് അടിമപ്പെട്ടു.” ആ യുവാവിന്റെ പ്രവർത്തനങ്ങളെ അനുകൂലിക്കുന്നതിന് തങ്ങൾക്കു പ്രയോജനപ്രദമാണെന്നു കർഷകരാകെ വിചാരിച്ചു.

മനുഷ്യവിദ്വേഷമാണ് അപരിചിതൻ പ്രചരിപ്പിച്ചത്. നാസ്തികളുടെ “പ്രാകൃതിക രക്തത്തിലും മണ്ണി”ലുമേ ശാന്തി കണ്ടെത്താനാവുകയുള്ളൂ എന്ന് അയാൾ വാദിച്ചു. പർവ്വതത്തിൽ നിന്നു സ്വർണ്ണം കഴിച്ചെടുക്കാമെന്ന് അയാൾ ഗ്രാമീണരോടു പറഞ്ഞു. അയാൾ പകർന്നു കൊടുത്ത ഉന്മാദത്തിന്റെ ഫലമായി ഒരു പെൺകുട്ടിയെ നിഗ്രഹിച്ചു. മതാനുഷ്ഠാനപരമായ ചടങ്ങ് എന്ന നിലയിലാണ് ആ ബലികൊടുക്കൽ. അപ്പോൾ പ്രകൃതിയുടെ ശിക്ഷയെന്ന രീതിയിൽ ഭൂകമ്പമുണ്ടാവുകയും അതിൽപ്പെട്ട് വധകർത്താവ് മരിക്കുകയും ചെയ്തു.

സംഭവങ്ങൾ ജർമ്മനിയിലെന്ന പോലെ ഉന്മാദത്തിൽ നിന്ന് ഉന്മാദത്തിലേക്കു നീങ്ങി. അപരിചിതനെ എതിർത്തിരുന്ന ഒരു വൃദ്ധ. അവർ അപ്പോഴപ്പോൾ മുന്നറിയിപ്പുകൾ നല്കിയിരുന്നെങ്കിലും ഭ്രാന്തിൽ വീണ ഗ്രാമവാസികൾ അവ ശ്രദ്ധിച്ചതേയില്ല. ഗ്രാമീണോത്സവം നടക്കുന്ന വേളയിൽ അവർ ആ ഉന്മാദത്തിന്റെ ബലിമൃഗമായി. മനുഷ്യത്വത്തിന്റെയും കാരുണ്യത്തിന്റെയും പ്രതീകമായ അവരുടെ ദുരന്തം അമ്മ വഴിക്കുള്ള പിൻതുടർച്ചാവകാശ ക്രമത്തിന്റെ നാശത്തിനു പ്രതിനിധീഭവിച്ചു. ഇതിനു ശേഷം ഗ്രാമം പഴയ രീതിയിലേക്കു വരികയും പരിഷ്കാരം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. ആ അപരിചിതനായ യുവാവിനു പോലും ഗ്രാമീണ ജീവിതത്തിന്റെ ലയത്തിൽ വിലയം കൊള്ളേണ്ടതായിവന്നു. എങ്കിലും മനുഷ്യത്വത്തിന്റെ ഒരംശം എല്ലാക്കാലത്തേക്കുമായി നഷ്ടപ്പെട്ടു.

എന്താണ് ഈ നോവലിന്റെ പ്രമേയം? 1938-ൽ നാത്സികൾ ബ്രോഹിനെ അറസ്റ്റ് ചെയ്തു. പക്ഷേ, സ്കോട്ട്ലാന്റ് വഴി അമേരിക്കൻ ഐക്യനാടുകളിൽ ചെന്നു ചേരാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഈ നോവലെഴുതിയപ്പോൾ ഹിറ്റ്ലറാണ് ബ്രോഹിന്റെ മനസ്സിലുണ്ടായിരുന്നത് എന്നത് സ്പഷ്ടമാണ്. ആര്യ വംശത്തിന്റെ മഹിമ ഉദ്ഘോഷിച്ചുകൊണ്ട് അപരാധം ചെയ്യാത്ത ജൂതന്മാരെ ജീവനോടെ ദഹിപ്പിച്ച ആ ദ്രോഹിയുടെ പ്രവർത്തനങ്ങളെ അല്പമൊന്നു ലഘൂകരിച്ച് അപരിചിതന്റെ പ്രവർത്തനങ്ങളെ സ്ഥിരീകരിക്കുകയാണ് നോവലിസ്റ്റ്. ‘വയർലെസ് സെറ്റ്’കൾ വില്ക്കുന്ന കഥാപാത്രമുണ്ട് ഈ നോവലിൽ. അയാളും അയാളുടെ കുടുംബവും പീഡിപ്പിക്കപ്പെടുന്നുണ്ട്. അവർ ജൂതന്മാരുടെ പ്രതിരൂപങ്ങളത്രേ. ഭീകരന്മാരുടെ പ്രവർത്തനങ്ങൾ താൽകാലികമായി രാഷ്ട്രത്തിൽ അസ്വസ്ഥതകൾ ഉണ്ടാക്കിയാലും ക്രമേണ അവയുടെ തീക്ഷ്ണത കുറയുമെന്നും കുറഞ്ഞാലും മനുഷ്യത്വത്തിന്റെ ഒരംശം ഇല്ലാതാവുമെന്നുമുള്ള ചിന്തയ്ക്ക് ഊന്നൽ നല്കിക്കൊണ്ട് ബ്രോഹ് നോവൽ അവസാനിപ്പിക്കുന്നു.

ഇവിടെപ്പറഞ്ഞതിൽ നിന്ന് വിഭിന്നമായും ഈ നോവലിനെ വ്യാഖ്യാനിക്കാവുന്നതാണ്. ‘മാസ് സൈക്കോളജി’യുടെ—ജനക്കൂട്ടത്തിന്റെ മനഃശാസ്ത്രത്തിന്റെ—സ്വഭാവം വ്യക്തമാക്കലാണ് ഈ നോവലിന്റെ കർത്തവ്യമെന്നു കരുതാം. ആ കരുതലിന് നോവലിസ്റ്റിന്റെ അനുഗ്രാഹകതയുണ്ട് താനും. വസ്തുനിഷ്ഠങ്ങളായ വർണ്ണനകളിലൂടെ ജനക്കൂട്ടത്തിന്റെ മനഃശാസ്ത്രം ആവിഷ്കരിക്കാവുന്നതാണ്. ഫുട്ബോൾ കളി നടക്കുമ്പോൾ ജനക്കൂട്ടമെങ്ങനെ ആർത്തു വിളിച്ചു. ബർലിനിലെ ‘റീഹ് ചാൻസലറി’യിൽനിന്നുകൊണ്ട് ഹിറ്റ്ലർ എങ്ങനെ അട്ടഹസിച്ച എന്നതൊക്കെ സജീവങ്ങളായി വർണ്ണിക്കാവുന്നതേയുള്ളൂ. പക്ഷേ, ചരിത്രത്തോടു ബന്ധപ്പെട്ട ആ വർണ്ണനങ്ങൾ ശൂന്യങ്ങളായേ അനുഭവപ്പെടൂ. അത് വ്യക്തമാക്കണമെങ്കിൽ അജ്ഞാതങ്ങളായ ശക്തിവിശേഷങ്ങൾ ഒരു വ്യക്തിയെ എങ്ങനെ ബാധിച്ചു എന്ന് സ്പഷ്ടമാക്കണം. ബ്രോഹ് ചെയ്യുന്നത് അതു തന്നെയാണ്. പ്രായം കൂടിയ ഒരു ഡോക്ടറുടെ ജേണലുകളിലൂടെ ഒരു ഗ്രാമീണ ജനതയുടെ ചിത്തവൃത്തിപരങ്ങളായ പോരാട്ടങ്ങൾ മുഴുവനും അദ്ദേഹം ചിത്രീകരിക്കുന്നു. ശരി. അപ്പോഴും നമ്മൾ ആദ്യത്തേതിലേക്കു തന്നെ തിരിച്ചു വരികയാണ്. ജനക്കൂട്ടത്തിന്റെ മനഃശാസ്ത്രത്തിന് അനിയത സ്വഭാവം വരാൻ ഹേതുവെന്ത്? തെറ്റായ ഒരു ആശയത്തിന്റെ ഊർജ്ജം കൊണ്ട് രാഷ്ട്രത്തിനു പരിവർത്തനം വരുത്താമെന്ന് ഫാസിസ്റ്റുകൾ തെറ്റിദ്ധരിച്ച ആ ഉന്മാദനം ജനക്കൂട്ടത്തിന്റെ ഉന്മാദമായി മാറി. ജൂതന്മാർക്കെതിരായുള്ള നാത്സി പ്രവർത്തനങ്ങൾ കണ്ട ബ്രോഹ് പലപ്പോഴും ഞെട്ടിച്ചിരുന്നുവെന്ന് ഞാൻ അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ കണ്ടിട്ടുണ്ട്. ആ വമനപ്രക്രിയയെ സംശോധിത രൂപത്തിലാക്കിയതാണ് ഈ കലാസൃഷ്ടി.

അഗ്നി സദൃശങ്ങളായ കലാസൃഷ്ടികൾ



ഇല്യസ് കനേറ്റി

ഏതു പട്ടണത്തിൽ താമസിച്ചാലും അവിടെയുള്ള എല്ലാ പുസ്തകക്കടകളിലും സായാഹ്ന വേളകളിൽ കയറി നോക്കുന്ന സ്വഭാവമുണ്ട് ഇതെഴുതുന്നയാളിന്. അതുകൊണ്ട് സ്ഥലമെവിടെ, പുസ്തകക്കടയേത് എന്നു ഉറപ്പിച്ചു പറയാൻ വയ്യ. ഒരിടത്തു കയറി പുതിയ പുസ്തകങ്ങൾ നോക്കിയപ്പോൾ ഔട്ടോ ദ ഫേ (Auto Da Fe) എന്ന വിചിത്രമായ പേരോടു കൂടിയ ഒരു നോവൽ കണ്ടു. ഗ്രന്ഥകാരൻ ഇലീയസ് കനേറ്റി (Elias Canetti). ജർമ്മൻ ഭാഷയിൽ നിന്നുള്ള തർജ്ജമ. വാങ്ങിക്കത്തക്ക മേന്മ കാണില്ലെന്നു കരുതി അടുത്ത പുസ്തകത്തിലേക്കു കണ്ണോടിക്കാൻ ഭാവിച്ചപ്പോഴാണ് ഞാൻ ആദരിക്കുന്ന ഇംഗ്ലീഷ് നോവലെഴുത്തുകാരി ഐറിസ് മർഡോക്കിന്റെ (Iris Murdoch) ഈ വാക്യങ്ങൾ എന്റെ ശ്രദ്ധയിൽ വന്നു വീണത്. Savage, Subtle, beautifully mysterious one of the few great novels of the century. പിന്നീടൊട്ടും വൈകിയില്ല. നോവൽ വാങ്ങിക്കൊണ്ട് താമസ സ്ഥലത്തേക്കു പോകുന്നു. ഉറക്കമിളച്ചിരുന്നു വായിച്ചു. രണ്ടു ദിവസം കൊണ്ടു അതു വായിച്ചു തീർത്തു. ഐറിസ് മർഡോക്കിന്റെ അഭിപ്രായം പ്രത്യക്ഷരം ശരിയാണെന്നു മാത്രമല്ല നോബൽ സമ്മാനത്തിനു പോലും ആ നോവൽ അർഹമാണെന്നു എനിക്കു തോന്നുകയും ചെയ്തു. വർഷങ്ങൾ പലതും കടന്നു പോയി. 1981 ഒക്ടോബറിലൊ നവംബറിലോ പത്രത്തിൽ വാർത്ത വന്നു. ഇലീസ് കനേറ്റിക്കു നോബൽ സമ്മാനം എന്ന്. പത്രക്കാർ പലരും ടെലിഫോണിൽ വിളിച്ചു ചോദിച്ചു. ആരാണ് അദ്ദേഹമെന്ന്; പല പണ്ഡിതന്മാരും പ്രഫെസർമാരോടും ചോദിച്ചിട്ടും അങ്ങനെയൊരാളെ അറിഞ്ഞുകൂടെന്ന് അറിയിച്ചെന്ന്. സന്തോഷത്തോടെ എനിക്കറിയാവുന്നത് ഞാൻ പത്രമാപ്പീസുകാർക്കു പറഞ്ഞുകൊടുത്തു. പിന്നീട് കനേറ്റിയുടെ പുസ്തകങ്ങൾക്കു വേണ്ടി ഞാൻ “പരക്കം പാഞ്ഞു”. ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തവയെല്ലാം കിട്ടുകയും ചെയ്തു. ഇന്ന് അദ്ദേഹത്തിന്റെ ആത്മകഥയുടെ രണ്ടാം ഭാഗമായ The Torch In My Year വായിച്ചു തീർത്തു. അതിന്റെ ലഹരിയിലിരുന്നു കൊണ്ടാണ് ഈ വരികൾ കുറിക്കുന്നത്.

കനേറ്റിയുടെ ഔട്ടോ ദ ഫേ അസാധാരണമായ നോവലാണ്. സൈനൊലജിസ്റ്റായ (sinologist—ചൈനയിലെ സാഹിത്യം, സംസ്കാരം, ആചാരങ്ങൾ ഇവയിൽ അവഗാഹമുള്ളയാൾ) പ്രഫെസർ കീൻ 25,000 പുസ്തകങ്ങളുടെ ഉടമസ്ഥനാണ്. ആ ഗ്രന്ഥസമൂഹത്തിന്റെ മദ്ധ്യത്തിലാണ് അദ്ദേഹത്തിന്റെ ഇരിപ്പ്. അവയിൽ പൊടി പറ്റുന്നതു പോലും കീനിന് ഇഷ്ടമില്ല. അവ വായിച്ച് മനസ്സിനു ഉന്നമനം വരുത്തിയിരുന്ന അദ്ദേഹത്തിനു അധഃപതനം ഉണ്ടാകുന്നത് ആ ഗ്രന്ഥങ്ങൾ കേടു കൂടാതെ സൂക്ഷിക്കുന്നതിന് ഒരു സ്ത്രീയെ നിയമിക്കുമ്പോഴാണ്. പരിചാരികയായി വന്ന ആ ഭയങ്കരി അദ്ദേഹത്തിന്റെ ഭാര്യയായി മാറി. അവളെ സഹായിക്കാനും അങ്ങനെ പ്രഫെസറെ നശിപ്പിക്കുവാനുമായി വേറെ രണ്ടുപേർ കൂടി എത്തുന്നു. ഒരാൾ നാത്സിസത്തിന്റെ പ്രതീകം. മൂന്നുപേരും കീനിനെ ശാരീരികമായും മാനസികമായും തകർക്കുന്നു. തകർച്ച സമ്പൂർണ്ണമായപ്പോൾ ഹാളിൽ സ്വന്തം പുസ്തകങ്ങൾ വാരി വലിച്ചു കൂട്ടി. ഏണി ചാരി ഷെൽഫിൽ നിന്നു പുസ്തകങ്ങൾ വലിച്ചിട്ടു. കാർപെറ്റിൽ തീ പിടിപ്പിച്ചു. ഏണിയുടെ ആറാമത്തെ പടിയിൽ കയറി നിന്നു താഴോട്ടു നോക്കി അഗ്നി വരാൻ കാത്തുനിന്നു. തീ അദ്ദേഹത്തെ സ്പർശിച്ചു. അദ്ദേഹം ഉറക്കെയുറക്കെ ചിരിച്ചു. ജീവിതത്തിൽ ഒരിക്കലും ചിരിച്ചിട്ടില്ലാത്ത മട്ടിൽ ഉറക്കെയുള്ള ചിരി. സമ്പന്നമായ മാനസിന് ക്രൂരമായ മനസ്സും അതിനെക്കാൾ ക്രൂരമായ നാത്സികവും നശിപ്പിക്കുന്ന ഭയജനകമായ കഥയാണ് ഔട്ടോ ദ ഫേയിലുള്ളത്. മൂന്നു ഭാഗമായി നോവലിനെ വിഭജിച്ച് ഓരോന്നിനും ഓരോ പേരിട്ടിരിക്കുന്നു കനേറ്റി. 1. A head without a world—ലോകമില്ലാത്ത ശിരസ്സ്. കീനിനു ഗ്രന്ഥങ്ങളിൽ മാത്രമേ താല്പര്യമുള്ളൂ. 2) Headless world—ശിരസ്സില്ലാത്ത ലോകം. പരിചാരികയും അവളുടെ അനുചരനും ക്രൂരതയുടെ ലോകം സൃഷ്ടിച്ച് അദ്ദേഹത്തിന്റെ ബുദ്ധിയെ തകർക്കുന്നു. 3) The world in the head—ശിരസ്സിനകത്ത് ലോകം. തകർന്ന മനുഷ്യന് ആത്മഹത്യ എന്ന പ്രപഞ്ചം മാത്രമേ ശിരസ്സിനകത്തുള്ളൂ.

ആത്മകഥയുടെ രണ്ടാം ഭാഗത്തിൽ കനേറ്റി പറയുന്നു. Humans Comedy of Madmen എന്ന പേരിൽ എട്ടു നോവലുകളെഴുതാൻ അദ്ദേഹം തീരുമാനിച്ചിരുന്നുവെന്ന്. ഓരോ നോവലിനും മാനസിക ഭ്രംശമുള്ള ഒരോ പ്രധാന കഥാപാത്രം. നമ്മുടെ ദൗർഭാഗ്യം കൊണ്ട് ഒരു നോവലേ നമുക്കു കിട്ടിയുള്ളൂ. നോവലിന്റെ സ്വഭാവത്തെ സ്പഷ്ടമാക്കികൊണ്ട് ആത്മകഥ അവസാനിക്കുന്നത് ഇങ്ങനെ:

“In autumn 1931, Kant set fire to his library and burned up with his books. His death affected me as deeply as if I had gone through it myself. This work launched my own insight and experience. For several years, the manuscript, lying untouched in my room, bore the title ‘Kant catches fire’. The pain of this title was hard to endure: When I reluctantly decided to change it, I was unable to separate from fire completely. Kant became Kien (German for resinous Pinewood); the ignitability of the world, a threat I felt, was maintained in the name of the chief character.

ലോകത്തിന്റെ ജ്വലനീയത അതിനെ സൂചിപ്പിക്കാനാണ്—ഭവിഷ്യസൂചകമാക്കാനാണ്—കനേറ്റി ഈ നോവലെഴുതിയത്. ഇന്നത്തെ നമ്മുടെ അവസ്ഥ 1935-ൽ രചിക്കപ്പെട്ട ഈ നോവലിൽ പ്രതിഫലിക്കുന്നു. അതിനാലാണ് ഇതിനെ Prophetic നോവലായി—ഭാവികഥനം നിർവഹിക്കുന്ന നോവലായി—അന്നേ നിരൂപകർ കൊണ്ടാടിയത്.

‘ഔട്ടോ ദ ഫെ’യിൽ അഗ്നിവ്യക്തിഗതവും സാമൂഹികവുമായ ശക്തിവിശേഷമാണ്. ആ ശക്തിവിശേഷം സമകാലില രാഷ്ട്രവ്യവഹാരത്തിലും സമുദായത്തിലും എങ്ങനെ ജ്വലനീയതയോടെ വർത്തിക്കുന്നു എന്നു വ്യക്തമാക്കിത്തരുന്ന വിസ്മയാവഹമായ ഗ്രന്ഥമാണ് കനേറ്റിയുടെ Crowds and Power. അഗ്നി വ്യാപിക്കുന്നു. പടർന്നു പിടിക്കുന്ന അത് ഒരിക്കലും സംതൃപ്തമാകുന്നില്ല. കാട്ടുകളെയും പുൽമേട്ടുകളെയും നഗരങ്ങളെയും അതു നിമിഷം കൊണ്ടു നശിപ്പിക്കുന്നു. അഗ്നിയുണ്ടാകുന്നതുവരെ മരം മരമായി നിന്നു. വീട് വീടായും. പക്ഷേ, വ്യത്യസ്ത സ്വഭാവമാർന്നു നില്ക്കുന്ന ഇവയെ അഗ്നി ഒന്നാക്കി മാറ്റുന്നു. ഇതു തന്നെയാണ് ജനക്കൂട്ടത്തിന്റെയും സ്വഭാവം. ഏതു രാജ്യത്തുമാകട്ടെ. ജനക്കൂട്ടം ഒരേ രീതിയിലാണ്. അക്രമാസക്തമായി അതു പടരുന്നു. വളരാനാണ് അതിനു കൗതുകം. ആർക്ക് അതിനെ നിയന്ത്രിക്കാനാവും? വൃക്ഷങ്ങളെ എരിച്ചു കളയുന്ന അഗ്നിയെ അടുപ്പിലൊതുക്കാം. മരങ്ങളിൽ നിന്നു തീപ്പട്ടിക്കോലുകൾ ഉണ്ടാക്കി അവയുടെ അറ്റത്ത് ജ്വലനീയതയെ രാസവസ്തുവിന്റെ മൊട്ടിലൊതുക്കി മനുഷ്യർ കീശയിലിട്ടു കൊണ്ടു നടക്കുന്നു. ഒരു കോല് ഉരച്ചു തീയുണ്ടാക്കാം. എല്ലാക്കോലുകളും ഒരുമിച്ചു കത്തിക്കാം. അപ്പോൾ അഗ്നിക്കു വൈപുല്യം കൂടും. കാട്ടുതീ തന്നെ അതുകൊണ്ടുണ്ടാക്കാം. വ്യക്തികൾ ജനക്കൂട്ടമായി മാറുമ്പോൾ ജ്വലനീയതയുണ്ടാകുന്നു. ഈ ജനക്കൂട്ടത്തിന്റെ ഉജ്ജ്വല പഠനമാണ് കനേറ്റിയുടെ ഗ്രന്ഥം. അതിന്റെ രണ്ടാം ഭാഗം അധികാരത്തെ കുറിച്ചുള്ള പഠനവും. അതിനെക്കുറിച്ചു കൂടി എഴുതാൻ ഇവിടെ സ്ഥലമില്ലല്ലോ. There is nothing that man fears more than the touch of the unknown—അജ്ഞാതമായതിന്റെ സ്പർശനത്തെക്കാൾ മനുഷ്യൻ പേടിക്കുന്നതായി വേറൊന്നുമില്ല—എന്നു ഗ്രന്ഥത്തിന്റെ തുടക്കം. അജ്ഞാതവും അജ്ഞേയവും ആയതിനെ ചിത്രീകരിച്ച് മനുഷ്യന്റെ പേടിയെ ഒഴിവാക്കി അവനെ ഉദാത്ത മണ്ഡലത്തിൽ എത്തിക്കുന്ന അനാദൃശ്യമായ ഗ്രന്ഥമാണിത്.

Crowds and power എന്ന പുസ്തകം എഴുതിക്കൊണ്ടിരുന്നപ്പോൾ അതിന്റെ സമ്മർദ്ദം ആപത്തു നിറഞ്ഞ മണ്ഡലങ്ങളിലേക്കു തന്നെ നയിക്കുമെന്നു കണ്ട് ‘സേഫ്റ്റി വാൽവ്’ എന്ന പോലെ സൂത്രസദൃശങ്ങളായ വാക്യങ്ങൾ—ചിന്താശകലങ്ങൾ—കനേറ്റി എഴുതുകയുണ്ടായി. അവയുടെ സമാഹാരമാണ് The Human Provinces എന്ന പുസ്തകം. ചില സൂക്തങ്ങൾ തർജ്ജമ ചെയ്തു് അവയിലെ ധൈഷണിക സ്ഫുലിംഗം കാണിച്ചു തരാനല്ലാതെ എനിക്കിവിടെ വേറൊന്നും ചെയ്യാനില്ല.

“മൃഗങ്ങളുടെ ആദിപാപം എന്താണ്? മൃഗങ്ങൾ എന്തുകൊണ്ട് വേദനിച്ചു മരിക്കുന്നു?”

“ഓരോ ഭാഷയ്ക്കും അതിന്റേതായ നിശബ്ദതയുണ്ട്.”

“പുസ്തകങ്ങളില്ലെങ്കിൽ ആഹ്ലാദം അഴുകും”

“സ്ത്രീയുടെ ശവം കാണുന്ന ഏതൊരാളിനും അവളോടു സ്നേഹം തോന്നണമെങ്കിൽ അവൾക്ക് എല്ലാവരെയും നോക്കി ചിരിക്കേണ്ടിയിരിക്കുന്നു; ഏറ്റവും വലിയ സങ്കീർണ്ണതകൾ ഉണ്ടാകുമ്പോൾ ചിരിക്കണം അവൾ; മരണശയ്യയിൽ കിടന്നു ചിരിക്കണം. ചിരിയോടു കൂടി മരിക്കണം. ശവപ്പെട്ടിയിൽ ഭൂമിക്കടിയിൽ കിടന്ന് അവൾ ചിരിക്കുന്നു.” ജീവിതത്തിന്റെ എല്ലാമണ്ഡലങ്ങളിലും കനേറ്റിയുടെ സൂക്തങ്ങളിൽ ഒതുങ്ങുന്നു. അഗ്നിയെ അടുപ്പിൽ ഒതുക്കുന്നതു പോലെയുള്ള കൃത്യമാണിത്.



കാറൽക്രൗസ്

നിരൂപകനായ കനേറ്റിയെ കാണണമെങ്കിൽ അദ്ദേഹത്തിന്റെ The conscience of words എന്ന പുസ്തകം വായിക്കണം. ഹെർമാൻ ബ്രോഹ് (Hermann Broch), കാറൽക്രൗസ് (Karl Kraus), ടോൾസ്റ്റോയി, ഗേഓർഗ ബ്യൂഹ്നർ (Georg Buchner) ഈ വിശ്വവിഖ്യാതരായ സാഹിത്യകാരന്മാരുടെ കൃതികളെക്കുറിച്ച് കനേറ്റി എഴുതിയ പ്രബന്ധങ്ങൾ വായിച്ചാൽ യൂറോപ്പിലെ ഉത്കൃഷ്ടനായ ധിഷണാശാലിയാണ് അദ്ദേഹമെന്നു നമുക്കു തോന്നും. പ്രാതിനിധ്യ—സ്വഭാവമുള്ള സാഹിത്യകാരൻ തന്റെ കാലയളവിലെ സവിശേഷതകൾ സംക്ഷേപിക്കണം. സാർവ്വലൗകികത രചനകളിൽ കൈവരുത്തണം, ഒന്നും ഒഴിവാക്കരുത്, ഒന്നും വിസ്മരിക്കരുത്, എഴുത്തുകാരൻ തന്റെ കാലത്തിനെതിരായി നില്ക്കുകയും വേണം. അതിന്റെ സവിശേഷതയാർന്ന ഗന്ധത്തിന് എതിരായി. അതിന്റെമുഖത്തിനെതിരായി അതിന്റെ നിയമത്തിനെതിരായി കലാകാരൻ നില്ക്കണം. അയാളുടെ എതിർപ്പ് സുശക്തമാവണം, രൂപമാർന്നതാവണം. മിണ്ടാതിരുന്നുകൂടാ അയാൾ. കുഞ്ഞിനെപ്പോലെ ചവിട്ടിയും നിലവിളിച്ചും ബഹളം കൂട്ടണം. ലോകത്തിന്റെ മുലപ്പാല്—ദയയാർന്ന മുലപ്പാല്—അതുപോലും അയാളുടെ എതിർപ്പെന്ന ദാഹത്തെ ശമിപ്പിക്കരുത്; അയാളെ ഉറക്കരുത്. ഈ തത്ത്വങ്ങളെ അവലംബിച്ചു കൊണ്ട് സാഹിത്യകാരന്മാരുടെ കൃതികളെ കനേറ്റി വിലയിരുത്തുന്നു. ആ പ്രബന്ധങ്ങളിലൂടെയുള്ള സഞ്ചാരം അനുപമമായ സഞ്ചാരമാണെന്നേ പറയാനാവൂ. അതുപോലെ നിസ്തുലമാണ് കനേറ്റിയുടെ Kafka's Other Trail എന്ന പ്രബന്ധത്തിലൂടെയുള്ള പര്യടനം. കൊച്ചു പുസ്തകമായി പ്രസാധനം ചെയ്ത ഈ നിരൂപണ പ്രബന്ധം പെൻഗ്വിൻ ക്ലാസ്സിക്കായ Letters to Felice—Franz Kafka എന്നതിലും ചേർത്തിട്ടുണ്ട്. കാഫ്ക കാമുകിക്ക് എഴുതിയ കത്തുകൾ പസ്കലിന്റെയും കീർക്കഗോറിന്റെയും ദസ്തെയെവ്സ്കിയുടെയും ആത്മനിവേദനങ്ങൾ പോലെ ഉദാത്തങ്ങളാണെന്നു കനേറ്റി കരുതുന്നു. യഥാർത്ഥ ജീവിതം പോലെ അവ അദ്ദേഹത്തിന്റെ ഹൃദയാന്തർഭാഗത്തേക്കു കടന്നു ചെന്നു. കണ്ട നിമിഷം തൊട്ട് ആ കത്തുകൾ അദ്ദേഹത്തിനു ഹൃദയ സമ്പന്നത നല്കി. കാഫ്കയുടെ പ്രശസ്തമായ Trial എന്ന നോവൽ പോലെ ഈ പ്രണയബന്ധവും രണ്ടാമത്തെ ട്രയൽ തന്നെയെന്ന് കനേറ്റി സ്ഥാപിക്കുന്നു. അതു മാത്രമല്ല, എഴുത്തുകളാകെ അപഗ്രഥിച്ച് അധികാരത്തിൽ നിന്നു ക്രമേണ പിന്മാറുന്ന കലാകാരനായ കാഫ്കയെ അദ്ദേഹം അവതരിപ്പിക്കുന്നു. അധികാരമില്ലാത്തത് ആര്? ചില മനുഷ്യരല്ല. നാക്കെടുക്കാൻ വയ്യാത്ത പ്രാണികളാണ്. അവയുടെ നിസ്സഹായവസ്ഥയെ കാഫ്ക ‘രൂപാന്തരപ്രാപ്തി’ എന്ന കഥയിലൂടെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഒരു ക്ലാർക്കാണല്ലോ പ്രാണിയായി മാറുക. അത് അവന്റെ അച്ഛൻ എറിഞ്ഞ ആപ്പ്ൾ കൊണ്ടു ക്ഷതം പറ്റി മരിക്കുന്നു. ആ പ്രാണി കാഫ്ക തന്നെ. കശാപ്പുകാരൻ കൊല്ലാൻ കൊണ്ടു വരുന്ന കാളയുടെ ദീനരോദനം കേൾക്കാൻ വയ്യാതെ കാഫ്ക വസ്ത്രങ്ങൾ, തലയിണ ഇവ കൊണ്ടു ചെവികൾ മൂടുന്നു. മിണ്ടാപ്രാണികളെ ഉപദ്രവിക്കുന്നതിൽപ്പോലും കാഫ്ക അധികാരത്തിൽ കുത്സിതത്വം കാണുന്നുവെന്നു കനേറ്റി പറയുന്നു.

ധിഷണയുടെ ഉജ്ജ്വലത കൊണ്ട് നമുക്കു അടുക്കാൻ വയ്യാത്ത വലിയ കലാകാരനാണ് കനേറ്റി. പക്ഷേ, അദ്ദേഹത്തിനും അധിത്യകയിൽ നിന്ന് ഉപത്യകയിലേക്കു വരാൻ കഴിയുമെന്നതിന് നിദർശകമാണ് Ear Witness എന്ന പുസ്തകം. മനുഷ്യന്റെ ദൗർബല്യങ്ങളെ ഓരോ ടൈപ്പുകളാക്കി മാറ്റി അദ്ദേഹം അവതരിപ്പിക്കുന്നു. എന്നെ അദ്ദേഹം വർഷങ്ങൾക്കു മുൻപ് കണ്ടിരുന്നു. നോക്കുക:

“The paper drunkard reads all books. no matter what, so long as they are hard. He is not content with books that are being talked about: They have to be rare and forgotten and hard to find… At seventeen, he looked the way he looks now at forty-seven. The more he reads, the more he stays the same.”

ബ്രഹ്റ്റിനെപ്പോലെ പുസ്തകങ്ങൾ ശേഖരിച്ച ആളല്ല കനേറ്റി. വളരെക്കുറച്ചു പുസ്തകങ്ങളെ അദ്ദേഹത്തിന്റെ വീട്ടിലുള്ളൂ. അങ്ങനെയുള്ള ഒരാൾ പുസ്തകപ്പുഴുക്കളെ നോക്കി ചിരിക്കുന്നു. ആ ചിരി ഹൃദ്യമാണ്. അല്ലെങ്കിൽ ഞാനിത് ഇവിടെ എടുത്തു ചേർക്കുമായിരുന്നില്ല.

ഇനി നമ്മൾ വരുന്നത് കനേറ്റിയുടെ മാസ്റ്റർപീസായി കരുതപ്പെടുന്ന ആത്മകഥയിലേക്കാണ്. The Tongue set Free എന്ന ഒന്നാമത്തെ ഭാഗം (ഇംഗ്ലീഷ് തർജ്ജമ) പാൻ ബുക്ക്സ് പ്രസാധനം ചെയ്തത് 1989-ലാണ്. രണ്ടാമത്തെ ഭാഗമായ The Torch In My Ear 1990-ലും മൂന്നാമത്തേതും അവസാനത്തേതുമായ ഭാഗം ജർമ്മൻ ഭാഷയിൽ എഴുതപ്പെട്ടിരിക്കണം. ഇംഗ്ലീഷ് തർജ്ജമ ലഭിക്കാറായിട്ടില്ല.

കനേറ്റിയുടെ ആദ്യത്തെ ഓർമ്മ ചുവപ്പിൽ മുങ്ങിയതാണ്. പരിചാരികയുടെ കൈയ്യിൽ പിടിച്ചു ബാലനായ കനേറ്റി വാതിലിനു പുറത്തേക്കു വന്നു. മുൻവശത്തുള്ള തറ ചുവപ്പ്. മറ്റൊരു വാതിൽ തുറന്നു ഒരു യുവാവ് ആ ബാലന്റെ അടുത്തേക്കു വന്നു. “നിന്റെ നാക്കു കാണിക്ക്” എന്നു അയാൾ. കനേറ്റി നാക്കു കാണിച്ചു. വന്നയാൾ പേനാക്കത്തി തുറന്ന് അതിന്റെ കത്തി നാക്കിനോടു ചേർത്തു “ഈ നാക്കു ഞങ്ങൾ മുറിച്ചു കളയും”. അയാളും പരിചാരികയും തമ്മിലുള്ള ബന്ധം ബാലനായ കനേറ്റി കണ്ടു. അതു വെളിയിലാക്കിയാൽ നാക്ക് മുറിച്ചെടുക്കുമെന്നാണ് അയാൾ ഭീഷണിപ്പെടുത്തിയത്. അങ്ങനെ അനങ്ങാതായ നാക്ക് ക്രമേണ വിദ്യാഭ്യാസം കൊണ്ടും ലോക പരിചയം കൊണ്ടും സ്വതന്ത്രമായിത്തീർന്നതിനെ വർണ്ണിക്കുകയാണ് ആത്മകഥയുടെ പ്രഥമ ഭാഗം. രണ്ടാമത്തെ ഭാഗം 1920-കളിലെ വിയന്ന, ബർലിൻ നഗരങ്ങളുടെ ചിത്രങ്ങൾ പ്രദാനം ചെയ്യുന്നു. ബ്രഹ്റ്റും ഇസാക്ക് ബാബലും കാറൽ ക്രൌസും അതിൽ ഭീമാകാരന്മാരായി നടക്കുന്നു. അവരെയും അവരുടെ കൃതികളെയും കുറിച്ചുള്ള ധീരങ്ങളായ വിലയിരുത്തലുകൾ ഈ ആത്മകഥയെ ഉത്കൃഷ്ടതമമാക്കുന്നു. ക്ഷുദ്രസംഭവങ്ങൾക്കും പ്രാധാന്യമില്ലാതില്ല. കോടീശ്വരനായ ഒരുത്തൻ പിശുക്കനാണ്. അയാളുടെ ഹാറ്റ് തെണ്ടിയുടെ ഹാറ്റ് പോലെ. ഒരു ദിവസം അതു കൈയിൽ മലർത്തിപ്പിടിച്ചു കൊണ്ടുപോകുമ്പോൾ ആരോ ഒരാൾ അതിനകത്ത് ഒരു നാണയം ഇട്ടുകൊടുത്തു പോലും. ആ കോടീശ്വരൻ തന്നെ വാർദ്ധ്യക്യത്തിന്റെ ബുദ്ധിമാന്ദ്യത്താൽ കറൻസി നോട്ടുകൾ തീയിലേക്കു എറിഞ്ഞു കരിച്ചു കളഞ്ഞു. He was burning his money so as not to leave it to anyone; but enough was still left, the room was brimming with packets of banknotes. അഗ്നി കനേറ്റിയെ ‘ഹോൺട്’ ചെയ്യുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കൃതികളാകെ അഗ്നി സദൃശങ്ങളായത്. അവയുടെ തിളക്കം കണ്ണഞ്ചിപ്പിക്കുന്നു. ഈ കലാസൃഷ്ടികളിലേക്കു പ്രിയപ്പെട്ട വായനക്കാരുടെ ശ്രദ്ധ ക്ഷണിച്ചു കൊണ്ട് Paper Drunkard ആയ ഞാൻ മാറി നില്ക്കട്ടെ.

□

എം. കൃഷ്ണൻ നായർ




തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന് ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.


സാഹിത്യവാരഫലം

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്ന കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യവാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014